www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 27 | 2017 July 15 | ₹10

## മതേതരത്വത്തിന് കത്തി വെക്കുന്ന 'സെൻകഥകൾ'

# മരിച്ചുകിടക്കുന്ന മനുഷ്യരും ഉണർന്നിരിക്കുന്ന അന്ധവിശ്വാസങ്ങളും



വീണ്ടും ചർച്ചയാകുന്ന ലൗ ജിഹാദ്

സെൻകുമാറിന്റെ സെൻസില്ലാത്ത വെളിപാടുകൾ | മനുഷ്യൻ അല്ലാഹുവിന്റെ ഖലീഫയോ?

വർത്തമാനകാല പ്രതിസന്ധി: പുര കത്തുമ്പോൾ കഴുക്കോൽ വലിക്കുന്നവരോട്

WISDOM BOOKS

PUBLISHING ■ DISTRIBUTION

E.K.P. Building, Calicut
web:www.wisdomislam.org
E-mail: publication@wisdomilsam.org
9497714525,9846048393,9895185814

## പുതിയ പുസ്തകങ്ങൾ

**1 വിശ്വാസിയുടെ നമസ്കാരം**
ഫദ്‌ലുൽ ഹഖ് ഉമരി
പേജ് :126 । വില : 90

**2 ഇസ്‌ലാം നിർഭയത്വത്തിന്റെ മതം**
പി. എൻ. അബ്ദുറഹ്മാൻ
പേജ് :58 । വില : 40

**3 നമസ്കാരത്തിലെ പ്രാർഥനകളും പ്രകീർത്തനങ്ങളും അർഥസഹിതം**
ഡോ. ജലാലുൽ ഹഖ് സലഫി
പേജ് :54 । വില : 40

**4 റമദാൻ: നാം അറിയേണ്ടതും ചെയ്യേണ്ടതും**
അബ്ബാസ് ചെറുതുരുത്തി
പേജ് :48 । വില : 40

**5 ക്വുർആൻ പഠന ക്വിസ്**
ഡോ. പി. കെ. അബ്ദുറസാഖ് സുല്ലമി
പേജ് : 90 । വില : 70

**6 ലാ ഇലാഹ ഇല്ലല്ലാഹ്**
ഫദ്‌ലുൽ ഹഖ് ഉമരി
പേജ് :104 । വില : 90

**7 ഇസ്‌ലാം അടിസ്ഥാന തത്ത്വങ്ങൾ**
ഇമാം അഹ്മദ് (വിവ: മൂസ സ്വലാഹി കാര)
പേജ് :100 । വില : 90

**പ്രീ പബ്ലിക്കേഷൻ ആനുകൂല്യം**
**460 രൂപ വില വരുന്ന 7 പുസ്തകങ്ങൾ 350 രൂപക്ക്**

**സ്പെഷ്യൽ ഡിസ്കൗണ്ട്**
**2460 രൂപയുടെ പുസ്തകങ്ങൾ 2000 രൂപക്ക്**

നേർപഥം
വാരിക
0027 / 2017 ജൂലായ് 15 / 1438 ശവ്വാൽ 21 / പുസ്തകം 01 / ലക്കം 27



ടി.കെ. അശ്റഫ് / 10

# മരിച്ചുകിടക്കുന്ന മനുഷ്യരും ഉണർന്നിരിക്കുന്ന അന്ധവിശ്വാസങ്ങളും

**മുഖമൊഴി**
പലിശ എന്ന വിനാശം / 05
എഡിറ്റർ

**ക്വുർആൻ പാഠം**
വീണ്ടും ചർച്ചയാകുന്ന ലൗ ജിഹാദ് / 09
അബൂ അമീൻ

**ലേഖനങ്ങൾ**
മതേതരത്വത്തിന് കത്തി വെക്കുന്ന 'സെൻകഥകൾ' / 06
പി.വി.എ പ്രിംറോസ്

മൊബൈൽ ഫോണിൽ കുരുങ്ങുന്ന ജീവിതങ്ങൾ / 18
ദുൽക്കർഷാൻ. എ

**വിവർത്തനം**
സ്ത്രീ ഇസ്‌ലാമിന്റെ തണലിൽ / 14
ഡോ. അബ്ദുർറസ്സാക്വ് അൽബദർ

മനുഷ്യൻ അല്ലാഹുവിന്റെ ഖലീഫയോ? / 29
അബ്ദുർറഹ്മാൻ ഹസൻ ഹബന്നകതുൽ മീദാനി

**ചരിത്രപഥം**
ആദംനബി عليه السلام യുടെ പശ്ചാത്താപവും / 20
ഹുസൈൻ സലഫി, ഷാർജ

**കവിത**
അഹദവനല്ലാതെ വേറെയാര്? / 25
മൊയ്തു ഉളിക്കൽ

**ഫതാവാ**
ദഅ്വത്ത്: ചില സുപ്രധാന ഫത്വകൾ / 23
അബ്ദുൽ മലിക് അൽക്വാസിം

**വിമർശനം**
വർത്തമാനകാല പ്രതിസന്ധി / 26
ഹാഷിം കാക്കയങ്ങാട്

**നമുക്ക് ചുറ്റും**
സെൻകുമാറിന്റെ സെൻസില്ലാത്ത വെളിപാടുകൾ / 34
പി.എൻ. അബ്ദുല്ലത്വീഫ് മദനി

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു




# കേരളം മുസ്‌ലിം നവോത്ഥാനം: കണ്ണടച്ച് ഇരുട്ടാക്കുന്നവരോട്

കേരള മുസ്‌ലിം നവോത്ഥാനവുമായി ബന്ധപ്പെട്ട് സമസ്തക്കാർ ഇന്ന് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾക്ക് മറുപടിയായി മൂസ സ്വലാഹി എഴുതിയ ലേഖനം (ലക്കം 26) ശ്രദ്ധേയമായി.

എന്ത് കൊണ്ട് കേരളത്തിലെ മുസ്‌ലിംകൾക്ക് ഇന്ന് കാണപ്പെടുന്ന രൂപത്തിലുള്ള മാതൃകാപരമായ ഒരു മുന്നേറ്റം നടത്താൻ സാധിച്ചു? ആരാണ് ഈ മാറ്റങ്ങൾക്ക് വിത്തുപാകിയതും കഠിനാധ്വാനം നടത്തിയതും?

മാനവിക മൂല്യങ്ങൾ മൃതിയടഞ്ഞുപോയ, മൃഗതുല്യം ജീവിച്ച ഒരു സമൂഹത്തിൽ മാനവികതയുടെ പൊൻവെളിച്ചം വിതറിക്കൊണ്ട് അവരെ വിശോത്തര പൗരന്മാക്കി മാറ്റുവാൻ ആയിരത്തി നാനൂറിൽ പരം വർഷങ്ങൾക്ക് മുമ്പ് മുഹമ്മദ് നബിﷺക്ക് സാധിച്ചുവെന്നത് യാഥാർഥ്യമാണ്. അല്ലാഹുവിന്റെ വിശുദ്ധ ക്വുർആനായിരുന്നു അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന ആയുധം. അത് ഉപയോഗിച്ചാണ് അദ്ദേഹം ചരിത്രത്തിൽ തുല്യതയില്ലാത്ത പരിവർത്തനം വരുത്തിയത്.

മുസ്‌ലിം കേരളം അല്ലാഹുവിന്റെ വചനങ്ങളെ അവഗണിക്കുകയും പ്രവാചക ചര്യകളെ തള്ളിക്കളയുകയും മാലമൗലീദുകളിലും നൂതനാചാരങ്ങളിലും കടുത്ത അന്ധവിശ്വാസങ്ങളിലും കെട്ടിപ്പിണഞ്ഞുകിടക്കുന്ന അവസ്ഥയിലേക്ക് കൂപ്പുകുത്തിയ കാലഘട്ടത്തിൽ നിസ്വാർഥരായ ചില പണ്ഡിതന്മാർ അതിൽ മനംനൊന്ത് രംഗത്ത് വന്നു. അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ശിർക്കൻ പ്രവണതകളെയും സമൂഹത്തിൽനിന്ന് വിപാടനം ചെയ്യാൻ അവർ അഹോരാത്രം പണിയെടുത്തു. ക്വുർആനും തിരുസുന്നത്തുമായിരുന്നു അവരുടെയും കൈകളിലുള്ള ആയുധം. എന്നാൽ പൗരോഹിത്യം സടകുടഞ്ഞെണീറ്റു. നവോത്ഥാന പരിശ്രമങ്ങളെ തല്ലിത്തകർക്കാൻ അവർ ആകുന്നത്ര യത്നിച്ചു.

പെണ്ണ് എഴുത്ത് പഠിക്കാൻ പാടില്ല, ഇംഗ്ലീഷ് നരകത്തിലെ ഭാഷയാണ്; അതിനാൽ അത് പഠിക്കാൻ പാടില്ല, യതീംഖാനകൾ യതീമുകളെ വഞ്ചിക്കാനുള്ളതാണ്...ഇങ്ങനെ മുസ്‌ലിം സമുദായത്തെ മതപരമായും ഭൗതികമായും അധഃപതിപ്പിക്കുവാൻ പരിശ്രമിച്ചവരുടെ പിൻഗാമികളാണ് നവോത്ഥാനത്തിന്റെ പിതൃത്വമേറ്റെടുക്കുവാൻ ഇന്ന് മത്സരിക്കുന്നതും നവോത്ഥാനത്തിന് വിയർപ്പൊഴുക്കി പണിയെടുത്ത സലഫികളെ ആക്ഷേപിക്കുകയും ചെയ്യുന്നത് എന്ന് കാണുമ്പോൾ സഹതാപമാണ് തോന്നുന്നത്.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടുകയും അതോടൊപ്പം മുസ്‌ലിംകളുടെ പരിവർത്തനത്തിന് വേണ്ടി യത്നിക്കുകയും ചെയ്ത അനവധി നേതാക്കളുണ്ട്. വക്കം അബ്ദുൽ ഖാദർ മൗലവി, മക്തി തങ്ങൾ, കെ.എം മൗലവി, കെ.എം സീതി സാഹിബ്, എടവണ്ണ അലവി മൗലവി, പറപ്പൂർ അബ്ദുറഹ്മാൻ മുസ്‌ല്യാർ... ഇവരെയൊക്കെ വിസ്മരിക്കാൻ എങ്ങനെ കേരള മുസ്‌ലിംകൾക്ക് സാധിക്കും?

ഭൗതികമായും ധാർമികമായും അധഃപതിച്ചിരുന്ന സമുദായത്തിന് ഭൗതിക വിദ്യാഭ്യാസവും ധാർമിക വിദ്യാഭ്യാസവും നൽകുവാൻ അവർ ശ്രദ്ധിച്ചു. പള്ളിദർസുകളിൽ മാത്രം ഒതുങ്ങിയിരുന്ന മത വിദ്യാഭ്യാസ രീതിക്ക് മാറ്റം വരുത്തി മദ്‌റസാ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച വ്യക്തിയായിരുന്നു ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി. ബെഞ്ചും ഡെസ്‌കും ചോക്കും ബോർഡും ഉപയോഗിച്ച് അദ്ദേഹം കേരളത്തിൽ പുതിയ മതവിദ്യാഭ്യാസ രീതിക്ക് തുടക്കമിട്ടു.

കേരള മുസ്‌ലിംകളെ ഒരുമിപ്പിക്കുവാനാണ് 1921-ൽ കേരള മുസ്‌ലിം ഐക്യസംഘത്തിന് രൂപം നൽകുന്നത്. ഇതിന്റെ പ്രവർത്തനഫലമായി മുസ്‌ലിം സമുദായത്തിൽ ഉണ്ടാകുന്ന പരിവർത്തനങ്ങൾ തങ്ങളുടെ പൗരോഹിത്യത്തിന് തിരിച്ചടിയാകുമെന്നും ചൂഷണമാർഗം തടയപ്പെടുമെന്നും ഭയന്ന് തുടക്കത്തിൽ കൂടെയുണ്ടായിരുന്ന പലരും ഇതിൽ നിന്നും വേറിട്ട് നിൽക്കുകയും അവരുടെ പ്രവർത്തനങ്ങളെ അധിക്ഷേപിക്കുകയും ചെയ്തു.

മക്ബറകളിലും ഏലസ്സുകളിലും ശകുനം നോക്കലിലും ശിർക്കൻ മന്ത്രങ്ങളിലും ചികിത്സയിലും മാല മൗലിദുകളിലും കുത്താറാതീബുകളിലും സമുദായത്തെ തളച്ചിട്ട പൗരോഹിത്യത്തിന്റെ ചങ്ങലക്കെട്ടുകളെ പൊട്ടിച്ച് കേരള മുസ്‌ലിംകളെ അനാചാര, അന്ധവിശ്വാസങ്ങളിൽ നിന്നും മുക്തമാക്കി തൗഹീദീ ആദർശം പകർന്ന് നൽകുവാൻ ശ്രമിച്ച അനേകം പണ്ഡിതരന്മാരുണ്ട്.

എന്നിട്ടും ഇവർ പറയുന്നു മുജാഹിദുകൾ ഇസ്‌ലാമിനെ തളർത്താനാണ് ശ്രമിച്ചതെന്ന്! 'മുസ്‌ലിം സമൂഹം നേടിയ ഉണർവുകൾ നോക്കി അവകാശവാദം ഉന്നയിക്കുമ്പോൾ കറുത്ത ഇന്നലെകൾ ഇവരെ വേട്ടയാടിക്കൊണ്ടിരിക്കുമെന്നതിൽ സംശയമില്ല' എന്ന സ്വലാഹിയുടെ വാക്കുകൾ അടിവരയിടേണ്ടതാണ്.

**-സി.എം അലീഫ് ഷാൻ, കൽപകഞ്ചേരി**

മുഖമൊഴി

# പലിശ എന്ന വിനാശം

പലിശ പുതിയൊരു ചൂഷണ മാർഗമല്ല. പണ്ടേ അതുണ്ട്. എന്നാൽ വർത്തമാന കാലലോകം പലിശയുടെ നീരാളിപ്പിടിത്തത്തിൽ ഞെരിഞ്ഞമർന്നുകൊണ്ടിരിക്കുകയാണ്. അതിഭീകരമായ ഒരു ഭീഷണിയാണതിന്ന്; വ്യക്തികൾക്കും രാജ്യങ്ങൾക്കുമെല്ലാം. അതിന്റെ കെണിയിൽ പെട്ടവർ അതിൽനിന്നും രക്ഷ നേടാൻ കഴിയാതെ കുടുങ്ങിക്കിടക്കുന്നു.

ഇസ്‌ലാം പലിശയെ നിഷിദ്ധമാക്കിയ മതമാണ്. വിനാശകരമായ ഏഴു മഹാപാപങ്ങളിൽ ഒന്നായി നബിﷺ പലിശയെ എണ്ണിയിട്ടുണ്ട്. ബുദ്ധിമുട്ടുന്നവന്റെ ദയനീയാവസ്ഥയെ ചൂഷണം ചെയ്ത് തടിച്ചുകൊഴുക്കുന്നവരാണ് പലിശക്കാർ.

'മുതൽ മുടക്കി ആദായം എടുക്കലാണ് പലിശ. അത് തെറ്റാണെങ്കിൽ കച്ചവടവും തെറ്റല്ലേ? അതും ആദായമെടുക്കൽ തന്നെയാണല്ലോ. എന്നിരിക്കെ പലിശവാങ്ങൽ തെറ്റും കച്ചവടം ചെയ്യൽ തെറ്റില്ലാത്തതുമാകുന്നതെങ്ങനെ?' എന്നൊക്കെയുള്ള ചോദ്യങ്ങൾ അന്നും ഇന്നും പലിശക്കാരിൽ നിന്ന് ഉയർന്നിട്ടുണ്ട്, ഉയരുന്നുണ്ട്. പലിശ വാങ്ങുക എന്ന അക്രമത്തിനു പുറമെ അതിനെ ന്യായീകരിക്കുക എന്ന അക്രമമാണീ ചോദ്യങ്ങൾ. എന്നാൽ അല്ലാഹു വ്യക്തമാക്കി:

"കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്."

പലിശ നിഷിദ്ധമാക്കിക്കൊണ്ടുള്ള കൽപന വരുന്നതിനു മുമ്പ് നടത്തിയിട്ടുള്ള പലിശയിടപാടുകളിൽ നിശ്ചയ പ്രകാരം ബാക്കി കിട്ടാനുള്ളതൊന്നും മേലിൽ വസൂലാക്കരുതെന്നും അത് മുഴുവൻ ഉപേക്ഷിക്കുക തന്നെ വേണമെന്നും ക്വുർആൻ കൽപിക്കുന്നു. ഇസ്‌ലാമിലേക്ക് കടന്നു വരുന്ന വ്യക്തികളും അന്നുവരെ പലിശവാങ്ങുന്നവരായിരുന്നുവെങ്കിൽ ശേഷം കിട്ടാനുള്ളത് വർജിക്കേണ്ടതാണ് എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാ ഹുവെ സൂക്ഷിക്കുകയും, പലിശവകയിൽ ബാക്കി കിട്ടാനുള്ളത് വിട്ടുകളയുകയും ചെയ്യേണ്ടതാണ്. നിങ്ങൾ (യഥാർഥ) വിശ്വാസികളാണെങ്കിൽ. നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിന്റെയും റസൂലിന്റെയും പക്ഷത്തു നിന്ന് (നിങ്ങൾക്കെതിരിലുള്ള) സമര പ്രഖ്യാപനത്തെപ്പറ്റി അറിഞ്ഞുകൊള്ളുക. നിങ്ങൾ പശ്ചാത്തപിച്ചു മടങ്ങുകയാണെങ്കിൽ നിങ്ങളുടെ മൂലധനം നിങ്ങൾക്കു തന്നെ കിട്ടുന്നതാണ്. നിങ്ങൾ അക്രമം ചെയ്യരുത്. നിങ്ങൾ അക്രമിക്കപ്പെടുകയും അരുത്"(2:278).

"സത്യവിശ്വാസികളേ, നിങ്ങൾ ഇരട്ടിയിരട്ടിയായി പലിശ തിന്നാതിരിക്കുകയും അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾ വിജയികളായേക്കാം"(3:130).

സുഖത്തോടും സംതൃപ്തിയോടുമുള്ള ജീവിതം, സമൂഹത്തിൽ മാന്യതയും അന്തസ്സും ഉണ്ടായിരിരിക്കുക, ജനങ്ങളുടെ സ്നേഹാദരവുകൾ ലഭിക്കുക മുതലായ കാര്യങ്ങളാക്കെ ധനം മൂലം ഇഹലോകത്തിൽ ലഭിക്കാനിടയുള്ള നേട്ടങ്ങളാണ്. പലിശക്കാർക്കാകട്ടെ ഇതൊന്നും ലഭിക്കാനിടയില്ല. ധനം വർധിക്കുന്തോറും പിശുക്കും ആർത്തിയും സമാധാനക്കുറവും വർധിക്കും. ഒപ്പം ജനങ്ങളുടെ വെറുപ്പും ശത്രുതയും കൂടിക്കൊണ്ടുമിരിക്കും. പരലോകത്തിലാകട്ടെ പലിശക്കാർക്ക് ആ ധനം കൊണ്ട് യാതൊരു ഉപകാരവും ലഭിക്കുകയില്ല. നല്ല കാര്യങ്ങളിൽ ചെലവഴിച്ചാലും അത് നിഷിദ്ധമായ സമ്പാദ്യം കൊണ്ടായതിനാൽ അതിന് പുണ്യം ലഭിക്കില്ല. നിഷിദ്ധമായ ധനം കൊണ്ട് ചെയ്യുന്ന കാര്യങ്ങൾ ദോഷകരമായി ഭവിക്കുകയും ചെയ്യും.

എന്നാൽ ധർമിഷ്ഠന്റെ ചെലഴിക്കൽ അല്ലാഹുവിങ്കൽ വമ്പിച്ച പ്രതിഫലം ലഭിക്കുന്ന ഒരു പുണ്യകർമമായിരിക്കും. അവന്റെ ധർമങ്ങളെ അല്ലാഹു വളർത്തി വലുതാക്കും. ധനം കുറഞ്ഞുപോയാലും ഉള്ളതിൽ സംതൃപ്തിയും സമാധാനവും അവനുണ്ടായിരിക്കും. ജനങ്ങൾക്കാകട്ടെ അയാളോട് സ്നേഹവും ബഹുമാനവും വർധിച്ചുകൊണ്ടേയിരിക്കുകയും ചെയ്യും.

ലേഖനം

പി.വി.എ പ്രിംറോസ്
anilprimrose@gmail.com



# മതേതരത്വത്തിന് കത്തി വെക്കുന്ന 'സെൻകഥകൾ'

**മു**ല്ലാക്കഥകൾ, ബുദ്ധ കഥകൾ, സൂഫീ കഥകൾ എന്നിവയയെല്ലാം പോലെ ഒരേ സമയം ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നവയാണ് സെൻകഥകൾ. നൈമിഷിക ചിരികൾക്കപ്പുറം അനന്തമായ ചിന്തകളാണ് ഇത്തരം കഥകളെല്ലാം മനുഷ്യജീവിതത്തിൽ ബാക്കിവെക്കുന്നതെങ്കിൽ വിഡ്ഢിത്തത്തിന്റെ ആധിക്യം കൊണ്ട് പൊട്ടിച്ചിരിക്കാനും സംഘി ബുദ്ധിയെ കുറിച്ച് ആഴത്തിൽ ചിന്തിപ്പിക്കാനുമുതകുന്നതാണ് കാക്കിക്കുപ്പായമഴിച്ചു വെച്ച് കാവിക്കളസം ധരിച്ച സെൻകുമാറിന്റെ നിറം പിടിപ്പിച്ച പുതിയ വർഗീയ കഥകൾ.

കേരളത്തിൽ ജനിക്കുന്ന നൂറിൽ 42 കുട്ടികൾ ജനസംഖ്യയിൽ 27 ശതമാനം മാത്രമുള്ള മുസ്‌ലിംകളുടേതാണെന്നും 54 ശതമാനം വരുന്ന ഹിന്ദുക്കളുടെ ജനന നിരക്ക് 48 ശതമാനത്തിൽ താഴെ മാത്രമേയുള്ളൂവെന്നും ഇത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നും 'സമകാലിക മലയാളം' വാരികയുടെ ഓൺലൈൻ പതിപ്പിലൂടെ ടി.പി സെൻകുമാർ ആരോപിച്ചിരിക്കുകയാണ്. ഇതിനെല്ലാം പുറമെ ലൗ ജിഹാദ് എന്ന പേരിൽ പ്രണയം നടിച്ച് ഇസ്‌ലാമിലേക്ക് വ്യാപകമായ രീതിയിൽ മതംമാറ്റം നടക്കുന്നുണ്ടെന്നും ഇത് തുടർന്നാൽ കേരളീയ ജനസംഖ്യയിൽ സമീപഭാവിയിൽ വരാവുന്ന മാറ്റം ആശങ്കാജനകമാണെന്നുമാണ് അദ്ദേഹം അഭിമുഖത്തിലും അതിന് നൽകിയ വിശദീകരണത്തിലും ആവർത്തിക്കുന്നത്.

ജൂതന്മാരെ നിഷ്‌കാസനം ചെയ്യാൻ ഹിറ്റ്‌ലർ ജർമൻ ജനതയെ ഭയപ്പെടുത്തിയതും ഫലസ്തീൻ കൈവശപ്പെടുത്താൻ ഇസ്രായേൽ ചെയ്തതുമെല്ലാം ഇത്തരം ഊതി വീർപ്പിച്ച കണക്കുകളായിരുന്നു എന്നതാണ് വാസ്തവം.

2011ലെ ജാതി സെൻസസ് പ്രകാരം കേരള ജനസംഖ്യയിൽ 1,60,27,412 പുരുഷൻമാരും 1,73,78,649 സ്ത്രീകളുമടക്കം 3,34,06,061 പേരടങ്ങിയ 1,82,82,492 പേർ ഹിന്ദുക്കളാണ്. 41,76,255 പുരുഷൻമാമാരും 46,97,217 സ്ത്രീകളുമടക്കം 88,73,472 വരുന്ന മുസ്‌ലിംകളാവട്ടെ വെറും 26.56% മാത്രമേ വരുന്നുള്ളൂ. മതംമാറ്റത്തിന്റെയും ലൗ ജിഹാദിന്റെയും ഇല്ലാക്കഥകൾ പറഞ്ഞ് ഈ അക്കപ്പെരുക്കങ്ങളിലൂടെ മതേതരമനസ്സുകളിൽ വർഗീയ വിഷം കുത്തിവെക്കുന്നത് ഏത് ഉന്നത സ്ഥാനീയനായാലും ന്യായീകരിക്കത്തക്കതല്ല.

ഡി.ജി.പി നിയമനത്തെ ചൊല്ലി നടന്ന വിവാദ സമയത്ത് സെൻകുമാറിന്റെ സംഘി ബന്ധത്തെ കുറിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ പരോക്ഷ പ്രയോഗങ്ങൾ ശരിയാണെന്ന് തെളിയിക്കുന്നതാണ് സെൻകുമാറിന്റെ വർഗീയ പരാമർശങ്ങളും ആർ.എസ്.എസ് യോഗങ്ങളിലെ അദ്ദേഹത്തിന്റെ സ്ഥിര സാന്നിധ്യവുമെല്ലാം അടയാളപ്പെടുത്തുന്നത്.

**ലൗ ജിഹാദ്: പഴകിപ്പുളിച്ച പ്രണയ കഥ**

പഠന-മനനങ്ങളെ ആധാരമാക്കി രാജ്യത്ത് നടന്ന് കൊണ്ടിരിക്കുന്ന മതം മാറ്റങ്ങളെ തടയിടാനായി, സംഘ്പരിവാർ തിരക്കഥയെഴുതി കൃസ്ത്യൻ സംഘടനകൾ ഓശാന പാടി വളരെ ആസൂത്രിതമായി തുടക്കം കുറിച്ച ഗൂഢാലോചനയുടെ ഫലമായാണ് 'ലൗ ജിഹാദ്' എന്ന സംഞ്ജ കേരളത്തിൽ ഉടലെടുത്തത്. എന്നാൽ അന്നത്തെ ഡി.ജി.പി ജേക്കബ് പുന്നൂസിന്റെ സത്യസന്ധമായ ഇടപെടലുകൾ കൊണ്ടും കോടതിയുടെ പക്വമായ സമീപനം കൊണ്ടും ഫയൽ ചുരുട്ടി മാളത്തിലൊളിച്ച അന്നത്തെ വർഗീയവാദികൾക്ക് തല പൊക്കാനുള്ള അവസരം നൽകുകയാണ് സെൻകുമാർ ഇപ്പോൾ ചെയ്തിരിക്കുന്നത്.

2009 സെപ്തംബറിലാണ് പ്രണയം നടിച്ച് മതംമാറ്റിയെന്നതിന് ഷെഹൻഷ, സിറാജുദ്ദീൻ എന്നിവർക്കെതിരെ ജസ്റ്റിസ് ശങ്കരന്റെ ബെഞ്ചിൽ കേസ് വരുന്നത്. പ്രസ്തുത വിഷയത്തിൽ നടക്കുന്ന സംഘടിതശ്രമങ്ങളെ കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കാനായി ഡിജിപിക്കും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനും കോടതി മൂന്നാഴ്ച സമയം നൽകി ഉത്തരവിട്ടു. ഒക്ടോബർ 22ന് ഡിജിപി നൽകിയ റിപ്പോർട്ടിൽ പരാമൃഷ്ട അജണ്ടയുള്ള ഒരു സംഘടനയും കേരളത്തിൽ പ്രവർത്തിക്കുന്നില്ലെന്നും ഈ രംഗത്ത് സംഘടിതമുന്നേറ്റങ്ങളൊന്നും നടക്കുന്നില്ലെന്നും അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി വ്യക്തമാക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത റിപ്പോർട്ട് കോടതി, സംശയത്തിന്റെ ആനുകൂല്യം നൽകി പഠിക്കാനും വീണ്ടും അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാനും ആവശ്യപ്പെടുകയും, കോടതിയുടെ എട്ട് ചോദ്യങ്ങൾക്കടക്കം വിശദമായ മറുപടി നംവംബർ 9ന് ഡിജിപി രണ്ടാമത് നൽകുകയുമുണ്ടായി. ഇത് കൂടാതെ നേരത്തെ കോടതി ആവശ്യപ്പെട്ട പ്രകാരം ഡിസംബർ ഒന്നിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ റിപ്പോർട്ടും പുറത്തുവന്നു. കേരളത്തിലോ ഇതര സംസ്ഥാനങ്ങളിലോ ഇത്തരത്തിലുള്ള ഒരൊറ്റ കേസും നിലനിൽക്കുന്നില്ല എന്നതായിരുന്നു കേന്ദ്രറിപ്പോർട്ടിന്റെയും സംക്ഷിപ്തം.

**മുല്ലാക്കഥകൾ, ബുദ്ധ കഥകൾ, സൂഫീ കഥകൾ എന്നിവയയെല്ലാം പോലെഒരേ സമയം ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നവയാണ് സെൻ കഥകൾ. നൈമിഷിക ചിരികൾക്കപ്പുറം അനന്തമായ ചിന്തകളാണ് ഇത്തരം കഥകളെല്ലാം മനുഷ്യ ജീവിതത്തിൽ ബാക്കിവെക്കുന്നതെങ്കിൽ വിഡ്ഢിത്തത്തിന്റെ ആധിക്യം കൊണ്ട് പൊട്ടിച്ചിരിക്കാനും സംഘി ബുദ്ധിയെ കുറിച്ച് ആഴത്തിൽ ചിന്തിപ്പിക്കാനുമുതകുന്നതാണ് കാക്കിക്കുപ്പായമഴിച്ചുവെച്ച് കാവിക്കളസം ധരിച്ച സെൻകുമാറിന്റെ പുതിയ നിറം പിടിപ്പിച്ച വർഗീയ കഥകൾ.**

എന്നാൽ ഈ റിപ്പോർട്ടുകളെല്ലാം നിലനിൽക്കെ, കേരളത്തിൽ നാലായിരം പേർ പ്രണയത്തിന്റെ പേരിൽ മതംമാറിയിട്ടുണ്ടെന്നും അതിൽ 2800 കേസുകളിൽ പെൺകുട്ടികളെയാണ് മതംമാറ്റിയതെന്നുമുള്ള ജസ്റ്റിസ് ശങ്കരന്റെ കോടതി പരാമർശം വിവാദമായി. എന്നാൽ, ഹൈക്കോടതി ജസ്റ്റിസ് ശശിധരൻ നമ്പ്യാർ മുൻ കോടതിവിധി സ്റ്റേ ചെയ്യുകയും കേസിലെ തുടർനടപടികൾ അവസാനിപ്പിക്കുകയും ചെയ്തതോടെയാണ് പ്രണയ മതംമാറ്റവുമായി ബന്ധപ്പെട്ട് ജുഡീഷ്യറിയുടെ ഭാഗത്തു നിന്നുള്ള ഇടപെടലുകൾക്ക് വിരാമമായത്.

പ്രണയ മതംമാറ്റവുമായി ബന്ധപ്പെട്ട കേസുകൾ കോടതിയിലെത്തി കൃത്യം ഒരു മാസത്തിനകം തന്നെ കാത്തോലിക് ബിഷപ്പ് കൗൺസിലിന്റെ സോഷ്യൽ ഹാർമണി ആന്റ് വിജിലൻസ് കമ്മീഷൻ സെക്രട്ടറി ഫാദർ ജോണി കൊച്ചുപറമ്പിലിന്റേതായി 'പ്രണയമത തീവ്രവാദം; മാതാപിതാക്കൾ ജാഗരൂഗരാകണം' എന്ന തലക്കെട്ടിൽ ഒരു ജാഗ്രതാ നോട്ടീസ് പുറത്തിറങ്ങി. 2005 മുതൽ കേരളത്തിൽ നാലായിരത്തിലേറെ പെൺകുട്ടികൾ പ്രണയത്തിൽ കുടുങ്ങി മതം മാറിയിട്ടുണ്ടെന്നും, മംഗലാപുരത്തെ ഒരു നഴ്സിംഗ് വിദ്യാർഥിനിയിലൂടെയാണ് ഇതിന് തുടക്കം കുറിച്ചതെന്നും, ഇങ്ങനെ മതം മാറുന്നവർക്കായി ബൈക്കും മൊബൈൽഫോണും മുതൽ പരീക്ഷാ ഫീസ് വരെ നൽകുന്നുണ്ടെന്നും, വിനോദയാത്രയുടെ പേരു പറഞ്ഞ് റിസോർട്ടുകളിൽ കൊണ്ടുപോയി പീഡിപ്പിച്ച് അശ്ലീല സിഡിയാക്കി ബ്ലാക്ക്മെയിൽ ചെയ്യുന്നുണ്ടെന്നും, അവസാനം പെൺവാണിഭക്കാർക്ക് കൈമാറിയോ യതീംഖാനയി

ലെ വേലക്കാരിയാക്കിയോ കയ്യൊഴിയുന്നുവെന്നും തുടങ്ങി പൈങ്കിളി നിലവാരത്തിലുള്ള കഥകളാണ് പ്രസ്തുത നോട്ടീസിലുള്ളത്. സംഘ്പരിവാർ ഒരു പടി കൂടി കടന്ന് പ്രണയത്തിലൂടെ മതം മാറിയ നാലായിരത്തോളം പേർ അതിർത്തി കടന്ന് പാക്കിസ്ഥാനിലേക്ക് പോയെന്നും അവിടെ തീവ്രവാദ ഗ്രൂപ്പുമായി ചേർന്ന് ഇന്ത്യക്കെതിരെ പ്രവർത്തിക്കാൻ തുടങ്ങിയിരിക്കുന്നുവെന്നും വരെ പറഞ്ഞുവെച്ചു. ഐസിസിൽ ചേരാൻ അഫ്ഗാനിലേക്ക് പോകാനാണ് ലൗ ജിഹാദ് നടത്തി മതം മാറുന്നതെന്നുള്ള സെൻകുമാറിന്റെ പരാമർശം പോലെ തന്നെ തമാശക്ക് വക നൽകുന്നവയായിരുന്നു അന്നത്തെ ആരോപണങ്ങളും.

തൊട്ടാൽ പൊട്ടുന്ന നിരവധി സംഭവവികാസങ്ങളിലൂടെ കേരളം കടന്നുപോയിക്കൊണ്ടിരിക്കുമ്പോഴും വളരെയധികം സമചിത്തതയോടെയും ക്രാന്തദർശിത്വത്തോടെയും പ്രതികരിച്ച പക്വതയുള്ള മത നേതാക്കന്മാരുടെ നടപടിയിൽ അരിശം പൂണ്ട വർഗീയശക്തികളുടെ ഗീർവാണങ്ങളായി മാത്രം ഒതുങ്ങിയിരുന്ന ഈ വിഷയം സമൂഹത്തിലെ മുഖ്യധാരാ മാധ്യമങ്ങൾക്കൂടി ഏറ്റുപിടിച്ചതിലൂടെയാണ് പൊതുസമൂഹം അന്ന് ഇത് ചർച്ചയാക്കുന്നത്. സംഘ്പരിവാർ സഹശയനക്കാരായ മാധ്യമങ്ങൾ മാത്രമല്ല, മലയാള സുപ്രഭാതത്തിന്റെ മൊത്തക്കുത്തകക്കാരും പത്രത്തറവാട്ടിലെ മുത്തശ്ശിമാരും വരെ ഇല്ലാത്ത പ്രണയ മതംമാറ്റത്തിന് വല്ലാത്ത തെളിവുകളുമായി തുടർലേഖനങ്ങളെഴുതിത്തുടങ്ങിയതോടെ കേരളം സ്തോഭജനകമായ അന്തരീക്ഷത്തിലേക്ക് നീങ്ങിപ്പോകുന്നു എന്ന പ്രതീതി കൈവന്നു; രാജ്യത്ത് മുസ്‌ലിംകൾ സംശയത്തോടെ വീക്ഷിക്കപ്പെടുന്ന സാഹചര്യം സംജാതമായി; ഒരുമിച്ച് കലാലയങ്ങളിൽ പോയിരുന്നവർക്കിടയിൽ പോലും സംശയത്തിന്റെ കരിമ്പുക കനത്തു. ഇസ്‌ലാമിൽ അഭയം കണ്ടെത്തിയ ഇതര മതസ്ഥരുടെ വീടുകളിലും സ്ഥാപനങ്ങളിലും റെയ്ഡുകൾ നടന്നു. പലരെ കുറിച്ചും ആനുകാലികങ്ങൾ കഥകൾ നെയ്തു. സത്യസന്ധമായി കാര്യങ്ങളെ സമീപിച്ച മാധ്യമങ്ങൾ അന്വേഷണോദ്യോഗസ്ഥരുടെ സംശയത്തിന്റെ കരിനിഴലിലായി. അന്നത്തെ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ വരെ പ്രണയ മതംമാറ്റ സംഘടിതശക്തികളുടെ വാർത്തകളെ ശരിവെച്ച് സംസാരിച്ചത് മുസ്‌ലിം സമുദായത്തെ ആകമാനം അരക്ഷിതാവസ്ഥയിലാക്കി. കോഴിക്കോട്ടെ തർബിയത്തുൽ




ഇസ്‌ലാം സഭയിലേക്കും പൊന്നാനിയിലെ മഊനത്തുൽ ഉലൂമിലേക്കും ഹിന്ദുതീവ്രവാദികൾ മാർച്ചുകൾ നടത്തി. ഇത്തരം മുസ്‌ലിം സ്ഥാപനങ്ങളുടെയും സ്ഥാപനാധികാരികളുടെയും ദേശക്കൂറ് ചോദ്യം ചെയ്യപ്പെട്ടു.

ഡി.ജി.പിയുടെയും കോടതിയുടെയും കൃത്യമായ ഇടപെടൽ മൂലം അന്ന് സത്യസന്ധമായ തീർപ്പ് വരികയും മലയാളികളുടെ മതേതരമനസ്സ് കൂടുതൽ ദൃഢമാവുകയും ചെയ്തു. അത്തരം സാഹചര്യങ്ങളെ ഇല്ലാതാക്കി കേരളത്തെ കലാപകലുഷിതമാക്കി മാറ്റാനുള്ള സംഘ്പരിവാർ ശക്തികളുടെ ബോധപൂർവമായ ശ്രമങ്ങൾക്ക് വളം വെക്കുന്ന അനേകം ആസൂത്രിത പ്രവർത്തനങ്ങളിൽ ഏറ്റവും പുതിയതാണ് സെൻകുമാറിന്റെ പുതിയ വിഷലിപ്ത വചനങ്ങൾ. വ്യക്തമായ തെളിവുകളുള്ള വിഷയമാണെങ്കിൽ സർവീസിലിരിക്കെ അത്തരക്കാർക്കെതിരെ നടപടിയെടുക്കുകയായിരുന്നു അദ്ദേഹം ചെയ്യേണ്ടിയിരുന്നത്. അല്ലാത്തപക്ഷം സർക്കാർ ജീവനക്കാരനായിരുന്ന സമയത്ത് തന്റെ ജോലിയിൽ കൃത്യവിലോപം നടത്തിയതിന് ഉത്തരം പറയാൻ ബാധ്യസ്ഥനാണദ്ദേഹം.

ബാലിശമായ ഇത്തരം ജൽപനങ്ങളെ സമൂഹം വിശ്വസിച്ചുകളയുമെന്ന അതിമോഹമൊന്നും ഇത് പ്രചരിപ്പിച്ചവർക്കുണ്ടായിക്കൊള്ളണമെന്നില്ല. ഇസ്‌ലാമിനെക്കുറിച്ച് പഠിച്ചുതുടങ്ങുന്ന വിദ്യാർഥികളുടെ മാതാപിതാക്കളിൽ അനാവശ്യഭീതി വളർത്താനും സമൂഹത്തിൽ ഛിദ്രത വളർത്താനും അതുവഴി ഭൂരിപക്ഷ വർഗീയതയെ പ്രോജ്വലിപ്പിച്ച് നിർത്തി മതേതരവോട്ടുകളെ ഭിന്നിപ്പിച്ച് ഹിന്ദുത്വ വോട്ടുകൾ ഏകീകരിച്ച് ഭരണം പിടിച്ചെടുക്കാനാണ് സംഘ്പരിവാർ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. സർവീസാനന്തര 'സേവനങ്ങളിൽ' കണ്ണുംനട്ട് അത്തരക്കാരുടെ വീൺവാക്കുകൾ വിശ്വസിച്ചാൽ അതിന് മതേതരസമൂഹം നൽകേണ്ടി വരുന്ന വില സാമ്പത്തികശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദമുള്ളവന്റെ ലാഭ-നഷ്ടക്കണക്കിന്റെ കള്ളിയിൽ കൊള്ളിക്കാൻ കഴിയുന്നതിനുമപ്പുറമായിരിക്കുമെന്ന് ചിന്തിച്ചാൽ നന്നാവും. ●

അബൂ അമീൻ
mail@nerpatham.com

ക്വുർആൻ പാഠം

# വീണ്ടും ചർച്ചയാകുന്ന ലൗ ജിഹാദ്

**'മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സൻമാർഗം ദുർമാർഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു. ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപോകുകയേ ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" – ക്വുർആൻ 2:256.**

മതപരിവർത്തനത്തിന് പ്രേമമെന്ന പുതിയൊരു മാർഗം കൂടി പരീക്ഷിക്കപ്പെടുന്നതായി വർഗീയമായി മാത്രം ചിന്തിക്കുന്ന ചിലർ ആരോപിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. ഇപ്പോഴും അത് പേജിലും സ്റ്റേജിലുമായി അവർ ആരോപിച്ചുകൊണ്ടേയിരിക്കുകയാണ്. അത് അടിസ്ഥാനരഹിതമായ ആരോപണമാണെന്ന് ബോധ്യപ്പെട്ട കാര്യമവുമാണ്. ഇതിനിടയിലാണ് എരിതീയിൽ എണ്ണയൊഴിക്കുംവിധം 'ലൗ ജിഹാദ്' നടക്കുന്നുണ്ടെന്ന് ഈയിടെ ജോലിയിൽനിന്ന് വിരമിച്ച ഒരു ഉന്നത പോലീസുദ്യോഗസ്ഥൻ പറഞ്ഞിരിക്കുന്നത്.

പ്രേമത്തിന് മതവും ജാതിയും ഭാഷയും ദേശവുമൊന്നും തടസ്സമാവാറില്ല എന്നതാണ് വാസ്തവം. ഹാദിയ സംഭവത്തിന് ശേഷം നമ്മുടെ നാട്ടിൽ ഒന്നിലധികം മുസ്‌ലിം പെൺകുട്ടികൾ അമുസ്‌ലിം യുവാക്കളുമായി പ്രണയിച്ച് വീട്ടുകാരെ അവഗണിച്ച് ഇറങ്ങിപ്പോയ സംഭവമുണ്ടായിട്ടുണ്ട്. അതൊക്കെ സ്വാഭാവികമായ പ്രണയത്തിന്റെ ലിസ്റ്റിൽ വരവുവെക്കപ്പെടുമ്പോൾ ഒരു അമുസ്‌ലിം സ്ത്രീ മുസ്‌ലിമുമായി പ്രണയിച്ച് വിവാഹം കഴിച്ചാൽ 'ലൗ ജിഹാദ്' എന്ന് പലരും ആക്രോശിക്കുകയായി!

മതപ്രബോധനത്തിനും മതംമാറ്റത്തിനും ഏത് മാർഗവും സ്വീകരിക്കുക എന്നത് ഇസ്‌ലാമികമല്ല. ലക്ഷ്യംപോലെ മാർഗവും നന്നാവണമെന്നതാണ് ഇസ്‌ലാമിന്റെ അധ്യാപനം. പ്രമാണങ്ങളിലൂടെ, തെളിവുകൾ നിരത്തിക്കൊണ്ടാണ് ഇസ്‌ലാം അതിന്റെ ആശയങ്ങൾ പ്രബോധിതസമൂഹത്തിനു മുമ്പിൽ സമർപ്പിക്കുന്നത്. വികാരങ്ങളെ ഇക്കിളിപ്പെടുത്തിക്കൊണ്ടോ വിശപ്പും രോഗാവസ്ഥയും ചൂഷണം ചെയ്ത് കൊണ്ടോ പ്രബോധിതരെ വിലയ്ക്കുവാങ്ങാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. മറിച്ച് ഉൾകാഴ്ചയോടെ പ്രമാണബദ്ധമായ പ്രബോധനവും ആശയ വിനിമയവുമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

"(നബിയേ,) പറയുക: ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോട് കൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ല തന്നെ"(12:108).

ഇസ്‌ലാമിലെ ദൈവവിശ്വാസവും പരലോകവിശ്വാസവും തുടങ്ങി ചെറുതും വലുതുമായ കാര്യങ്ങളൊക്കെയും തെളിവുകൾ നിരത്തിക്കൊണ്ട് തന്നെയാണ് ക്വുർആനും സുന്നത്തും (പ്രവാചകാധ്യാപനങ്ങളും) വിശദീകരിച്ചിട്ടുള്ളത്. ശക്തമായ തെളിവുകളുടെ അടിത്തറയിലായിരിക്കണം ഒരാളുടെ ആദർശം പടുത്തുയർത്തേണ്ടത്. അല്ലെങ്കിൽ അതിന് സ്ഥായീഭാവമുണ്ടാവുകയില്ല. അതിനാൽ തന്നെ വ്യവസ്ഥിതിയെക്കാൾ മനഃസ്ഥിതിയുടെ മാറ്റമാണ് ഇസ്‌ലാം ശ്രദ്ധിച്ചിട്ടുള്ളത്. അത് തെളിവുകളുടെ പിൻബലത്തോടെയുള്ള ആദർശബോധവൽക്കരണത്തിലൂടെയാണ് സാധിക്കുക. പട്ടിണിപ്പാവങ്ങൾക്ക് ഭക്ഷണം വാങ്ങിക്കൊടുത്തുകൊണ്ടോ രോഗികൾക്ക് മരുന്ന് വാങ്ങി നൽകിക്കൊണ്ടോ വിവാഹ പ്രായമെത്തിയ സ്ത്രീകളെ പ്രണയവലയിൽ കുടുക്കിക്കൊണ്ടോ അല്ല ഇസ്‌ലാം ലോകത്ത് വളരുന്നത്. സത്യവും അസത്യവും വേർതിരിച്ച് മനസ്സിലാക്കിക്കൊടുത്തുകൊണ്ട് സത്യത്തിലേക്ക് ജനങ്ങളെ ക്ഷണിക്കേണ്ട ബാധ്യത മാത്രമെ പ്രവാചകന്മാരെയും മത പ്രബോധകരെയും അല്ലാഹു ഏൽപിച്ചിട്ടുള്ളൂ. തെളിവുകൾ നിരത്തി ജനങ്ങളോട് സംവദിക്കുന്ന ദൈവികമതമായ ഇസ്‌ലാമിന് കോറം തികക്കാനായി ആളെ കൂട്ടേണ്ട ആവശ്യമില്ല.

അല്ലാഹു പറയുന്നു: "...(നബിയേ,) നിന്നെ നാം അവരുടെ മേൽ കാവൽക്കാരനായി അയച്ചിട്ടില്ല. നിന്റെ മേൽ പ്രബോധനബാധ്യത മാത്രമേയുള്ളൂ..." (42:48).

ടി.കെ.അശ്‌റഫ്
thorakkattilashraf@gmail.com

കവർ സ്റ്റോറി



# മരിച്ചുകിടക്കുന്ന മനുഷ്യരും ഉണർന്നിരിക്കുന്ന അന്ധവിശ്വാസങ്ങളും

വേദഗ്രന്ഥങ്ങൾ ഇറക്കപ്പെട്ടത് സത്യവും അസത്യവും വേർതിരിച്ചറിയാനാണ്. മനുഷ്യന്റെ കേവല ബുദ്ധി സത്യാസത്യവിവേചനത്തിന് പര്യാപ്തമല്ല. വിശ്വാസവും അന്ധവിശ്വാസവും വേർതിരിച്ചറിയാൻ സ്വന്തം ബുദ്ധി പരിമിതമായതുകൊണ്ടാണ് ഉയർന്ന വിദ്യാഭ്യാസത്തിലും ഉന്നതമായ സ്ഥാനമാനങ്ങളിലും വിരാജിക്കുന്നവർ പോലും വിവസ്ത്രരായ മനുഷ്യദൈവങ്ങളുടെ കാൽക്കീഴിൽ വീഴുന്നതും നഗ്നതയെ പൂജിക്കുന്നതും.സങ്കീർണമായ സാങ്കേതിക വിദ്യകളിലൂടെ പൂർത്തിയാക്കിയ ഉപഗ്രഹങ്ങൾ വിക്ഷേപിക്കുമ്പോൾ പോലും കാലദോഷം നോക്കി വിക്ഷേപണ തീയതികൾ മാറ്റിവെക്കുന്നതും ഇക്കാരണത്താലാണ്.

ഇസ്‌ലാമിക പ്രമാണങ്ങളെ അംഗീകരിക്കുന്നവരാണെന്ന് അവകാശപ്പെടുന്ന എല്ലാവർക്കും സത്യാസത്യവിവേചനത്തിന് സാധിച്ചു കൊള്ളണമെന്നില്ല. അല്ലാഹുവിനെ കുറിച്ച് ഭയമുള്ള മനസ്സുകൾക്ക് മാത്രമെ സത്യാസത്യവിവേചനത്തിന് സാധ്യമാകൂ. അല്ലാഹു പറയുന്നത് നോക്കൂ:

'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ച് ജീവിക്കുകയാണെങ്കിൽ നിങ്ങൾക്ക് സത്യവും അസത്യവും വിവേചിക്കാനുള്ള കഴിവ് അവ

നുണ്ടാക്കിത്തരികയും അവൻ നിങ്ങളുടെ തിന്മകൾ മായ്ച്ചു കളയുകയും നിങ്ങൾക്ക് പൊറുത്ത് തരികയും ചെയ്യുന്നതാണ്. അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാകുന്നു" (വി.ക്വു: 8:29).

സത്യവും അസത്യവും വിശ്വാസവും അന്ധവിശ്വാസവും വേർതിരിച്ചറിയാൻ മുസ്‌ലിം പേരിൽ അറിയപ്പെട്ടതുകൊണ്ട് മാത്രം സാധിക്കില്ല; സൂക്ഷ്മതയുള്ള ജീവിതം നയിക്കുക കൂടി വേണം. കേട്ടാൽ അത്ഭുതം തോന്നുന്നതും ഇസ്‌ലാമിനും മുസ്‌ലിംകൾക്കും അപമാനമുണ്ടാക്കുന്നതുമായ പല വിശ്വാസ ജീർണതകളും തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടുന്നത് പ്രമാണത്തിന്റെ സ്ഥാനത്ത് പുരോഹിതന്മാരെ പ്രതിഷ്ഠിച്ച ഒരു സമൂഹം ഇവിടെ നിലനിൽക്കുന്നതു കൊണ്ടാണ്.

മുക്കത്തിനടുത്ത് പിറന്നുവീണ കുഞ്ഞിന് കാളാംതോട് എന്ന പ്രദേശത്തുള്ള ഒരു തങ്ങളുടെ നിർദേശമനുസരിച്ച് മുലപ്പാൽ നിഷേധിച്ച സംഭവം അടുത്തകാലത്താണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. അഞ്ച് സമയത്തുള്ള ബാങ്ക് കൊടുത്ത ശേഷം മാത്രമെ മുലപ്പാൽ നൽകാൻ പാടൊള്ളൂവെന്നായിരുന്നുവത്രെ തങ്ങളുടെ നിർദേശം! വിവാദ തങ്ങളെ ഇതിന്റെ പേരിൽ റിമാന്റ് ചെയ്തിരുന്നു.

നാദാപുരത്ത് മന്ത്രവാദ ചികിത്സയുടെ ഭാഗമായി ഒരു സ്ത്രീ പൊള്ളലേറ്റ് മരിക്കാനിടയായതും ഈയിടെയാണ്. കരുനാഗപ്പള്ളിയിലും വയനാട്ടിലും സമാനമായ സംഭവങ്ങൾ ആവർത്തിച്ചതും ഈ കാലയളവിൽ തന്നെയാണ്.

ഇതിന്റെയെല്ലാം തുടർച്ചയായിട്ടാണ് 2017 ജൂലൈ 5ന് പെരിന്തൽമണ്ണക്കടുത്ത് മൂർക്കനാട് പഞ്ചായത്തിലെ കൊളത്തൂരിൽ നിന്ന് ഏവരെയും ഞെട്ടിക്കുന്ന സംഭവം ഉണ്ടായിരിക്കുന്നത്. കുടുംബനാഥൻ മരണപ്പെട്ട് മൂന്ന് മാസം കഴിഞ്ഞിട്ടും മൃതദേഹം മറവ് ചെയ്യാതെ റൂമിൽ സൂക്ഷിച്ചിരിക്കുന്നു! ഏതെങ്കിലും സമയത്ത് ജീവൻ തിരിച്ച് വരുമെന്ന വിശ്വാസത്തിലാണത്രെ മറവ് ചെയ്യാതെ വെച്ചിരിക്കുന്നത്. മാസങ്ങൾക്ക് മുമ്പ് തന്നെ കുടുംബങ്ങളുമായും പരിസരവാസികളുമായുള്ള ബന്ധം ഈ കുടുംബം വിഛേദിക്കുകയും ചെയതിട്ടുണ്ട്. ഉമ്മയും രണ്ട് പെൺകുട്ടികളും ഡിഗ്രിക്ക് പഠിക്കുന്ന ഒരാൺകുട്ടിയും വീട്ടിലുണ്ട്. മൃതദേഹത്തിനടുത്തിരുന്ന് ഇവർ ജീവൻ തിരിച്ച് വരാൻ പ്രാർഥിക്കുകയായിരുന്നുവെത്രെ.

ഏർവാടിയിലേക്കും അജ്മീറിലേക്കും നടത്തിയ സ്ഥിരമായ യാത്രക്ക് ശേഷമാണത്രെ ഈ കുടുംബത്തിൽ ഒറ്റപ്പെട്ട ജീവിതം നാട്ടുകാർ ദർശിച്ചത്. അഴുകിയ മൃതദേഹം റൂമിൽ സൂക്ഷിക്കുമ്പോൾ തന്നെ സാധാരണ പോലെ അടുക്കളയിൽ ഭക്ഷണം പാകം ചെയ്യുകയും കഴിക്കുകയുമെല്ലാം ചെയ്തിട്ടുമുണ്ട്. വീട്ടിലെത്തിയ ഒരു ബന്ധു അടഞ്ഞ് കിടക്കുന്ന വാതിലിൽ മുട്ടി വിളിച്ചിട്ടും യാതൊരു പ്രതികരണവും ഇല്ലാതെ വന്നപ്പോഴാണ് പോലീസിന്റെ സഹായത്തോടെ എത്തി വാതിൽ പൊളിച്ച് അകത്ത് കടക്കാനായത്. ദ്രവിച്ച മൃതദേഹത്തിന് സമീപം ഉമ്മയും മക്കളും മൗനമായി കുനിഞ്ഞ് നിൽക്കുന്ന ദൃശ്യമാണ് അവർ കണ്ടത്.

എന്തുകൊണ്ട് ഇങ്ങനെയൊക്കെ സംഭവിക്കുന്നുവെന്ന് പഠന വിധേയമാക്കേണ്ടതുണ്ട്. ഒരു സ്ത്രീ മാത്രമെ അവിടെ ഉണ്ടായിരുന്നുള്ളൂവെങ്കിൽ വല്ല മാനസിക രോഗത്തിന്റെ കാരണവും പറഞ്ഞ് തൽകാലം ചർച്ച അവസാനിപ്പിക്കാമായിരുന്നു. എന്നാൽ ഡിഗ്രിക്ക് പഠിക്കുന്ന യുവാവ് വരെയുള്ള കുടുംബത്തിൽ ഇങ്ങനെ സംഭവിച്ചതിന്റെ പിന്നിൽ ഏതോ മന്ത്രവാദിയുടെ പ്രേരണയുണ്ടെന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല. ഏർവാടി പോലുള്ള ആത്മീയ തട്ടിപ്പ് കേന്ദ്രങ്ങളിൽ നിത്യസന്ദർശകരായിരുന്നു ഈ കുടുംബമെന്ന് കൂടി ചേർത്ത് വായിക്കുമ്പോൾ ചിത്രം വ്യക്തമാണ്.

പൗരോഹിത്യത്തിന്റെ അപകടം ഇനിയും തിരിച്ചറിയാത്ത അനേകർ സമുദായത്തിലുണ്ട്. കൊളത്തൂർ സംഭവം അത്തരക്കാരുടെ കണ്ണ് തുറപ്പിക്കാൻ ഇടയാവണം. മതം എന്ന പേരിൽ എന്ത് അനുഷ്ഠിക്കണമെങ്കിലും പ്രമാണങ്ങളുടെ പിൻബലം ഉണ്ടാവണം. പ്രമാണത്തിന്റെ സ്ഥാനത്ത് പൗരോഹിത്യത്തെ പ്രതിഷ്ഠിച്ചാൽ ഏത് അപകടത്തിലേക്കും ആപതിക്കാം.

മയ്യിത്ത് മറവ് ചെയ്യാതെ വെച്ച സംഭവം പുറത്ത് വരുമ്പോൾ തന്നെ, അതിനെ അംഗീകരിക്കില്ലെന്ന് പറയുന്നവർ പോലും രഹസ്യമായി പല ആത്മീയചൂഷകരുടെയും തടവറയിലാണ് എന്നതാണ് സത്യം. യാതൊരു തകരാറുമില്ലാത്ത വീടിന്റെ അടുക്കളയോ ബാത്ത്റൂമോ ചി



**പൗരോഹിത്യത്തിന്റെ അപകടം ഇനിയും തിരിച്ചറിയാത്ത അനേകർ സമുദായത്തിലുണ്ട്. കൊളത്തൂർ സംഭവം അത്തരക്കാരുടെ കണ്ണ് തുറപ്പിക്കാൻ ഇടയാവണം. മതം എന്ന പേരിൽ എന്ത് അനുഷ്ഠിക്കണമെങ്കിലും പ്രമാണങ്ങളുടെ പിൻബലം ഉണ്ടാവണം. പ്രമാണത്തിന്റെ സ്ഥാനത്ത് പൗരോഹിത്യത്തെ പ്രതിഷ്ഠിച്ചാൽ ഏത് അപകടത്തിലേക്കും ആപതിക്കാം.**

ലർ പൊളിച്ച് മാറ്റി വേറൊരു ഭാഗത്ത് പണിയുന്നു. മുൻവാതിൽ സ്ഥാനം മാറ്റി വെക്കുന്നു. സ്വന്തം തീരുമാനപ്രകാരമല്ല, എന്തെങ്കിലും അപകടമോ രോഗമോ ഉണ്ടാകുമ്പോൾ കാരണമന്വേഷിച്ച് ചിലരെ സമീപിക്കുമ്പോൾ അവരുടെ നിർദേശപ്രകാരം!

ആവശ്യമില്ലാതെ വീടിന്റെ ഗെയ്റ്റ് മാറ്റിവെച്ചവരും ലക്ഷങ്ങൾ ചെലവഴിച്ച് പണിത പുതുമ നശിക്കാത്ത വീട് പോലും തുച്ഛമായ വിലയ്ക്ക് വിറ്റ് വാടക വീട്ടിൽ താമസമാക്കുന്നവരുണ്ട്! ആരാണ് ഇതിനു പിന്നിൽ?

പുതിയ വാഹനം ഫ്രീ സർവീസ് പോലും തീരുന്നതിന് മുമ്പ് ചെറിയ വിലയ്ക്ക് മറിച്ച് വിൽക്കുന്നതും ചൊവ്വാഴ്ച ദിവസം പരിപാടികൾ സംഘടിപ്പിക്കാത്തതും ഒരു പ്രത്യേക നമ്പർ ലോഡ്ജ് മുറികൾക്ക് നൽകാതിരിക്കുന്നതിനു പിന്നിലുമൊക്കെയുള്ള രഹസ്യമെന്താണ്. നമ്മുടെ ഹൈക്കോടതി പോലും ആ നമ്പർ ഒഴിവാക്കിയിട്ടുണ്ടെന്ന് വായിച്ചതായോർക്കുന്നു. അന്ധവിശ്വാസത്തിന്റെ തടവറയിൽ കുരുങ്ങിക്കിടക്കുന്നതിൽ നിന്ന് പണ്ഡിതരും പാമരരും ദരിദ്രരും ധനികരും ഭരണാധികാരികളും ഭരണീയരുമൊന്നും മുക്തരല്ലെന്ന് വ്യക്തം!

പൗരോഹിത്യത്തെ അന്ധമായി പിൻപറ്റിയാൽ എന്തും സംഭവിക്കും എന്ന പാഠം തന്നെയാണ് കൊളത്തൂർ സംഭവം ഓർമിപ്പിക്കുന്നത്. സമ്പത്ത് കൊള്ളയടിക്കുന്ന പൗരോഹിത്യത്തിന്റെ കെണിയിൽ തല വെച്ചവർ ബുദ്ധികൊടുത്ത് ചിന്തിക്കേണ്ട സന്ദർഭമാണിത്.

അഭൗതികമായി അഥവാ കാര്യകാരണ ബന്ധങ്ങൾക്കതീതമായി അല്ലാഹുവിനല്ലാതെ മറ്റാർക്കും ഒന്നും ചെയ്യാനാവില്ലെന്ന ഉറച്ച വിശ്വാസമുള്ളവർക്ക് നിർഭയത്വമുണ്ടാകും. അല്ലാഹുവിന്റെ വിധിയിൽ അചഞ്ചലമായി വിശ്വസിക്കേണ്ടവനാണ് മുസ്‌ലിം. ജീവിതത്തിൽ പ്രയാസങ്ങളും പ്രതിസന്ധികളും നേരിടുമ്പോൾ അതിൽനിന്ന് രക്ഷനേടാൻ വേണ്ടി ജ്യോത്സ്യന്മാരെയും തങ്ങന്മാരെയും ബീവിമാരെയും സമീപിക്കുന്നതും അവർ പറയുന്നത് വിശ്വസിക്കലും ഉറുക്കും നൂലും ശരീരത്തിൽ ബന്ധിപ്പിച്ച് അവയിൽ ഭരമേൽപിക്കലുമെല്ലാം ശിർക്കിന്റെ വഴികളാണെന്ന് സമൂഹം തിരിച്ചറിയേണ്ടിയിരിക്കുന്നു.

പൗരോഹിത്യത്തെയും തെറ്റിലൂടെ നയിക്കുന്ന നേതൃത്വത്തെയും അന്ധമായി പിൻപറ്റി തൗഹീദിന് വിരുദ്ധമായ പാതയിലൂടെ സഞ്ചരിച്ചാൽ ഈ ലോകത്ത് പലവിധ നഷ്ടങ്ങളും അപമാനവുമുണ്ടാകും. പരലോകത്ത് നരകാഗ്നിയിൽ കിടന്ന് വില പിക്കേണ്ടി വരികയും ചെയ്യും.

**പുതിയ വാഹനം ഫ്രീ സർവീസ് പോലും തീരുന്നതിന് മുമ്പ് ചെറിയ വിലയ്ക്ക് മറിച്ച് വിൽക്കുന്നതും ചൊവ്വാഴ്ച ദിവസം പരിപാടികൾ സംഘടിപ്പിക്കാത്തതും ഒരു പ്രത്യേക നമ്പർ ലോഡ്ജ് മുറികൾക്ക് നൽകാതിരിക്കുന്നതിനു പിന്നിലുമൊക്കെയുള്ള രഹസ്യമെന്താണ്. നമ്മുടെ ഹൈക്കോടതി പോലും ആ നമ്പർ ഒഴിവാക്കിയിട്ടുണ്ടെന്ന് വായിച്ചതായോർക്കുന്നു. അന്ധവിശ്വാസത്തിന്റെ തടവറയിൽ കുരുങ്ങിക്കിടക്കുന്നതിൽ നിന്ന് പണ്ഡിതരും പാമരരും ദരിദ്രരും ധനികരും ഭരണാധികാരികളും ഭരണീയരുമൊന്നും മുക്തരല്ലെന്ന് വ്യക്തം!**

അല്ലാഹു പറയുന്നത് നോക്കൂ: “അവരുടെ മുഖങ്ങൾ നരകത്തിൽ കീഴ്മേൽ മറിക്കപ്പെടുന്ന ദിവസം. അവർ പറയും; ഞങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ! ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളുടെ നേതാക്കന്മാരെയും പ്രമുഖന്മാരെയും അനുസരിക്കുകയും അങ്ങനെ അവർ ഞങ്ങളെ വഴിതെറ്റിക്കുകയുമാണുണ്ടായത്. ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് നീ രണ്ടിരട്ടി ശിക്ഷ നൽകുകയും, അവർക്ക് നീ വൻശാപം ഏൽപിക്കുകയും ചെയ്യേണമേ എന്നും അവർ പറയും” (33:66-68).

വിശ്വാസവും അന്ധവിശ്വാസവും കൂട്ടിക്കുഴച്ച് ഇസ്‌ലാമിനെയും അതിന്റെ പ്രമാണങ്ങളെയും പരിഹസിക്കാനും ഇത്തരം സന്ദർഭങ്ങൾ ചിലർ ദുരുപയോഗം ചെയ്യാറുണ്ട്. മുഅ്ജിസത്ത്, കറാമത്ത് എന്നിവയെ നിഷേധിക്കാനും പ്രമാണങ്ങളിൽ സ്ഥിരപ്പെട്ട ചില അത്ഭുത സംഭവങ്ങളെ കളിയാക്കാനും ശ്രമിക്കുന്നവർ മതത്തിന്റെ അന്തസ്സത്ത അറിയാത്തവരാണ്.

കൊളത്തൂർ സംഭവം ഉദ്ധരിച്ചുകൊണ്ട് ഒരു വ്യക്തി ഓൺലൈനിൽ കുറിച്ചത് ഇപ്രകാരമായിരുന്നു: “സാധാരണ മരണവാർത്ത കേൾക്കുമ്പോൾ ദുഃഖമാണ് ഉണ്ടാകാറുള്ളത്. എന്നാൽ ഈ മരണ വാർത്ത അറിഞ്ഞപ്പോൾ ചിരിച്ചു പോയി... കാരണം മസ്തിഷ്കം മതഗ്രന്ഥങ്ങളിൽ പണയം വെച്ചാൽ ഇതും ഇതിലപ്പുറവും സംഭവിക്കും...”

വലിയൊരു തെറ്റുധാരണയാണ് ഈ വാചകത്തിനു പിന്നിലുള്ളത്. അല്ലെങ്കിൽ മനഃപൂർവം തെറ്റുധരിപ്പി

**അഭൗതികമായി അഥവാ കാര്യകാരണ ബന്ധങ്ങൾക്കതീതമായി അല്ലാഹുവിനല്ലാതെ മറ്റാർക്കും ഒന്നും ചെയ്യാനാവില്ലെന്ന ഉറച്ച വിശ്വാസമുള്ളവർക്ക് നിർഭയത്വമുണ്ടാകും. ജീവിതത്തിൽ പ്രയാസങ്ങളും പ്രതിസന്ധികളും നേരിടുമ്പോൾ അതിൽനിന്ന് രക്ഷനേടാൻ വേണ്ടി ജ്യോത്സ്യന്മാരെയും തങ്ങന്മാരെയും ബീവിമാരെയും സമീപിക്കുന്നതും അവർ പറയുന്നത് വിശ്വസിക്കലും ഉറുക്കും നൂലും ശരീരത്തിൽ ബന്ധിപ്പിച്ച് അവയിൽ ഭരമേൽപിക്കലുമെല്ലാം ശിർക്കിന്റെ വഴികളാണെന്ന് സമൂഹം തിരിച്ചറിയേണ്ടിയിരിക്കുന്നു.**

ക്കാൻ പ്രേരിപ്പിക്കുകയാണ്. ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളായ ക്വുർആനിലും ഹദീഥുകളിലും മൃതദേഹത്തെ സംസ്‌കരിക്കാതെ സൂക്ഷിച്ച് വെക്കണമെന്ന് ആവശ്യപ്പെടുന്നില്ലന്ന് മാത്രമല്ല; മരണപ്പെട്ടാൽ എത്രയും വേഗം സംസ്‌കരിക്കണമെന്നാണ് പഠിപ്പിക്കുന്നത്. മസ്തിഷ്‌കം മതഗ്രന്ഥത്തിന് പണയം വെച്ചതല്ല പ്രശ്‌നം; പൗരോഹിത്യത്തിന് തീറെഴുതിക്കൊടുത്തതാണ്.

അന്ധവിശ്വാസത്തിന് മതമില്ലന്നെതാണ് വസ്തുത. കൊളത്തൂർ സംഭവം റിപ്പോർട്ട് ചെയ്ത അതേ ദിവസത്തെ പത്രത്തിൽ പഞ്ചാബിൽ നിന്ന് മറ്റൊരു വാർത്ത കൂടിയുണ്ടായിരുന്നു. ദിവ്യജ്യോതി ജാഗ്രതി സൻസ്ഥാൻ എന്ന ഭക്തിപ്രസ്ഥാനത്തിന്റെ അധ്യക്ഷനായ അശുതോഷ് മഹാരാജ് 2017 ജനുവരി 29ന് മരണപ്പെട്ടിട്ടും മൃതദേഹം ഇതുവരെയും സംസ്‌കരിക്കാതെ ഫ്രീസറിൽ വെച്ചിരിക്കുകയാണ് എന്നതാണാ വാർത്ത! ഗുരു പ്രാർഥനയിലാണെന്നും അത് കഴിഞ്ഞ് ഉണരുമെന്നും വിശ്വസിച്ചു കൊണ്ടാണ് അനുയായികൾ സംസ്‌കരിക്കാൻ സമ്മതിക്കാത്തത്.

ഏതാനും മാസങ്ങൾക്ക് മുമ്പാണ് തിരുവനന്തപുരത്ത് ഒരു എഞ്ചിനീയറായ യുവാവ് സ്വന്തം അമ്മയെയും സഹോദരിമാരെയും മഴു ഉപയോഗിച്ച് വെട്ടിക്കൊലപ്പെടുത്തിയത്. ഇതിനു പിന്നിൽ കടുത്ത അന്ധവിശ്വാസമാണ് എന്നാണ് പറഞ്ഞുകേൾക്കുന്നത്.

ഏത് സമുദായത്തിലായാലും യഥാർഥ പ്രമാണങ്ങളിൽ നിന്ന് അകന്ന് പൗരോഹിത്യത്തിന് കീഴൊതുങ്ങിയാൽ എല്ലാവരെയും കാത്തിരിക്കുന്നത് ഒരേ പര്യവസാനമായിരിക്കും.

സമൂഹത്തിന്റെ കണ്ണ് തുറപ്പിക്കാവുന്ന ഒട്ടനവധി അപായസൂചനകൾ കൊളത്തൂർ സംഭവം സമൂഹത്തിൽ അനാവരണം ചെയ്യുന്നുണ്ട്. ഇത്രയൊക്കെ സംഭവിച്ചിട്ടും അവരുടെ കുടുംബങ്ങൾ ഇതറിഞ്ഞിരുന്നില്ലന്ന് വരുമ്പോൾ കുടുംബന്ധം നമ്മുടെ നാട്ടിൽ എത്രമാത്രം ശിഥിലമായിരിക്കുന്നു! അയൽപക്ക ബന്ധം എത്രമാത്രം അകന്ന് പോയിരിക്കുന്നു! സ്വന്തം കാര്യം മാത്രം നോക്കുന്ന സമൂഹത്തിന്റെ സ്വാർഥതക്ക് നേരെയുള്ള അട്ടഹാസം കൂടിയാണ് ഈ സംഭവം. ഡിഗ്രി വരെ പഠിച്ച ചെറുപ്പക്കാരൻ പോലും ഈ സംഭവത്തിന് കൂട്ട് നിന്നുവെന്ന് വരുമ്പോൾ വിദ്യഭ്യാസവും ധാർമികബോധവും സമാന്തര രേഖകളാകുന്നത് നാം കാണാതിരുന്നു കൂടാ.

പ്രഭാഷണ സദസ്സുകളിൽ സാന്നിധ്യം വഹിക്കുന്നവരോട് മാത്രം ഉദ്‌ബോധനം നിർവഹിക്കുകയെന്ന സാമ്പ്രദായിക രീതി നിലനിർത്തുമ്പോൾ തന്നെ വീടുകൾ തോറും സന്ദർശിച്ച് ജനങ്ങളോട് വ്യക്തിപരമായി സമ്പർക്കം പുലർത്തുകയെന്ന പ്രവാചക മാതൃകയെ പുനരുജ്ജീവിപ്പിക്കാൻ സമൂഹം ശ്രദ്ധിക്കേണ്ടതുണ്ട്. വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ എന്ന മുജാഹിദ് പ്രബോധന കൂട്ടായ്മ ഈ രംഗത്ത് വലിയ മുന്നേറ്റങ്ങൾ ഇതിനകം ചെയ്ത് കഴിഞ്ഞു. ജനസമ്പർക്ക പരിപാടി കൂടുതൽ ത്വരിതപ്പെടുത്തണമെന്നാണ് കൊളത്തൂർ സംഭവം പ്രബോധകരെ ഓർമിപ്പിക്കുന്നത്. ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരിൽ വരുന്ന ആരോപണങ്ങളെ നേരിടേണ്ടത് മണ്ണിലിറങ്ങി മനസ്സുകളിലേക്ക് സന്ദേശങ്ങൾ കൈമാറിക്കൊണ്ടായിരിക്കണം. ഓൺലൈനിൽ ഇത്തരം വാർത്തകൾ ഷെയർ ചെയ്തതുകൊണ്ട് ഉത്തരവാദിത്തം അവസാനിക്കുന്നില്ല.

മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ള ശൈഖുമാരും ഔലിയാക്കളുമുണ്ട് എന്ന് കള്ളക്കഥകളാകുന്ന ഉദാഹരണങ്ങൾ നിരത്തി പ്രസംഗിച്ച് നടക്കുന്ന പണ്ഡിതവേഷധാരികൾക്ക് ഈ മഹാപാതകത്തിന്റെ ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കാനാവില്ല. പൗരോഹിത്യം കൊളത്തൂർ സംഭവത്തിൽ മൗനം വെടിഞ്ഞ് നിലപാട് വ്യക്തമാക്കാൻ തയ്യാറാവണം. ഇത്തരം ഹീനകൃത്യങ്ങൾക്ക് പ്രേരിപ്പിക്കുന്ന മാലപ്പാട്ടുകളും കള്ളക്കറാമത്ത് കഥകളും പ്രഭാഷണങ്ങളും പിൻവലിക്കാൻ തയ്യാറാകുമോ?

പൗരോഹിത്യം അതിന് തയ്യാറായില്ലെങ്കിലും അവരെ അന്ധമായി വിശ്വസിക്കുന്ന അനുയായികൾ ആത്മ വിചിന്തനത്തിന് ഈ അവസരം ഉപയോഗപ്പെടുത്തണം. ●

ഡോ. അബ്ദുർറസ്സാക് അൽബദർ
വിവ. അബ്ദുൽ ജബ്ബാർ അബ്ദുല്ല

ലേഖനം




# സ്ത്രീ ഇസ്‌ലാമിന്റെ തണലിൽ

**മു**സ്‌ലിമായ ഒരു ദാസന് നേരെയുള്ള അല്ലാഹുവിന്റെ അനുഗ്രഹം മഹനീയമാണ്. മഹത്തായ ഈ ഇസ്‌ലാമിക ആദർശത്തിലേക്ക് മാർഗമേകിയെന്നത് അവനോടുള്ള അല്ലാഹുവിന്റെ വലിയ ഔദാര്യമാണ്. അവൻ ദാസന്മാർക്ക് തൃപ്തിപ്പെട്ട് ഏകുകയും അവർക്കായി പൂർത്തീകരിച്ച് നൽകുകയും ചെയ്ത അവന്റെ ആദർശമാണല്ലോ ദീനുൽ ഇസ്‌ലാം. ദാസന്മാരിൽനിന്ന് ഇസ്‌ലാമല്ലാത്ത മറ്റൊരു ആദർശവും അവൻ സ്വീകരിക്കുകയുമില്ല.

അല്ലാഹു പറയുന്നു: "ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു" (വി.ക്വു. 5:3).

"തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു" (3:19).

"ഇസ്‌ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽനിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും" (3:85).

"എങ്കിലും അല്ലാഹു നിങ്ങൾക്ക് സത്യവിശ്വാസത്തെ പ്രിയങ്കരമാക്കിത്തീർക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ അത് അലംകൃതമായി തോന്നിക്കുകയും ചെയ്തിരിക്കുന്നു. അവിശ്വാസവും അധർമവും അനുസരണക്കേടും നിങ്ങൾക്കവൻ അനിഷ്ടകരമാക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെയുള്ളവരാകുന്നു നേർമാർഗം സ്വീകരിച്ചവർ. അല്ലാഹുവിങ്കൽ നിന്നുള്ള ഒരു ഔദാര്യവും അനുഗ്രഹവുമാകുന്നു അത്. അല്ലാഹു സർവജ്ഞനും യുക്തിമാനുമാകുന്നു''(13:40).

അല്ലാഹു വിശ്വാസങ്ങളെയും സ്വഭാവങ്ങളെയും സമുദ്ധരിച്ചതും ഇഹപര ജീവിതങ്ങളെ സംസ്കരിച്ചതും മനുഷ്യരുടെ അകവും പുറവും അലങ്കരിച്ചതും ഇസ്‌ലാമിലൂടെയാണ്. അസത്യത്തിന്റെ കരാള ഹസ്തങ്ങളിൽ നിന്നും അധമത്വത്തിന്റെ അഗാധ ഗർത്തങ്ങളിൽനിന്നും വ്യതിയാനത്തിന്റെയും വഴികേടിന്റെയും വേദികളിൽനിന്നും ഈ ആദർശം ആശ്ലേഷിക്കുകയും മുറുകെപ്പിടിക്കുകയും ചെയ്ത എല്ലാവരെയും അല്ലാഹു രക്ഷപ്പെടുത്തി. ഋജുവായതും ലക്ഷ്യങ്ങളിലും നിർദേശങ്ങളിലും നിദർശനങ്ങളിലും പര്യവസാനങ്ങളിലും ഫലങ്ങളിലുമെല്ലാം തീർത്തും യുക്തിഭദ്രവുമാകുന്നു ഇസ്‌ലാം. അതിലെ വൃത്താന്തങ്ങളെല്ലാം സത്യവും വസ്തുനിഷ്ഠവുമാകുന്നു. അതിലെ വിധികളെല്ലാം നീതിനിഷ്ഠവും ഗുണപ്രദവുമാകുന്നു. ഇസ്‌ലാം വിരോധിച്ചിരുന്നുവെങ്കിൽ എന്ന് നേർബുദ്ധി പറയുന്ന ഒരു കാര്യവും ഇസ്‌ലാം കൽപിച്ചിട്ടില്ല. കൽപിച്ചിരുന്നുവെങ്കിൽ എന്ന് നേർബുദ്ധി പറയുന്ന ഒരു കാര്യവും ഇസ്‌ലാം വിരോധിച്ചിട്ടുമില്ല. ഇസ്‌ലാമിന്റെ മഹിതമായ വൃത്താന്തങ്ങളെ ഖണ്ഡിക്കുന്ന ശരിയായ ഒരു ശാസ്ത്രവും ഒരിക്കലും വന്നിട്ടേയില്ല. അതിന്റെ ഋജുവായ വിധികളെ അസാധുവാക്കുന്ന നേരായ ഒരു വിധിയും ഒരിക്കലും വന്നിട്ടില്ല.

സത്യത്തിലേക്കും ചൊവ്വായ സരണിയിലേക്കും മാർഗദർശനമേകുന്ന മഹാപ്രസ്ഥാനമാകുന്നു ഇസ്‌ലാം. സത്യസന്ധതയാണ് അതിന്റെ ചിഹ്നം. നീതിയാണ് അതിന്റെ അച്ചുതണ്ട്. സത്യമാണ് അതിന്റെ വ്യവസ്ഥ. കാരുണ്യമാകുന്നു അതിന്റെ ആത്മാവും ലക്ഷ്യവും. നന്മയാകുന്നു അതിന്റെ കൂട്ട്. സംസ്കരണവും പരിഷ്കരണവുമാണ് അതിന്റെ ഭംഗിയും ധർമവും. സന്മാർഗവും നേർമാർഗവുമാണ് അതിന്റെ പാഥേയം. വല്ലവനും ഇസ്‌ലാമിനേയും ഇസ്‌ലാമിക മാർഗദർശനത്തെയും കയ്യൊഴിച്ചാൽ യഥാർഥ വിശ്വാസവും മഹനീയ കർമങ്ങളും മാന്യവും ഉന്നതവുമായ സ്വഭാവങ്ങളും അവനിൽനിന്ന് യാത്രയാകും. ഊഹങ്ങളും വിലകുറഞ്ഞ സങ്കൽപങ്ങളും ചീത്ത കർമങ്ങളും ദുഷിച്ച സ്വഭാവങ്ങളും അവയുടെ സ്ഥാനത്ത് ഇടം നേടുകയും ചെയ്യും.

അതിനാൽ മഹത്തായ ഈ ആദർശത്തിലേക്ക് ദർശനമുണ്ടാവുകയെന്നതും അത് മുറുകെപ്പിടിക്കുവാനും അതിന്റെ മാർഗദർശനങ്ങളെ കാത്തുസൂക്ഷിക്കുവാനും നിദർശനങ്ങളും നിർദേശങ്ങളും നിത്യമായി പുൽകുവാനും അത് വിരോധിക്കുകയും മുന്നറിയിപ്പ് നൽകുകയും ചെയ്തതിൽ നിന്ന് പരിപൂർണമായി വിട്ടുനിൽക്കുകയും തീർത്തും മുൻകരുതലെടുക്കുകയും ചെയ്യുവാനും ഉദവി നൽകപ്പെടുക എന്നതുമാണ് ഒരു ദാസൻ നേടിയെടുക്കുന്ന ഏറ്റവും വലിയ കറാമത്ത്.

മുസ്‌ലിം സ്ത്രീയെ ആദരിച്ചതും അവളെ സംരക്ഷിച്ചതും അവളുടെ അവകാശങ്ങളെ പരിഗണിച്ചതും അവൾക്കു നേരെയുള്ള അതിക്രമം, അനീതി, ദൗർബല്യം ചൂഷണം ചെയ്യൽ തുടങ്ങിയവ തടഞ്ഞതും അവൾക്കും അവളുടെ കൂടെ ജീവിക്കുന്നവർക്കും സമൃദ്ധമായ ജീവിതവും പൊരുത്തപ്പെട്ട വാസവും ഇഹപര സൗഭാഗ്യവും സമാധാനവും സാക്ഷാൽകരിക്കുമാറ് മഹനീയമായ നിയമങ്ങളും യുക്തിഭദ്രമായ നിർദേശങ്ങളും ശരിയായ നിദർശനങ്ങളും നിശ്ചയിച്ചുവെന്നതും ഉന്നതമായ ഈ മതത്തിന്റെ പൂർണ തയും സൗന്ദര്യവുമാണ്.

**സുപ്രധാന തത്ത്വങ്ങൾ**

ഒരു മുസ്‌ലിം ഏതാനും സുപ്രധാന തത്ത്വങ്ങളും ഗൗരവമേറിയ നിയമങ്ങളും ഈ അവസരത്തിൽ അറിഞ്ഞിരിക്കൽ അനിവാര്യമാണ്. അവ അറിഞ്ഞു മനസ്സിലാക്കുന്നതിലൂടെയും അതിനനുസരിച്ച് ചരിക്കുന്നതിലൂടെയും യഥാർഥമായ ആദരവും സമ്പൂർണവും സമഗ്രവുമായ അനുഗ്രഹവും ഇഹലോകത്തും പരലോകത്തുമുള്ള നിത്യസൗഭാഗ്യവും അവൻ നേടിയെടുക്കുന്നതിന് വേണ്ടിയാണത്.

ഒന്ന്: ഏറ്റവും നല്ലതും ചൊവ്വായതും സമ്പൂർണവും സുന്ദരവുമായ വിധികൾ ലോകത്തിന്റെ രക്ഷിതാവും മുഴുലോകരുടെ സ്രഷ്ടാവുമായവന്റെ വിധികളാകുന്നുവെന്ന് ഒരു ദാസൻ ദൃഢമായും അറിഞ്ഞിരിക്കണം. അല്ലാഹു പറഞ്ഞു:

"വിധികർതൃത്വം അല്ലാഹുവിന് മാത്രമാകുന്നു. അവനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് അവൻ കൽപിച്ചിരിക്കുന്നു. വക്രതയില്ലാത്ത മതം അതത്രെ. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല" (13:40).

"ദൃഢവിശ്വാസികളായ ജനങ്ങൾക്ക് അല്ലാഹുവെക്കാൾ നല്ല വിധികർത്താവ് ആരാണുള്ളത്?" (5: 50).

"അവനത്രെ തീർപ്പുകൽപിക്കുന്നവരിൽ ഉത്തമൻ" (7:87).

"അല്ലാഹു വിധികർത്താക്കളിൽ വെച്ച് ഏറ്റവും വലിയ വിധികർത്താ വല്ലയോ?"(95:8).

"...അപ്രകാരം അല്ലാഹു നിങ്ങൾക്ക് അവന്റെ തെളിവുകൾ വിവരിച്ചു തരുന്നു. അല്ലാഹു സർവജ്ഞനും യുക്തിമാനുമാകുന്നു"(24:59).

രണ്ട്: രക്ഷിതാവിന് വഴിപ്പെടുന്നതിലും അവന്റെ മതവിധികൾ മുറുകെ പിടിക്കുന്നതിലുമാണ് ദാസനുള്ള സൗഭാഗ്യവും ആദരവും പരിപൂർണമായും ബന്ധപ്പെട്ടു കിടക്കുന്നത് എന്നും വഴിപ്പെടലിന്റെയും മതനിഷ്ഠയുടെയും വിഹിതവും അളവുമനുസരിച്ചാണ് ദാസനുള്ള ഭാഗ്യത്തിന്റെ വിഹിതവും അളവുമെന്നും അവൻ ഉൾകൊള്ളേണ്ടതുണ്ട്. അല്ലാഹു പറഞ്ഞു:

"നിങ്ങളോട് നിരോധിക്കപ്പെടുന്ന വൻപാപങ്ങൾ നിങ്ങൾ വർജിക്കുന്ന പക്ഷം നിങ്ങളുടെ തിൻമകളെ നിങ്ങളിൽ നിന്ന് നാം മായ്ച്ചുകളയുകയും മാന്യമായ ഒരു സ്ഥാനത്ത് നിങ്ങളെ നാം പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്" (5:31).

ആലുയാസീനിലെ ഒരു വിശ്വാസിയെ കുറിച്ച് അല്ലാഹു പറഞ്ഞു:

"തീർച്ചയായും ഞാൻ നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിച്ചിരിക്കുന്നു. അത് കൊണ്ട് നിങ്ങൾ എന്റെ വാക്ക് കേൾക്കുക. സ്വർഗത്തിൽ പ്രവേശിച്ച് കൊള്ളുക. എന്ന് പറയപ്പെട്ടു. അദ്ദേഹം പറഞ്ഞു: എന്റെ ജ

**സത്യത്തിലേക്കും ചൊവ്വായ സരണിയിലേക്കും മാർഗദർശനമേകുന്ന മഹാപ്രസ്ഥാനമാകുന്നു ഇസ്‌ലാം. സത്യസന്ധതയാണ് അതിന്റെ ചിഹ്നം. നീതിയാണ് അതിന്റെ അച്ചുതണ്ട്. സത്യമാണ് അതിന്റെ വ്യവസ്ഥ. കാരുണ്യമാകുന്നു അതിന്റെ ആത്മാവും ലക്ഷ്യവും. നന്മയാകുന്നു അതിന്റെ കൂട്ട്. സംസ്‌കരണവും പരിഷ്‌കരണവുമാണ് അതിന്റെ ഭംഗിയും ധർമവും. സന്മാർഗവും നേർമാർഗവുമാണ് അതിന്റെ പാഥേയം. വല്ലവനും ഇസ്‌ലാമിനേയും ഇസ്‌ലാമിക മാർഗദർശനത്തെയും കയ്യൊഴിച്ചാൽ യഥാർഥ വിശ്വാസവും മഹനീയ കർമങ്ങളും മാന്യവും ഉന്നതവുമായ സ്വഭാവങ്ങളും അവനിൽനിന്ന് യാത്രയാകും. ഊഹങ്ങളും വിലകുറഞ്ഞ സങ്കൽപങ്ങളും ചീത്ത കർമങ്ങളും ദുഷിച്ച സ്വഭാവങ്ങളും അവയുടെ സ്ഥാനത്ത് ഇടം നേടുകയും ചെയ്യും.**

നത അറിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു! എന്റെ രക്ഷിതാവ് എനിക്ക് പൊറുത്തുതരികയും ആദരിക്കപ്പെട്ടവരുടെ കൂട്ടത്തിൽ എന്നെ ഉൾപെടുത്തുകയും ചെയ്തതിനെ പറ്റി" (26:25-27).

അല്ലാഹു പറഞ്ഞു: "തീർച്ചയായും അതിനെ (അസ്തിത്വത്തെ) പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു" (91: 9,10).

"നിങ്ങൾക്കിതാ അല്ലാഹുവിങ്കൽ നിന്ന് ഒരു പ്രകാശവും വ്യക്തമായ ഒരു ഗ്രന്ഥവും വന്നിരിക്കുന്നു. അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽ നിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരികയും നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു" (5:15,16).

മൂന്ന്: മുസ്‌ലിമായ ദാസന്റെ സ്ഥാനം നഷ്ടപ്പെടുത്തുവാനും അവനുള്ള പ്രതാപത്തിന്റെയും സൗഭാഗ്യത്തിന്റെയും വഴികൾ അലങ്കോലപ്പെടുത്തുവാനും പരിശ്രമിക്കുന്ന, അവനെ അപകടപ്പെടുത്തുവാനും അപമാനപ്പെടുത്തുവാനും സാധ്യമായതെല്ലാം ചെയ്യുന്ന ധാരാളം ശത്രുക്കൾ ഈ ഭൗതിക ലോകത്ത് അവനുണ്ടെന്നതിൽ അവൻ ഉൽബുദ്ധനാകേണ്ടതുണ്ട്.

ഈ ശത്രുക്കളുടെ മുൻപന്തിയിൽ അല്ലാഹുവിന്റെയും ഇസ്‌ലാമിന്റെയും വിശ്വാസികളുടെയും ശത്രുവായ പിശാചാകുന്നു. ഈ മതത്തിലൂടെ അല്ലാഹു വിശ്വാസികളെ ആദരിക്കുകയും ചൊവ്വായ പാതയിലേക്ക് അവരെ ആനയിക്കുകയും ചെയ്തത് പിശാചിനെ നന്നായി ചൊടിപ്പിച്ചിട്ടുണ്ട്. അതിനാൽ തന്നെ അവൻ അവർക്കെതിരിൽ നാനോന്മുഖങ്ങളായ ആക്രമണങ്ങൾ നടത്തുമെന്ന് പരസ്യമാക്കി. അവരെ തെറ്റിക്കുവാൻ എല്ലാ വഴികളിലും അവൻ ഇരിക്കും. അവൻ എല്ലാ ഭാഗങ്ങളിലൂടെയും അവരിലേക്ക് ചെല്ലും. വിശ്വാസികളുടെ മാന്യത കെടുത്തുവാനും അവരുടെ പ്രതാപവും സ്ഥാനവും നഷ്ടപ്പെടുത്തുവാനും അവൻ ഉദ്ദേശിക്കുന്നു.

"നിങ്ങൾ ആദമിന് പ്രണാമം ചെയ്യുക എന്ന് നാം മലക്കുകളോട് പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു). അപ്പോൾ അവർ പ്രണമിച്ചു. ഇബ്‌ലീസൊഴികെ. അവൻ പറഞ്ഞു: നീ കളിമണ്ണിനാൽ സൃഷ്ടിച്ചവന്ന് ഞാൻ പ്രണാമം ചെയ്യുകയോ? അവൻ പറഞ്ഞു: എന്നെക്കാൾ നീ ആദരിച്ചിട്ടുള്ള ഇവനാരെന്ന് നീ എനിക്ക് പറഞ്ഞു തരൂ. തീർച്ചയായും ഉയിർത്തെഴുന്നേൽപിന്റെ നാളുവരെ നീ എനിക്ക് അവധി നീട്ടിത്തരുന്ന പക്ഷം, ഇവന്റെ സന്തതികളിൽ ചുരുക്കം പേരൊഴിച്ച് എല്ലാവരെയും ഞാൻ കീഴ്‌പെടുത്തുക തന്നെ ചെയ്യും. അവൻ (അല്ലാഹു) പറഞ്ഞു: നീ പോയിക്കൊള്ളൂ. അവരിൽ നിന്ന് വല്ലവരും നിന്നെ പിന്തുടരുന്ന പക്ഷം നിങ്ങൾക്കെല്ലാമുള്ള പ്രതിഫലം നരകം തന്നെയായിരിക്കും. അതെ; തികഞ്ഞ പ്രതിഫലം തന്നെ. അവരിൽ നിന്ന് നിനക്ക് സാധ്യമായവരെ നിന്റെ ശബ്ദം മുഖേന നീ ഇളക്കിവിട്ട് കൊള്ളുക. അവർക്കെതിരിൽ നിന്റെ കുതിരപ്പടയെയും കാലാൾപ്പടയെയും നീ വിളിച്ചുകൂട്ടുകയും ചെയ്ത് കൊള്ളുക. സ്വത്തുക്കളിലും സന്താനങ്ങളിലും നീ അവരോടൊപ്പം പങ്ക് ചേരുകയും അവർക്കു നീ വാഗ്ദാനങ്ങൾ നൽകുകയും ചെയ്തു കൊള്ളുക. പിശാച് അവരോട് ചെയ്യുന്ന വാഗ്ദാനം വഞ്ചന മാത്രമാകുന്നു" (17:61-64).

"തീർച്ചയായും പിശാച് നിങ്ങളുടെ ശത്രുവാകുന്നു. അതിനാൽ അവനെ നിങ്ങൾ ശത്രുവായിത്തന്നെ ഗണിക്കുക. അവൻ തന്റെ പക്ഷക്കാരെ ക്ഷണിക്കുന്നത് അവർ നരകാവകാശികളുടെ കൂട്ടത്തിലായിരുക്കുവാൻ വേണ്ടി മാത്രമാണ്" (25:6).


അതിനാൽ സന്മാർഗത്തിൽനിന്ന് അകറ്റുവാൻ ലക്ഷ്യമിടുന്ന മുഴുവൻ ശത്രുക്കളിൽനിന്നും പിശാചിൽ നിന്നും ജാഗ്രത പുലർത്തൽ ഓരോ മുസ്‌ലിമിനും നിർബന്ധമാണ്.

നാല്: തനിക്കുള്ള ഉദവിയും തന്റെ കാര്യം ശരിയാകലും അവസ്ഥ നേരെയാകലും തനിക്കുള്ള മാന്യത പുലരലും തന്റെ യജമാനനും ഉടമസ്ഥനും മഹത്ത്വമുടയവനുമായ രക്ഷിതാവിന്റെ കയ്യാൽ മാത്രമാകുന്നുവെന്ന് മുസ്‌ലിമായ ദാസൻ വിശ്വസിച്ചംഗീകരിക്കേണ്ടതുണ്ട്. അല്ലാഹു പറഞ്ഞു:

"അല്ലാഹു വല്ലവനെയും അപമാനിതനാക്കുന്ന പക്ഷം അവനെ ബഹുമാനിക്കുവാൻ ആരും തന്നെയില്ല. തീർച്ചയായും അല്ലാഹു താൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നു" (22:6).

അതുകൊണ്ട് രക്ഷിതാവുമായുള്ള ബന്ധം സുദൃഢമാക്കലും തനിക്കുള്ള ആദരവ് നിലനിർത്താൻ അവനോട് പ്രാർഥിക്കലും വിശ്വാസിയുടെ ബാധ്യതയാണ്. തിരുനബിﷺയുടെ ഒരു പ്രാർഥനയിൽ ഇപ്രകാരം കാണാം:

"അല്ലാഹുവേ, എന്റെ കാര്യങ്ങൾക്ക് സുരക്ഷിത



റ്റവും ഭക്തനാണ് അവരിൽ ഏറ്റവും ആദരണീയൻ" (ബുഖാരി).

ഇസ്‌ലാമല്ലാത്ത ആദർശത്തിലാണ് വല്ലവരും മാന്യത തേടുന്നതെങ്കിൽ അവൻ മരീചികയിലാണ് നടന്നു നീങ്ങിക്കൊണ്ടിരിക്കുന്നത്. നൈരാശ്യത്തിന്റെയും നാശത്തിന്റെയും പാതയിലാണ് അവൻ സഞ്ചരിച്ചു കൊണ്ടിരിക്കുന്നത്.

ആറ്: സ്ത്രീയുമായി ബന്ധപ്പെട്ട മത വിധികൾ അങ്ങേയറ്റം യുക്തിഭദ്രവും തീർത്തും കുറ്റമറ്റതുമാണെന്നും അതിൽ യാതൊരു ന്യൂനതയും അനീതിയും വീഴ്ചയുമില്ലെന്നതും സ്ത്രീകൾ പ്രത്യേകിച്ച് അറിയൽ അനിവാര്യമാണ്. തന്റെ തീരുമാനത്തിൽ യുക്തിജ്ഞനും ദാസന്മാരെ സൂക്ഷ്മമായി കണ്ടറിയുന്നവനും ദാസന്മാർക്ക് നന്മയും വിജയവും ഇഹപര സൗഭാഗ്യവും എവിടെയാണെന്ന് സസൂക്ഷ്മം അറിയുന്നവനുമായ ഏറ്റവും വലിയ വിധികർത്താവും ലോകരക്ഷിതാവുമായ അല്ലാഹുവിൽ നിന്ന് അവ തീർണമാണ് പ്രസ്തുത വിധികളെന്നിരിക്കെ അവയിൽ എങ്ങനെയാണ് ന്യൂനതയും കുറവും അനീതിയും കുറ്റവുമുണ്ടാവുക!

അതിനാൽ തന്നെ സ്ത്രീകളുമായി ബന്ധപ്പെട്ടതോ അല്ലാത്തതോ ആയ അല്ലാഹുവിന്റെ വിധികളിൽ വല്ലതിനെ കുറച്ചും അതിൽ അനീതിയുണ്ട്, അന്യായമുണ്ട്, അവകാശലംഘനമുണ്ട്, പിഴവുണ്ട് എന്നൊക്കെ പറയുന്നത് ഏറ്റവും വലിയ അതിർലംഘനവും അതികഠിനമായ കുറ്റവും അധിക്ഷിപ്തതയുമാണ്. വല്ലവനും അങ്ങനെയൊക്കെ പറഞ്ഞാൽ, അവൻ തന്റെ റബ്ബിനെ കണക്കാക്കേണ്ട വിധം കണക്കാക്കിയിട്ടില്ല. റബ്ബിനെ ആദരിക്കേണ്ട വിധം ആദരിച്ചിട്ടുമില്ല. പരമോന്നതനായ അല്ലാഹു പറയുന്നു:

"നിങ്ങൾക്കെന്തു പറ്റി? അല്ലാഹുവിന് ഒരു ഗാംഭീര്യവും നിങ്ങൾ പ്രതീക്ഷിക്കുന്നില്ല"(71:13) അഥവാ, അവനെ ആദരിക്കുന്നവർ അവനോട് പെരുമാറുന്നതു പോലെ നിങ്ങൾ അവനോട് പെരുമാറുന്നില്ല. തൗഖീർ (ഗാംഭീര്യം നൽകൽ) എന്നത് തഅ്ളീമ്(ആദരിക്കൽ) ആകുന്നു. അല്ലാഹുവിന്റെ വിധികൾ സ്വീകരിക്കലും ആജ്ഞകൾ അനുസരിക്കലും അവന്റെ വിധികളിലും കൽപനകളിലുമാണ് സുരക്ഷയും പരിപൂർണതയും ഔന്നത്യവും ഉള്ളതെന്ന് വിശ്വസിക്കലും അവനോടുള്ള ആദരവിൽ പെട്ടതാണ്. വല്ലവനും ഇതിന്നെതിരിൽ അവയെ കുറിച്ച് വിശ്വസിച്ചാൽ അല്ലാഹുവിനെ ആദരിക്കുന്നതിൽ നിന്ന് അവൻ ഏറെ ദൂരെയായിരിക്കുന്നു. ഇഹത്തിലും പരത്തിലും അവൻ അപമാനത്തിലും അക്ഷേപത്തിനും ഏറെ അർഹനുമായിരിക്കുന്നു.

സുപ്രധാനങ്ങളായ അടിസ്ഥാനങ്ങളും മഹത്തായ നിയമങ്ങളുമാകുന്നു ഈ അടിത്തറകൾ. ഈയൊരു വിഷയത്തിനു മുന്നോടിയായി ഇവ അറിയലും ശ്രദ്ധിക്കലും അഭികാമ്യമാണ്. **(തുടരും)**

ത്വമായ എന്റെ ദീനിനെ നീ നന്നാക്കേണമേ. എന്റെ ജീവിതമുള്ള ദുനിയാവിനെയും നീ നന്നാക്കേണമേ. എന്റെ മടക്കമുള്ള പരലോകത്തെയും നീ നന്നാക്കേണമേ. എല്ലാ നന്മകളുടെ വിഷയത്തിലും ജീവിതം എനിക്കു നീ വർധിപ്പിച്ചു തരേണമേ. എല്ലാ വിപത്തുകളിൽനിന്നും മരണത്തിലൂടെ നീ എനിക്ക് ആശ്വാസമേകണമേ."

തന്റെ കാര്യങ്ങൾ നേരെയാവുക, വിഷയങ്ങൾ ശരിയാവുക, തനിക്കുള്ള ആദരവും ബഹുമാനവും പുലരുക തുടങ്ങിയ വിഷയങ്ങളിൽ ഒരാൾക്കും തന്റെ രക്ഷിതാവിനെ കൂടാതെ സ്വയം പര്യാപ്തനാകുവാൻ കഴിയില്ലെന്നതിന് ഈ ഹദീഥിൽ തെളിവുണ്ട്.

അഞ്ച്: അല്ലാഹുവിങ്കൽ താൻ ആദരണീയനാവുക എന്നത് ഒരു മുസ്‌ലിം ഈ ഭൗതിക ലോകത്തെ തന്റെ ഏറ്റവും വലിയ ഉദ്ദേശ്യമാക്കണം. അങ്ങനെ അവനുള്ള അല്ലാഹുവിന്റെ ആദരവ് നേടുന്നതിനും ആദരണീയരായ തന്റെ ദാസന്മാർക്ക് അവൻ ഒരുക്കിയതു കൊണ്ട് അവൻ സൗഭാഗ്യവാനാകുന്നതിനു വേണ്ടിയുമാണത്. അവരെ കുറിച്ചാണല്ലോ അല്ലാഹു പറഞ്ഞത്:

"അത്തരക്കാർ സ്വർഗത്തോപ്പുകളിൽ ആദരിക്കപ്പെടുന്നവരാകുന്നു" (49: 35).

ഇതത്രെ യഥാർഥ കറാമത്ത്. രഹസ്യത്തിലും പരസ്യത്തിലും ദൃശ്യത്തിലും അദൃശ്യത്തിലും അല്ലാഹുവിലുള്ള ഭയഭക്തി സാക്ഷാൽകരിച്ച് കൊണ്ടു മാത്രമാണ് അത് നേടിയെടുക്കുന്നത്.

"തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു" (70: 13).

അബൂഹുറയ്റ(റ)യിൽനിന്ന് ഇമാം ബുഖാരി നിവേദനം ചെയ്യുന്ന ഹദീഥിൽ ഇപ്രകാരമുണ്ട്.

"തിരുനബി(ﷺ)യോട് ചോദിക്കപ്പെ്പു: ജനങ്ങളിൽ അത്യാദരണീയൻ ആരാണ്? നബി(ﷺ) പ്രതിവചിച്ചു: ഏ

ദുൽക്കർഷാൻ. എ
dulkaralr@gmail.com

ലേഖനം




# മൊബൈൽ ഫോണിൽ കുരുങ്ങുന്ന ജീവിതങ്ങൾ

ഇന്ന് ലോകത്ത് ആശയവിനിമയ രംഗത്ത് ഏറ്റവും കൂടുതൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് മൊബൈൽ ഫോൺ. ആധുനികരുടെ എല്ലാ താൽപര്യങ്ങൾക്കും ഒത്തിണങ്ങിയ ഒരു ഉപകരണം!

മനുഷ്യ മനസ്സുകളെ കൂട്ടിയിണക്കാനും തമ്മിലകറ്റാനും സ്ഥാപനങ്ങളുടെ ഉന്നമനത്തിനും വ്യാവസായിക രംഗത്തെ കുതിപ്പുകൾക്കും പ്രസ്ഥാനങ്ങളുടെ പുരോഗതിക്കും പാർട്ടികളുടെ വളർച്ചക്കും രാജ്യത്തിന്റെ അഭിവൃദ്ധിക്കുമെല്ലാം ഉപയുക്തമായ ഒരു കൊച്ചു ഉപകരണം. ഒരു വീട്ടിൽ അഞ്ച് അംഗങ്ങളുണ്ടെങ്കിൽ ആ വീട്ടിൽ എട്ട് മൊബൈലുകളെങ്കിലും ഉണ്ടാകും എന്നു പറയുന്നതിൽ അതിശയോക്തി ഒട്ടുമില്ല.

പ്രായ വ്യത്യാസമില്ലാതെ ആർക്കും ഉപയോഗിക്കാവുന്ന ഈ ഉപകരണം ആധുനിക സാങ്കേതിക വിദ്യകളുടെ വളർച്ചക്കനുസരിച്ച് അനുദിനം വലിപ്പത്തിലും മോഡലിലും പ്രോഗ്രാമിംഗിലും വർണത്തിലും വിലയിലുമെല്ലാം മാറ്റത്തിന് വിധേമായിക്കൊണ്ടേയിരിക്കുകയാണ്. ലോകത്തിന്റെ ഏതേതുകോണുകളിൽ നടക്കുന്ന സംഭവവികാസങ്ങളും അനായാസം തൽസമയം ദൃശ്യമാക്കാൻ കഴിയുന്ന ആൻഡ്രോയിഡ് ഫോണുകളാണ് യുവാക്കളും കൗമാരക്കാരും ഏറെ ഉപയോഗിക്കുന്നത്.

ഒരു വിശ്വാസി തന്റെ ഫോൺ സംഭാഷണങ്ങളും ഉപയോഗങ്ങളുമൊക്കെ തനിക്ക് എല്ലാവിധ അനുഗ്രഹങ്ങളും നൽകിയ തന്റെ രക്ഷിതാവിന്റെ വിധിവിലക്കുകൾക്ക് അനുസരിച്ചായിരിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതുണ്ട്. ലോകത്ത് അശ്ലീല സൈറ്റുകൾ സന്ദർശിക്കുന്നതിൽ ഇന്ത്യ മൂന്നാം സ്ഥാനത്താണത്രെ! എത്ര വലിയ ജനക്കൂട്ടത്തിലും തിന്മയിൽ തനിച്ചാകാൻ മൊബൈലിനു കഴിയും. അതിൽ തിന്മയുടെ വലിയ ചതിക്കുഴികളുണ്ട്. അതിന്റെ ദുരുപയോഗം പ്രായ, ലിംഗഭേദമില്ലാതെ ആളുകളെ വഴിതെറ്റിക്കുന്നുണ്ട്. ഗുണങ്ങളേറെയുണ്ടെങ്കിലും അതിന്റെ ദുരുപയോഗത്തിനാണ് പലരും താൽപര്യം കാണിക്കുന്നത്. "...തീർച്ചയായും മനസ്സ് ദുഷ്പ്രവർത്തിക്ക് ഏറെ പ്രേരിപ്പിക്കുന്നത് തന്നെയാകുന്നു. എന്റെ രക്ഷിതാവിന്റെ കരുണ ലഭിച്ച മനസ്സൊഴികെ..." (സൂറഃ യൂസുഫ്: 53).

രോഗിയെ സന്ദർശിക്കാനെത്തുന്നവർ വാട്ട്സാപ്പിലും ഫെയ്സ്ബുക്കിലും ലയിച്ച് രോഗിയെയും കുടുംബത്തെയും പ്രയാസപ്പെടുത്തുന്നു, മയ്യിത്ത് സന്ദർശിക്കുന്നവരുടെ മുഖഭാവങ്ങൾ മൊബൈൽ ക്യാമറയിലൂടെ ഒപ്പിയെടുക്കുന്നു, ആക്സിഡന്റ് പറ്റിയ

വരെ രക്ഷിക്കാൻ ശ്രമിക്കാതെ ദയനീയ രംഗങ്ങൾ പകർത്തി സാമൂഹ്യമാധ്യമങ്ങളിൽ തൽസമയം അപ്ലോഡ് ചെയ്ത് ലൈക്കുകളുടെയും ഷെയറുകൾകളുടെയും എണ്ണമെടുത്ത് നിർവൃതി കൊള്ളുന്നവർ, എന്തിനേറെ, ബോർഡിൽ എഴുതുന്നതിനിടെ ചോക്ക് താഴെവീണതെടുക്കാൻ കുനിഞ്ഞ അധ്യാപികയുടെ ഫോട്ടോ എടുത്ത് ഷെയർ ചെയ്ത വിദ്യാർഥികൾ... ഇതെല്ലാം നൽകുന്ന സന്ദേശമെന്താണ്? കാരുണ്യവും നന്മയും വറ്റിവരണ്ട തരിശുനിലങ്ങളായി മാറ്റിയിരിക്കൊണ്ടിരിക്കുന്നു അനിയന്ത്രിതമായ മൊബൈൽ ഉപയോഗം ഇന്നത്തെ യുവ മനസ്സുകളെ എന്ന് വിലയിരുത്തേണ്ടിവരുന്നു.

സംസാരത്തിൽ മിതത്വവും സൂക്ഷ്മതയും പാലിക്കുക. അറിയാതെ വരുന്ന മിസ്ഡ് കോളുകളും റോംഗ് നമ്പറുകളും പിന്നീട് വലിയ ദുരന്തങ്ങളിലേക്ക് യുവതികളെയും വിദ്യാർഥിനികളെയും വീട്ടമ്മമാരെയുമൊക്കെ എത്തിക്കുന്ന സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. വിവാഹമോചനങ്ങളും ആത്മഹത്യകളും വർധിച്ചുകൊണ്ടിരിക്കുന്നു!

താൻ കാണുന്നതും കേൾക്കുന്നതും സംസാരിക്കുന്നതുമെല്ലാം അല്ലാഹു അറിയുന്നുവെന്നും വളരെ കൃത്യമായി അതെല്ലാം രേഖപ്പെടുത്തുന്നുണ്ട് എന്നും ബോധമുള്ള ഒരാൾക്ക് മൊബൈൽ ദുരുപയോഗം ചെയ്യാൻ സാധ്യമല്ല.

അല്ലാഹു പറയുന്നു: "വലതുഭാഗത്തും ഇടതുഭാഗത്തും ഇരുന്നുകൊണ്ട് ഏറ്റുവാങ്ങുന്ന രണ്ടുപേർ ഏറ്റുവാങ്ങുന്ന സന്ദർഭം. അവൻ ഏതൊരു വാക്ക് ഉച്ചരിക്കുമ്പോഴും അവന്റെ അടുത്ത് തയ്യാറായി നിൽക്കുന്ന നിരീക്ഷകൻ ഉണ്ടാവാതിരിക്കുകയില്ല" (സൂറഃ ക്വാഫ്: 17,18).

അല്ലാഹുവിന്റെ നിരീക്ഷണത്തിൽ നിന്ന് ഒരു സെക്കന്റ് പോലും ഒഴിഞ്ഞുമാറാൻ ഒരാൾക്കും കഴിയില്ല. പാതിരാത്രികളിൽ റൂമിന്റെ വാതിലടച്ച്, ജനാലകളുടെ കർട്ടൺ ശരിയാക്കി, കറങ്ങുന്ന ഫാനിന്റെ വേഗത കൂട്ടി, ശബ്ദം പുറത്ത് പോകാതിരിക്കാൻ ചെവിയിലേക്ക് ഹെഡ്സെറ്റ് ഘടിപ്പിച്ച് അശ്ലീല സൈറ്റുകളിൽ വിരാജിക്കുകയും എല്ലാം ആസ്വദിച്ച് കഴിയുമ്പോൾ മറ്റുള്ളവരുടെ കണ്ണിൽപെടാതിരിക്കാൻ ഹിസ്റ്ററി ക്ലിയർ ചെയ്യുകയും ചെയ്യുന്നവർ അല്ലാഹുവിന്റെ ഈ വചനം ഓർത്താൽ നല്ലത്:

അല്ലാഹു പറയുന്നു: "അവർ ജനങ്ങളിൽ നിന്ന് (കാര്യങ്ങൾ) ഒളിച്ചുവെക്കുന്നു. എന്നാൽ അല്ലാഹുവിൽ നിന്ന് (ഒന്നും) ഒളിച്ചുവെക്കാൻ അവർക്ക് കഴിയില്ല..." (സൂറഃ അന്നിസാഅ്: 108).

"കണ്ണുകളുടെ കള്ളനോട്ടവും, ഹൃദയങ്ങൾ മറച്ച് വെക്കുന്നതും അവൻ (അല്ലാഹു) അറിയുന്നു" (സൂറഃ അൽഗാഫിർ:19).

ദിവസത്തിന്റെ ഭൂരിഭാഗവും വാട്ട്സാപ്പിലും ഫെയ്സ് ബുക്കിലും ചെലവഴിക്കുന്നവരെ നമുക്ക് കാണാൻ സാധിക്കും. ഭാര്യയോടും മക്കളോടുമുള്ള ബാധ്യതകൾ പോലും നിർവഹിക്കാതെ സമയവും ആരോഗ്യവും സമ്പത്തും പാഴാക്കിക്കളയുകയാണിവർ.

നബിﷺപറഞ്ഞു:"രണ്ട് അനുഗ്രഹങ്ങൾ; മനുഷ്യരിൽ അധികപേരും അതിൽ വഞ്ചിതരായിരിക്കുന്നു. ആരോഗ്യവും ഒഴിവുസമയവും."

എന്ത് കണ്ടാലും ഏത് കേട്ടാലും ന്യായവും അന്യായവും നോക്കാതെ, നന്മയും തിന്മയും ഏതെന്ന് ചിന്തിക്കാതെ പ്രതികരിക്കുന്ന വിരൽതുമ്പുകൾ വിളിച്ചോതുന്നത് മനസ്സിന്റെ മരവിപ്പിനെയാണ്. അവയവങ്ങൾ സാക്ഷിപറയുന്ന ലോകത്ത് നമ്മുടെ കണ്ണും കാതും കയ്യും നമുക്കെതിരാവുന്നതിനെ നാം കരുതിയിരിക്കേണ്ടതുണ്ട്.

അല്ലാഹു പറയുന്നു: "അന്ന് നാം അവരുടെ വായകൾക്കു മുദ്രവെക്കുന്നതും അവരുടെ കൈകൾ നമ്മോട് സംസാരിക്കുന്നതും അവർ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി അവരുടെ കാലുകൾ സാക്ഷ്യം വഹിക്കുന്നതുമാണ്" (സൂറഃ യാസീൻ:65).

ഈ ഒരു വിപത്തിൽ പെട്ടവർ പലപ്പോഴും രക്ഷപ്പെടാനുള്ള ശ്രമങ്ങൾ നടത്താറുണ്ടെങ്കിലും വീണ്ടും വീണ്ടും അവരുടെ മനസ്സുകളെ ഇത്തരം തിന്മകളുടെ കരാളഹസ്തങ്ങൾ പിടിമുറുക്കുന്നു എന്നതാണ് വാസ്തവം. എന്നാൽ ആത്മാർഥവും ബോധപൂർവവുമായ ശ്രമങ്ങൾ വിജയിക്കാതിരിക്കില്ല. അതിനുള്ള ചില പരിഹാരമാർഗങ്ങൾ താഴെ പറയുന്നു:

1. അല്ലാഹുവിനെ സൂക്ഷിക്കുക.

2. പശ്ചാത്തപിക്കുക, ആവർത്തിക്കില്ല എന്ന് തീരുമാനമെടുക്കുക.

3. നമസ്കാരം കൃത്യമായി നിർവഹിക്കുക. പുരുഷന്മാർ സാധിക്കുന്നതും പള്ളിയിലെ ജമാഅത്തിൽ പങ്കെടുക്കുക.

4. രാത്രി നമസ്കാരം നിർവഹിക്കുക.

5. ക്വുർആൻ പാരായണം പതിവാക്കുക.

6. സുന്നത്ത് നോമ്പ് അനുഷ്ഠിക്കുക.

7. പ്രബോധന പ്രവർത്തനങ്ങളിൽ മുഴുകുക.

8. മത വിജ്ഞാന സദസ്സുകളിൽ പങ്കെടുക്കുക.

9. തിന്മയുടെ സാഹചര്യങ്ങളിൽ നിന്ന് വിട്ട് നിൽക്കുക.

10. ആവശ്യത്തിന് മാത്രം ഫോൺ ഉപയോഗിക്കുക.


11. ഫോൺ ഉപയോഗത്തിന് നിശ്ചിത സമയം വെക്കുക.

12. ആത്മാർഥമായി പ്രാർഥിക്കുക.

ഫോൺ ഉപയോഗം പാടെ വർജിക്കുക എന്നതല്ല പറഞ്ഞതിന്റെ പൊരുൾ. ആവശ്യങ്ങൾക്ക് മാത്രം വിളിക്കുക. സോഷ്യൽ മീഡിയകളിൽ നിശ്ചിത സമയം മാത്രം വിനിയോഗിക്കുക. അവയെ ഇസ്‌ലാമിക പ്രബോധനത്തിനും ജനങ്ങളുടെ നന്മക്കും വേണ്ടി ഉപയോഗിക്കുക.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

**ആദം നബി عليه السلام: 4**




# ആദംനബി عليه السلام യുടെ പശ്ചാത്താപവും മൗലിദ് കിതാബുകളിലെ കള്ളക്കഥകളും

**അ**ല്ലാഹുവിന്റെ കൽപനയോട് തങ്ങൾ സ്വീകരിച്ച സമീപനം ശരിയായില്ലെന്ന് ബോധ്യമായ ആദംനബിعليه السلامയും ഹവ്വയും അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങി. തെറ്റ് സംഭവിച്ചാൽ അല്ലാഹുവിലേക്ക് ഖേദിച്ച് മടങ്ങലാണല്ലോ ശരിയായ മാർഗം. പിശാച് അല്ലാഹുവിന്റെ കൽപനയോട് സ്വീകരിച്ച സമീപനം ശരിയായില്ലെന്ന് മനസ്സിലാക്കിയിട്ടും അവൻ അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങുന്നതിന് പകരം കൂടുതൽ ന്യായീകരിച്ച് അഹന്ത കാണിക്കുകയാണ് ചെയ്തത്. അതിനാൽ അവൻ എക്കാലത്തേക്കുമായി ശപിക്കപ്പെടുകയും ചെയ്തു. എന്നാൽ ആദംعليه السلامയും ഹവ്വായും അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയാണ് ചെയ്തത്. അത് ക്വുർആൻ ഇപ്രകാരം വിവരിക്കുന്നു.

“അനന്തരം ആദം തന്റെ രക്ഷിതാവിങ്കൽ നിന്ന് ചില വചനങ്ങൾ സ്വീകരിച്ചു. (ആ വചനങ്ങൾ മുഖേന പശ്ചാത്തപിച്ച) ആദമിന് അല്ലാഹു പാപമോചനം നൽകി. അവൻ പശ്ചാത്താപം ഏറെ സ്വീകരിക്കുന്നവനും കരുണാനിധിയുമത്രെ”(2:37).

തെറ്റുകൾ സംഭവിച്ചാൽ ഉടൻ തൗബ ചെയ്ത് മടങ്ങണം. അതു അല്ലാഹു വിശ്വാസികളുടെ ഗുണമായി നമുക്ക് പറഞ്ഞുതന്നിട്ടുമുണ്ട്:

“വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തുപോയാൽ അല്ലാഹുവെ ഓർക്കുകയും, തങ്ങളുടെ പാപങ്ങൾക്ക് മാപ്പു തേടുകയും ചെയ്യുന്നവക്കു വേണ്ടിയും (സ്വർഗം തയ്യാറാക്കപ്പെട്ടിരിക്കുന്നു). പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്? ചെയ്തുപോയ (ദുഷ്)പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ” (3:135).

ആദംعليه السلام അല്ലാഹുവിനോട് നടത്തിയ പശ്ചാത്താപം അല്ലാഹു ക്വുർആനിൽ വ്യക്തമാക്കിയതാണെന്ന് നാം പറഞ്ഞല്ലോ. എന്നാൽ വിശുദ്ധ ക്വുർആനിന്റെ വ്യക്തമായ വചനങ്ങളെ മറച്ചുവെച്ച് ആദം عليه السلامന്റെ അല്ലാഹുവോടുള്ള പശ്ചാത്താപത്തിന്റെ പേരിലും കള്ളക്കഥകൾ സമൂഹത്തിൽ പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ട്.

‘ആദംعليه السلامക്ക് തെറ്റ് പറ്റിയപ്പോൾ (അതിനുള്ള പരിഹാരത്തിനായി) തല അർശിലേക്ക് ഉയർത്തി. എന്നിട്ട് അദ്ദേഹം പറഞ്ഞു: അല്ലാഹുവേ ഞാൻ നിന്നോട് മുഹമ്മദ് നബിയുടെ ഹക്ക് കൊണ്ട് ചോദിക്കുന്നു. അപ്പോൾ അല്ലാഹു ആദമിനോട് ചോദിച്ചു: ആരാണ് മുഹമ്മദ്? ആദംعليه السلام പറഞ്ഞു: നീ എന്നെ സൃഷ്ടിച്ചപ്പോൾ ഞാൻ അർശിലേക്ക് നോക്കി. അപ്പോൾ അതിൽ ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി എന്ന് എഴുതിയത് കണ്ടു. നിന്റെ പേരിന്റെ കൂടെ അദ്ദേഹത്തിന്റെ പേര് എഴുതണമെങ്കിൽ അദ്ദേഹത്തിനുള്ള സ്ഥാനവും അദ്ദേഹത്തിന്റെ മഹത്ത്വവും എത്രയുണ്ടെന്ന് അപ്പോൾ എനിക്ക് മനസ്സിലായി...’ ഹദീഥ് നിദാന പണ്ഡിതന്മാർ ദുർബലമെന്ന് വിധിയെഴുതിയിട്ടുള്ള, വിശുദ്ധ ക്വുർആനിന്റെ വിവരണങ്ങൾക്ക് വിരുദ്ധമായ ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പലരും കഥകൾ മെനഞ്ഞിരിക്കുന്നത്. ഈ വിഷയത്തിൽ ക്വുർആൻ നമ്മെ പഠിപ്പിക്കുന്നത് എ

ന്താണെന്ന് നാം മുമ്പ് മനസ്സിലാക്കിയല്ലോ.

“അനന്തരം ആദം തന്റെ രക്ഷിതാവിങ്കൽ നിന്ന് ചില വചനങ്ങൾ സ്വീകരിച്ചു. (ആ വചനങ്ങൾ മുഖേന പശ്ചാത്തപിച്ച) ആദമിന് അല്ലാഹു പാപമോചനം നൽകി. അവൻ പശ്ചാത്താപം ഏറെ സ്വീകരിക്കുന്നവനും കരുണാനിധിയുമത്രെ(2:37).” ഈ വചനത്തിൽ പശ്ചാത്താപത്തിനായി അല്ലാഹുവിങ്കൽ നിന്ന് ചില വചനങ്ങൾ സ്വീകരിച്ചുവെന്നാണ് പറയുന്നത്. ഏതായിരുന്നു ആ വചനങ്ങൾ എന്ന് അല്ലാഹു ഇവിടെ വ്യക്തമാക്കിയിട്ടില്ല. എന്നാൽ ഇതേ സംഭവം വിശദീകരിക്കുന്ന കൂട്ടത്തിൽ സൂറത്തുൽ അഅ്റാഫിൽ അല്ലാഹു ആ വചനങ്ങൾ എന്തായിരുന്നുവെന്ന് നാം പഠിപ്പിക്കപ്പെട്ടിട്ടുണ്ട്. അത് കാണുക:

“അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും” (7:23).

ഫാത്വിമ മൗലിദ് എന്ന് പറയുന്ന ഒരു ക്ഷുദ്രകൃതിയിലും ശിയാക്കളുടെ കൃതികളിലും തത്തുല്ല്യമായ സംഭവം വിവരിക്കപ്പെട്ടിട്ടുണ്ട്. അവയിൽ എഴുതിപ്പിടിപ്പിച്ചിട്ടുള്ളത് മുഹമ്മദ് നബിﷺ, ഫാത്വിമ ؓ, അലി ؓ, ഹസൻ ؓ, ഹുസൈൻ ؓ തുടങ്ങിയവരുടെ കൂടി ഹക്ക്ജാഹ് ബറകത്തുകൾ കൊണ്ട് ഇടതേടിയെന്നാണ്. അതുപോലെ ആദം ؑ അല്ലാഹുവിനോട് പശ്ചാത്തപിച്ച സമയത്ത് മുഹ്‌യുദ്ദീൻ ശൈഖ് ഉണ്ടായിരുന്നുവെന്ന് മറ്റൊരു വാറോല കൃതിയിലും എഴുതിപ്പിടിപ്പിട്ടുണ്ട്. ഇതൊന്നും വിശുദ്ധ ക്വുർആനോ സ്വഹീഹായ ഹദീഥുകളോ പഠിപ്പിക്കുന്ന കാര്യമല്ലെന്ന് നാം മനസ്സിലാക്കണം. പ്രമാണങ്ങളുടെ പൻബലമില്ലാത്ത ഒന്നിനെയും നാം ഒന്നിനും അടിസ്ഥാനപ്പെടുത്തുവാനും പാടില്ല.

ക്രൈസ്തവർ വിശ്വസിക്കുന്നത് യേശുവിലൂടെയാണ് ആദമിന്റെ പാപം പൊറുക്കപ്പെട്ടതെന്നാണ്. ഇത്തരത്തിൽ യാഥാർഥ്യങ്ങളുമായി യാതൊരു പൊരുത്തവുമില്ലാത്ത വികല വിശ്വാസങ്ങളാണ് അഹ്‌ലുസ്സുന്നഃ വൽ ജമാഅഃയുടെ മാർഗത്തിൽ നിന്ന് വ്യതിചലിച്ചിട്ടുള്ളവർക്കുള്ളതെന്നതാണ് വാസ്തവം.

കെട്ടുകഥകൾക്ക് ജനങ്ങൾ ചെവികൊടുക്കില്ലെന്ന് മനസ്സിലാക്കിയ പുരോഹിതന്മാർ അതിന് അംഗീകാരം ലഭിക്കുന്നതിന് വേണ്ടി മഹാന്മാരായ ഇമാമുകളുടെ മേൽ അവ കെട്ടിവെക്കുകയാണ് ചെയ്തത്. ഹി.852ൽ മരണപ്പെട്ട ഒരാൾ അതിനും എത്രയോ വർഷങ്ങൾക്ക് മുമ്പ് മരണപ്പെട്ട ഇമാം അബൂഹനീഫ(റഹി)യുടെ പേരിൽ ഒരു പുസ്തകം എഴുതി ഇത് അദ്ദേഹത്തിൽ ആരോപിക്കുകയും എന്നിട്ട് പ്രസ്തുത പുസ്തകത്തിൽ ഇമാം അബൂ ഹനീഫ ഈ ഇടതേട്ടം അംഗീകരിച്ചിരുന്നുവെന്ന് ജനങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്നു. പ്രസ്തുത പുസ്തകത്തിൽ പറയുന്നത് കാണുക:

“(നബിയേ) അവിടുന്ന് (എങ്ങനെയുള്ളവനാണ്!). അങ്ങയുടെ പിതാവായ ആദം അങ്ങയെ കൊണ്ട് ഇടതേടിയപ്പോളാണ് കുറ്റങ്ങളിൽ നിന്ന് രക്ഷപ്പെട്ടത്.”

അബൂഹനീഫ(റഹി) ഇങ്ങനെ മരണപ്പെട്ടവരെ ഇടയാളരാക്കി പ്രാർഥിക്കുന്നത് അംഗീകരിച്ചിരുന്ന പണ്ഡിതനായിരുന്നോ? അല്ല, ഒരിക്കലുമല്ല. അദ്ദേഹം പറഞ്ഞത് എന്താണെന്ന് കാണുക:

“പ്രാർഥിക്കുന്നവൻ ഇന്ന ആളുടെ ഹക്ക് കൊണ്ട്, അല്ലെങ്കിൽ നിന്റെ അമ്പിയാഇന്റെയും റസൂലുകളുടെയും ഹക്ക് കൊണ്ട്, അല്ലെങ്കിൽ ബൈത്തുൽ ഹറാമിന്റെയും മശ്അറുൽ ഹറാമിന്റെയും ഹക്ക് കൊണ്ട് ഞാൻ നിന്നോട് ചോദിക്കുന്നു എന്ന് പറയുന്നത് വെറുക്കുന്നു.”

ആദം ؑ ചെയ്ത പ്രാർഥന നബിﷺയെ ഇടയാളനാക്കിക്കൊണ്ടായിരുന്നുവെങ്കിൽ അദ്ദേഹം അതിനെ വെറുക്കുമോ? അപ്പോൾ മുകളിൽ കണ്ട വരികൾ ഒരിക്കലും അദ്ദേഹത്തിന്റെതല്ലെന്ന് വ്യക്തമാണ്.

പിശാച് മനുഷ്യനെ പിഴപ്പിക്കുന്ന മുഴുവൻ മാർഗങ്ങളും മനുഷ്യനു മുന്നിൽ തുറന്നിടുന്നതാണ്. ചിലപ്പോൾ കൽപിക്കപ്പെട്ടതിൽ നിന്ന് നമ്മെ പിന്തിരിപ്പിച്ചുകൊണ്ടും മറ്റു ചിലപ്പോൾ കൽപിക്കപ്പെടാത്തത് ചെയ്യിച്ചും നമ്മെ അവൻ പിഴപ്പിക്കും. നമസ്കാരത്തിന് വിളിക്കപ്പെടുമ്പോൾ; ജോലി തീർത്തിട്ടാകാം, നല്ല കച്ചവടം നടക്കുന്ന സമയമാണ്; പിന്നീടാകാം, ഉറക്കം വരുന്നു; ഉറങ്ങിയിട്ടാകാം... അങ്ങനെയങ്ങനെ പല ദുർമന്ത്രണവും നടത്തി അവൻ നമ്മെ ആരാധനയിൽനിന്നകറ്റി വഴിപിഴപ്പിക്കുന്നു. വിശുദ്ധ ക്വുർആൻ പഠിക്കുന്നതിൽനിന്ന്, അതിൽ തന്നെ ക്വുർആനിന്റെ മജ്ജയായ തൗഹീദിൽ നിന്നാണ് അവൻ മനുഷ്യരെ ഏറ്റവും അധികം അകറ്റാനും കുഴപ്പത്തിലാക്കാനും ശ്രമിക്കുക. ക്വുർആൻ പാരായണത്തിന്റെ തുടക്കത്തിൽ തന്നെ അവനിൽ നിന്ന് അല്ലാഹുവിൽ കാവൽ ചോദിക്കാൻ ക്വുർആൻ നമ്മോട് കൽപിച്ചിട്ടുണ്ടല്ലോ:

“നീ ക്വുർആൻ പാരായണം ചെയ്യുകയാണെങ്കിൽ ശപിക്കപ്പെട്ട പിശാചിൽ നിന്ന് അല്ലാഹുവോട് ശരണം തേടിക്കൊള്ളുക” (16:98).

നമസ്കാരത്തിൽ നാം നടത്തുന്ന പ്രാർഥനയിൽ ‘അല്ലാഹുവേ, തീർച്ചയായും ഞാൻ നരക ശിക്ഷയിൽ നിന്നും ക്വബ്ർ ശിക്ഷയിൽ നിന്നും ജീവിതത്തിന്റെയും മരണത്തിന്റെയും പരീക്ഷണങ്ങളിൽ നിന്നും മസീഹുദ്ദജ്ജാലിന്റെ പരീക്ഷണത്തിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു’ എന്ന് നാം പഠിപ്പിക്കപ്പെട്ടിട്ടുള്ളത് ഓർക്കുക.

ജീവിതത്തിലുള്ള പരീക്ഷണങ്ങൾ പലതാണ്. പിശാച് സംശയങ്ങൾ രൂപപ്പെടുത്തിയും ദേഹേച്ഛകളെ ഇളക്കിവിട്ടും നമുക്കിടയിൽ കുഴപ്പങ്ങൾ ഉണ്ടാക്കും. സംശയങ്ങളിലൂടെ വഴിപിഴപ്പിക്കുന്നതിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗം ക്വുർആനിൽ നിന്നും പ്രവാചക ചര്യയിൽ നിന്നും പുണ്യവാന്മാരായ സ്വഹാബിമാർ മനസ്സിലാക്കിയത് പോലെ അറിവ് സ്വീകരിക്കുകയും മുൻഗാമികളുടെ മാർഗം സ്വീകരിച്ച് നേടിയ അറിവനുസരിച്ച് പ്രവർത്തിക്കലുമാണ്. ദേഹേച്ഛകൾ കൊണ്ടും അവൻ നമ്മെ വഴിപിഴപ്പിക്കും. അതിൽ നിന്ന് രക്ഷപ്രാ

**ക്രൈസ്തവർ വിശ്വസിക്കുന്നത് യേശുവിലൂടെയാണ് ആദമിന്റെ പാപം പൊറുക്കപ്പെട്ടതെന്നാണ്. ഇത്തരത്തിൽ യാഥാർഥ്യങ്ങളുമായി യാതൊരു പൊരുത്തവുമില്ലാത്ത വികല വിശ്വാസങ്ങളാണ് അഹ്‌ലുസ്സുന്നഃ വൽ ജമാഅഃയുടെ മാർഗത്തിൽ നിന്ന് വ്യതിചലിച്ചിട്ടുള്ളവർക്കുള്ളതെന്നതാണ് വാസ്തവം.**

പിക്കാനുള്ള പോംവഴി അല്ലാഹുവിനെ അനുസരിക്കുന്ന കാര്യത്തിൽ അങ്ങേയറ്റത്തെ ക്ഷമ കൈകൊള്ളുക എന്നതാണ്. ക്വുർആൻ പാരായണം ചെയ്തും നബിﷺ പഠിപ്പിച്ചിട്ടുള്ള ദിക്റുകൾ നിത്യജീവതത്തിൽ പ്രാവർത്തികമാക്കിയും ജുമുഅഃ അടക്കം എല്ലാ ഫർദ് നമസ്കാരങ്ങളിലും പള്ളിയിൽ പങ്കെടുക്കുകയും നന്മയുടെയും സൂക്ഷ്മതയുടെയും ആളുകളുടെ കൂടെ കൂട്ടുകൂടുകയും ദുഷിച്ചവരോടുള്ള സഹവാസം ഒഴിവാക്കുകയും ചെയ്ത് ജീവിക്കുന്നതിലൂടെ മാത്രമെ പൈശാചിക ഫിത്നകളിൽ നിന്ന് നമുക്ക് രക്ഷ പ്രാപിക്കാൻ സാധിക്കൂ. അല്ലാഹു നമ്മെ എല്ലാവരെയും പിശാചിന്റെ എല്ലാ ചതിക്കുഴികളിൽ നിന്നും രക്ഷപ്പെടുത്തുമാറാകട്ടെ, ആമീൻ.

ആദം(عليه السلام)യും ഹവ്വായും അല്ലാഹുവിനോട് പശ്ചാത്തപിക്കുകയും അല്ലാഹു അവരുടെ ഇരുവരുടെയും പശ്ചാത്താപം സ്വീകരിക്കുകയും ചെയ്തുവെന്ന് നാം മനസ്സിലാക്കി. തുടർന്നാണ് അവർ ഭൂമിയിൽ താമസമാക്കുന്നത്. ക്രൈസ്തവരുടെ വിശ്വാസം ആദമും ഹവ്വയും ആദമിന്റെ മക്കളായ മറ്റു മനുഷ്യരും പാപികളായാണ് ഭൂമിയിൽ വന്നതെന്നും അവരുടെ പാപം പൊറുക്കപ്പെട്ടത് യേശുവിന്റെ കുരിശിലേറലിലൂടെയാണെന്നാണ്. മുഴുവൻ മനുഷ്യരും ജന്മനാ പാപികളാണെന്നും ആ പാപങ്ങളിൽ നിന്ന് മനുഷ്യർ മുക്തരായത് യേശുവിന്റെ ക്രൂശീകരണത്തിലൂടെയാണെന്നുമുള്ള വിശ്വാസം ഒരിക്കലും അല്ലാഹു പ്രവാചകന്മാരിലൂടെ മനുഷ്യരെ പഠിപ്പിച്ച സന്ദേശങ്ങളിലില്ല. കുരിശിലേറിയ ദിവസത്തെ ക്രൈസ്തവർ ദുഃഖ വെള്ളിയായി ഗണിക്കുന്നു. കുരിശിലേറിയ കാരണത്താൽ മനുഷ്യരെല്ലാം പാപമുക്തരായ കാരണത്താൽ ആ ദിവസത്തെ തന്നെ അവർ 'ഗുഡ് ഫ്രൈഡേ' ആയും ആചരിക്കുന്നു! ഈ വിശ്വാസം ഒരിക്കലും ഇസ്‌ലാം അംഗീകരിക്കുന്നതല്ല. കാരണം, ഒരാളുടെ പാപഭാരവും മറ്റൊരാൾ വഹിക്കുന്നതല്ല. ക്വിയാമത്ത് നാളിൽ ഓരോരുത്തരും അവരവർ ചെയ്ത നന്മതിന്മകളുമായി അല്ലാഹുവിനെ കണ്ടുമുട്ടുക തന്നെ ചെയ്യും. ഇതാണ് എല്ലാ പ്രവാചകന്മാരും ജനങ്ങളെ പഠിപ്പിച്ചത്. ക്വുർആൻ പറയുന്നത് കാണുക:

"അതല്ല, മൂസായുടെയും (കടമകൾ) നിറവേറ്റിയ ഇബ്‌റാഹീമിന്റെയും പത്രികകളിൽ ഉള്ളതിനെ പറ്റി അവന് വിവരം അറിയിക്കപ്പെട്ടിട്ടില്ലേ? അതായത് പാപഭാരം വഹിക്കുന്ന ഒരാളും മറ്റൊരാളുടെ പാപഭാരം വഹിക്കുകയില്ലെന്നും"(53:36, 37).

ഒരാളിൽ വന്ന വീഴ്ചക്ക് മറ്റുള്ളവരെ കുറ്റക്കാരനാക്കുന്നത് അക്രമമാണെന്ന് ഏതൊരാൾക്കും മനസ്സിലാകുന്നതാണല്ലോ. അല്ലാഹു മനുഷ്യരെ സൃഷ്ടിക്കുന്നത് ശുദ്ധ പ്രകൃതിയിലാണ്. നബിﷺ പറയുന്നത് കാണുക:

"എല്ലാ കുഞ്ഞും ജനിക്കുന്നത് ശുദ്ധ പ്രകൃതിയിലാണ്. എന്നിട്ട് അവന്റെ മാതാപിതാക്കളാണ് അവനെ യഹൂദിയും ക്രിസ്ത്യാനിയും മജൂസിയുമാക്കുന്നത്"(ബുഖാരി, മുസ്‌ലിം).

ഇസ്‌ലാം പഠിപ്പിക്കുന്നത് പോലെ ഒരാൾ ഹജ്ജ് നിർവഹിക്കുന്നുവെങ്കിൽ അവൻ പാപങ്ങളിൽ വിമലീകരിക്കപ്പെട്ട് ഒരു (ഇപ്പോൾ ജനിച്ച) കുഞ്ഞിനെ പോലെയാകുമെന്ന് നബിﷺ പഠിപ്പിച്ചിട്ടുണ്ട്. ഇതെല്ലാം നമ്മെ പഠിപ്പിക്കുന്നത് ഒരാളും പാപിയായിട്ടല്ല ഈ ഭൂമിയിൽ പിറവിയെടുക്കുന്നതെന്നാണ്.


ആദം(عليه السلام)നെയും ഹവ്വായെയും അല്ലാഹു ഭൂമിയിലേക്ക് അയച്ചശേഷം അവർ എവിടെ വന്നു എന്നൊന്നും പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടു വന്നിട്ടില്ല. എന്നാൽ പലരും ആദം(عليه السلام) ഇറങ്ങിയത് ശ്രീലങ്കയിലാണെന്നും ഹവ്വാഅ് സുഊദിയിലെ ജിദ്ദയിലാണെന്നും പ്രചരിപ്പിക്കുന്നത് കേൾക്കാം. 'വല്ലിമ്മ' എന്നർഥത്തിലുള്ള ജദ്ദഃ എന്നായിരുന്നു അതിന്റെ പേരെന്നും പിന്നീട് അത് ജിദ്ദഃ എന്നായതാണെന്നുമൊക്കെ വിശദീകരിക്കാറുണ്ട് പലരും. അതുപോലെ അവർ ഇരുവരും ഭൂമിയിൽ ആദ്യമായി കണ്ടുമുട്ടിയത് അറഫയിൽ വെച്ചായിരുന്നുവെന്നും പറയാറുണ്ട്. പലയിടങ്ങളിലും അവരുടെ കാൽ പാദങ്ങളെന്ന് പറഞ്ഞ് പ്രത്യേകമാക്കി അടയാളപ്പെടുത്തിയതും കാണാം. ഇതിനൊന്നും യാതൊരു തെളിവുമില്ല.

ഇബ്നു ബാസ്(റഹി) ചോദിക്കപ്പെട്ടു: 'ആദം(عليه السلام) ശ്രീലങ്കയിലാണ്, (അതിൽ തന്നെ) സറന്ദീബ് എന്ന ഏരിയയിലാണ് ഇറങ്ങിയത് എന്നത് ശരിയാണോ അല്ലേ? അദ്ദേഹം ഉത്തരം നൽകി: 'ഇതിന് യാതൊരു അടിത്തറയുമില്ല. അതിന്റെ സ്വീകാര്യതയും അറിയപ്പെട്ടിട്ടില്ല. അദ്ദേഹത്തിന്റെ ക്വബ്റും അറിയപ്പെട്ടിട്ടില്ല. അദ്ദേഹം എവിടെ ഇറങ്ങിയെന്നോ എവിടെ ക്വബ്റടക്കപ്പെട്ടുവെന്നോ ഒന്നും അറിയപ്പെട്ടിട്ടില്ല.' (നൂറുൻ അലദ്ദർബ്).

ഇബ്നു അബ്ബാസ്(رضي الله عنه)വിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട ഒരു റിപ്പോർട്ടിൽ ജിബ്‌രീൽ(عليه السلام) മലക്കുകളെയും കൊണ്ട് ആദമിന്റെ (ജനാസ) നമസ്കരിക്കുകയും മസ്ജിദുൽ ഖൈഫിൽ അദ്ദേഹം ക്വബ്റടക്കപ്പെടുകയും ചെയ്തു എന്ന് വന്നിട്ടുണ്ട്. എന്നാൽ ഇമാം ദാറക്വുത്നിയെപോലെയുള്ളവർ ആ റിപ്പോർട്ടിൽ അബ്ദുർറഹ്മാനുബ്നു മാലിക്ബ്നു സഗൂൽ എന്നൊരു നിവേദകൻ ഉണ്ട്. അദ്ദേഹം ഉപേക്ഷിക്കപ്പെടേണ്ടവൻ ആണെന്നും പറഞ്ഞിട്ടുണ്ട്. ആദം(عليه السلام) ന്റെ ക്വബ്റ് ശൈഖ് ഇബ്നു ബാസ്(رحمه الله) പറഞ്ഞത് പോലെ എവിടെയാണെന്ന് സ്വീകാര്യമായ തെളിവുകളാൽ സ്ഥിരപ്പെട്ടുവന്നിട്ടില്ല എന്നർഥം.

അബ്ദുൽ മലിക് അൽകാസിം





# ദഅ്വത്ത്: ചില സുപ്രധാന ഫത്‌വകൾ

**മുൻഗണനാക്രമം**

*ഇസ്‌ലാമിലേക്കുള്ള ദഅ്വത്ത് അതിശ്രേഷ്ഠമായ സന്ദേശമെത്തിക്കലാണല്ലോ. വർത്തമാന കാലത്ത് ഒരു പ്രബോധകൻ അനിവാര്യമായും കൈകാര്യംചെയ്യേണ്ട വിഷയങ്ങൾ ഏതെല്ലാമാണ്?*

അല്ലാഹുവിലേക്കും ഇസ്‌ലാമിലേക്കുമുള്ള ദഅ്വത്ത് മുഴുവൻ മുർസലുകളുടെയും ദഅ്വത്താണെന്നതിൽ യാതൊരു സംശയവുമില്ല. അല്ലാഹു മുഴുവൻ മുർസലുകളെ നിയോഗിച്ചതും വേദഗ്രന്ഥങ്ങൾ അവതരിപ്പിച്ചതും അവനിലേക്ക് ക്ഷണിക്കുന്നതിനുവേണ്ടിയാണ്. വേദഗ്രന്ഥങ്ങളിൽ അതിമഹത്തരവും അതിശ്രേഷ്ഠവും അവസാനത്തേതുമായ വിശുദ്ധ ക്വുർആൻ മുഴുവനും അല്ലാഹുവിലേക്കുള്ള ക്ഷണവും ഇസ്‌ലാമിനെക്കുറിച്ച് സന്തോഷമറിയിക്കലും അതിനെതിരിലിലുള്ളതിനെക്കുറിച്ച് മുന്നറിയിപ്പ് നൽകലും ഉത്കൃഷ്ട ഗുണങ്ങളിലേക്കും ഉത്തമ പ്രവൃത്തികളിലേക്കുമുള്ള ക്ഷണവും ദുർഗുണങ്ങളെ കുറിച്ചും ദുർവൃത്തികളെ കുറിച്ചും അപായ അറിയിപ്പ് നൽകലുമാണ്.

വർത്തമാനകാലത്തായാലും എത് കാലഘട്ടങ്ങളിലായാലും പരമപ്രധാനമായത് അല്ലാഹുവിന്റെ തൗഹീദിലേക്കും ഇബാദത്ത് അവനുമാത്രം നിഷ്കളങ്കമാക്കുന്നതിലേക്കുമുള്ള ദഅ്വത്ത് ആകുന്നു. അല്ലാഹുവിന്റെ നാമവിശേഷണങ്ങൾ വ്യക്തമാക്കുകയും അവയിൽ വിശ്വസിക്കുന്നതോടൊപ്പം അല്ലാഹുവിന്റെ മഹത്ത്വത്തിന് അനുയോജ്യമാംവിധം തഹ്‌രീഫും (മാറ്റിത്തിരുത്തൽ) തംഥീലും (കോലപ്പെടുത്തൽ) തഅ്ത്വിലും (നിരാകരിക്കൽ) തക്‌യീഫും (എങ്ങനെയെന്നു പറയൽ) ഇല്ലാതെ അവ സ്ഥിരീകരിക്കുന്നതിലേക്കും ദഅ്വത്ത് നടത്തുകയാണ് വേണ്ടത്. അല്ലാഹുവിന്റെ നാമ വിശേഷണങ്ങളെ ഈ വിധം സ്വീകരിക്കുന്നത് വിശുദ്ധ ക്വുർആൻ വചനങ്ങളെ പ്രയോഗവൽകരിച്ചാണ്. അല്ലാഹു പറഞ്ഞു:

"(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും" (വി.ക്വു.അൽഇഖ്‌ലാസ്).

"ആകയാൽ അല്ലാഹുവിനു നിങ്ങൾ ഉപമകൾ പറയരുത്. തീർച്ചയായും അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല" (അന്നഹ്ൽ: 74).

"ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവാകുന്നു (അവൻ.) നിങ്ങൾക്കുവേണ്ടി നിങ്ങളുടെ വർഗത്തിൽ നിന്നുതന്നെ അവൻ ഇണകളെ (ഉണ്ടാക്കിത്തന്നിരിക്കുന്നു). അതിലൂടെ നിങ്ങളെ അവൻ സൃഷ്ടിച്ച് വർധിപ്പിക്കുന്നു. അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾ ക്കുന്നവനുമാകുന്നു" (അശ്ശൂറാ:11).

അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന പ്രബോധകരെ സംബന്ധിച്ചിടത്തോളം തൗഹീദുർറുബൂബിയ്യഃ (സൃഷ്ടിച്ച് പരിപാലിക്കുന്നതിലുള്ള അല്ലാഹുവിന്റെ ഏകത്വം) മുഖവിലക്കെടുക്കുക എന്നത് അവരുടെമേൽ നിർബന്ധമാണ്. ഈ ഏകത്വം മുശ്‌രിക്കുകൾ അംഗീകരിച്ചിരുന്നു. അഥവാ, അല്ലാഹുവാകുന്നു മുഴുവൻ വസ്തുക്കളുടെയും രക്ഷിതാവെന്നും സ്രഷ്ടാവെന്നും അന്നദാതാവെന്നും എന്നെന്നും ജീവിച്ചിരിപ്പുള്ളവനും എല്ലാം നിയന്ത്രിക്കുന്നവനുമെന്നും ഉപകാര ഉപദ്രവങ്ങൾ ഉടമപ്പെടുത്തു ന്നവനെന്നുമുള്ള വിശ്വാസമാണ് തൗഹീദുർറുബൂബിയ്യഃ. ഈ വിശ്വാസം മുസ്‌ലിംകളുടെ അടുക്കലും അമുസ്‌ലിംകളുടെ അടുക്കലും അറിയപ്പെട്ടതായിരുന്നു. അബൂജഹലടക്കമുള്ള ക്വുറൈശീ കുഫ്ഫാറുകൾ ഇത് അറിഞ്ഞിരുന്നു. അവർ തൗഹീദുർറുബൂബിയ്യഃ അംഗീകരിച്ചതിനാൽ, തൗഹീദുൽ ഉലൂഹിയ്യഃ (ആരാധ്യതയിലുള്ള അല്ലാഹുവിന്റെ ഏകത്വം) നിഷേധിച്ചതിനെതിരിൽ അല്ലാഹു അവർക്കെതിരിൽ തെളിവ് പിടിച്ചു.

തൗഹീദിന്റെ യാഥാർഥ്യം ജനങ്ങൾക്ക് വ്യക്തമാക്കിക്കൊടുക്കൽ പ്രബോധകരുടെമേൽ അവർ എവിടെയായിരുന്നാലും നിർബന്ധമാണ്. അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചതിന്റെ പ്രധാനലക്ഷ്യം അതായിരുന്നല്ലോ. അല്ലാഹുവിൽ പങ്കുചേർക്കുന്നതിനെതിരിൽ- ക്വബ്‌റാളികളെ ആരാധിക്കുക, മരണപ്പെട്ടവരോട് സഹായാർഥന നടത്തുക, അവർക്ക് നേർച്ചയാക്കുക, അവർക്കുവേണ്ടി അറുക്കുക, അവരുടെ ക്വബ്‌റുകളെ ത്വവാഫ് ചെയ്യുക തുടങ്ങി ഇന്ന് മുശ്‌രിക്കുകൾ ചെയ്യുന്ന പ്രവൃത്തികൾക്കെതിരിൽ- ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകൽ പ്രബോധകരുടെമേൽ നിർബന്ധമാണ്. ഇപ്രകാരം തന്നെയാണ് വിഗ്രഹങ്ങളെയും മരങ്ങളെയും കല്ലുകളെയും ജിന്നുകളെയും മലക്കുകളെയും അമ്പിയാക്കളെയും വിളിച്ചാരാധിക്കൽ. എല്ലാം അല്ലാഹുവിൽ പങ്കുചേർക്കുന്നതിൽ പെട്ടതാകുന്നു. ഒരു മനുഷ്യനും, മരണപ്പെട്ടവരോടോ മരത്തോടോ കല്ലിനോടോ വിഗ്രഹത്തോടോ നക്ഷത്രത്തോടോ അദൃശ്യരായ മലക്കുകളോടോ ജിന്നുകളോടോ മറ്റു വല്ലതിനോടോ പ്രാർഥിക്കാൻ പാടുള്ളതല്ല. എന്നുമാത്രമല്ല, ഇതുതന്നെയാണ് അല്ലാഹു വിശുദ്ധ ക്വുർആനിൽ പറഞ്ഞതായ വലിയശിർക്ക്. വലിയ ശിർക്കിനെ കുറിച്ച് അല്ലാഹു പറഞ്ഞു: "തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്" (അന്നിസാഅ്: 48).

"അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല" (അൽ മാഇദഃ: 72).

എന്നാൽ, ജീവിച്ചിരിപ്പുള്ള വ്യക്തിയോട് അയാളുടെ കഴിവിൽപെട്ടത് തേടുന്നതിൽ കുഴപ്പമില്ല. കാരണം, മൂസാ(അ)യും കോപ്റ്റിക് വംശജനും തമ്മിലുള്ള സംഭവത്തിൽ അല്ലാഹു പറയുന്നു:

"അപ്പോൾ തന്റെ കക്ഷിയിൽ പെട്ടവൻ തന്റെ ശത്രുവിഭാഗത്തിൽ പെട്ടവന്നെതിരിൽ അദ്ദേഹത്തോട് സഹായം തേടി" (അൽക്വസ്വസ്: 15).


റസൂലിﷺൽ വിശ്വസിക്കുകയും അദ്ദേഹം മുഴുവൻ മനുഷ്യരിലേക്കും ജിന്നുകളിലേക്കുമുള്ള അല്ലാഹുവിന്റെ ദൂതനാണെന്ന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നതോടൊപ്പം അദ്ദേഹത്തെ പിൻപറ്റൽ നിർബന്ധമാണെന്ന് ജനങ്ങൾക്ക് വ്യക്തമാക്കിക്കൊടുക്കൽ പ്രബോധകന്റെ ബാധ്യതയാണ്. എല്ലാ നബിമാരിലും, അല്ലാഹുവും അല്ലാഹുവിന്റെ ദൂതന്മാരും അറിയിച്ച കാര്യങ്ങളിലും അന്ത്യനാളിലും സ്വർഗ നരകങ്ങളിലും ക്വദ്‌റിലും അതിന്റെ നന്മ-തിന്മയിലും വിശ്വസിക്കൽ നിർബന്ധമാണെന്നും വ്യക്തമാക്കിക്കൊടുക്കൽ പ്രബോധകന് നിർബന്ധമാണ്.

ഈ അതിപ്രധാനങ്ങളായ അടിസ്ഥാനങ്ങൾ, അഥവാ അല്ലാഹുവിന്റെ ഏകത്വം, അവനിലുള്ള വിശ്വാസം, മുർസലുകളിലുള്ള വിശ്വാസം, മുർസലുകളിൽ അന്തിമനും നേതാവുമായ മുഹമ്മദ് നബിﷺയിലുള്ള വിശ്വാസം, അന്ത്യനാളിലും സ്വർഗ നരകങ്ങളിലുമുള്ള വിശ്വാസം, മലക്കുകളിലുള്ള വിശ്വാസം, അമ്പിയാക്കൾക്ക് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം, ക്വദ്‌റിലും അതിന്റെ നന്മതിന്മയിലുമുള്ള വിശ്വാസം എന്നിവ ജനങ്ങൾക്ക് വ്യക്തമാക്കിക്കൊടുക്കൽ പ്രബോധകന് നിർബ ന്ധമാണ്. അതിൽപിന്നെ നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ്, മാതാപിതാക്കൾക്ക് പുണ്യംചെയ്യൽ, കുടുംബബന്ധം പുലർത്തൽ, നന്മ കൽപിക്കൽ എന്നിവയിലേക്കെല്ലാം ക്ഷണിക്കലും, വ്യഭിചാരം, മോഷണം, സമ്പത്തിലും ശരീരത്തിലും അഭി മാനത്തിലും ജനങ്ങളോടുള്ള അക്രമം, ഏഷണി, പരദൂഷണം, പലിശഭുജിക്കൽ, നിഷിദ്ധം സമ്പാദിക്കൽ തു

മൊയ്തു ഉളിക്കൽ
moiduoe@gmail.com

കവിത

# അഹദവനല്ലാതെ വേറെയാര്?



പ്രപഞ്ചനാഥനാം അല്ലാഹുവല്ലാതെ
പ്രാർഥനയ്ക്കുത്തരം ആരു നൽകും?
എല്ലാമറിയുന്ന റബ്ബവനല്ലാതെ
ആരുണ്ട് നമ്മൾക്കഭയമേകാൻ?
പുൽക്കൊടി പോലും പടക്കാൻ കഴിയാത്ത
സൃഷ്ടികൾ നമ്മളെക്കാത്തിടുമോ?
ഏറ്റവും സൂക്ഷ്മമായറിയുന്നോനല്ലാതെ
നമ്മുടെ ഖൽബകം കണ്ടിടുമോ?
നേരായ പാതയിൽ നമ്മെ നയിക്കുവാൻ
കാരുണ്യവാനവൻ മാത്രമല്ലേ?
വെയിലും മഴയും നമുക്ക് നൽകീടുവാൻ
അല്ലാഹുവല്ലാതെയാര് വേറെ?
ഇഹപര സൗഭാഗ്യം നമ്മൾക്ക് നൽകുന്നോൻ
അഹദവൻ മാത്രമാണെന്നറിയൂ.

ടങ്ങിയ തിന്മകൾ വിരോധിക്കലും അല്ലാഹുവിലേക്ക് ദഅ്വത്ത് നടത്തുന്ന ഒരു പ്രബോധകന്റെ ബാധ്യതയാണ്.

**ദഅ്വത്തും സ്ത്രീകളും**

*? സ്ത്രീക്ക് തന്റെ വീടിന് പുറത്ത് ഇസ്‌ലാമിക പ്രബോധനത്തിന് മേഖലകളുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ?*

സ്ത്രീക്ക് തന്റെ വീട്ടിൽ ഭർത്താവ്, വിവാഹബന്ധം നിഷിദ്ധമാക്കപ്പെട്ടവർ തുടങ്ങി തന്റെ കുടുംബത്തിലെ പുരുഷന്മാർക്കും സ്ത്രീൾക്കും ദഅ്വത്ത് നടത്താവുന്നതാണ്. തന്റെ വീടിന് പുറത്തും സ്ത്രീകൾക്ക് ഇസ്‌ലാമിക പ്രബോധനത്തിന് അവസരമുണ്ട്. പക്ഷേ, ഭർത്താവോ വിവാഹബന്ധം നിഷിദ്ധമാക്കപ്പെട്ടവരോ കൂടെയില്ലാതെ യാത്ര പാടുള്ളതല്ല. ഫിത്നഃ ഉണ്ടാകുമെന്ന് ഭയക്കാതിരിക്കുകയും വേണം. വിവാഹിതയാണെങ്കിൽ ഭർത്താവിന്റെ സമ്മതവും സ്ത്രീയുടെ ആവശ്യകത ഉണ്ടാവുകയും വേണം; ദഅ്വത്തിനെക്കാൾ ബാധ്യതയായതും കുടുംബത്തിന് തന്നിൽനിന്ന് ലഭിക്കേണ്ടതുമായ അവകാശം നഷ്ടപ്പെടുത്തിക്കൊണ്ടുമാകരുത്.

**അന്യമതസ്ഥരും ക്വുർആനും**

*? അല്ലാഹു സന്മാർഗം കാണിക്കട്ടെ എന്ന ആഗ്രഹത്താൽ ഒരു ക്രിസ്ത്യാനിക്ക് വായിക്കുവാൻ ക്വുർആൻ പരിഭാഷ നൽകാമോ?*

ദഅ്വത്ത് പ്രവാചകന്മാരുടെ മാർഗമാകുന്നു. അല്ലാഹു പറയുന്നു:

"(നബിയേ,) പറയുക: ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോട് കൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ലതന്നെ" (യൂസുഫ്: 108).

വിശുദ്ധ ക്വുർആൻ ആശയ വിവർത്തനത്തിന്റെ കോപ്പി അയാൾക്ക് നൽകുകയെന്നത് ദഅ്വത്തിന്റെ ഇനങ്ങളിൽ ഒന്നാണ്. അതിനാൽ അതിൽ കുഴപ്പമില്ല.

വിമർശനം

ഹാഷിം കാക്കയങ്ങാട്
mail@nerpatham.com



# വർത്തമാനകാല പ്രതിസന്ധി

## പുര കത്തുമ്പോൾ കഴുക്കോൽ വലിക്കുന്നവരോട്

**മു**മ്പെങ്ങുമില്ലാത്ത വിധം അസ്തിത്വ പ്രതിസന്ധി നേരിടുകയാണ് ഇന്ത്യയിലെ മുസ്‌ലിംകൾ (ഇസ്‌ലാമല്ല). ആർക്കും എവിടെ വെച്ചും അവരെ തല്ലിക്കൊല്ലാൻ അനുവാദം ലഭിച്ച അവസ്ഥയാണുള്ളത്. മുസ്‌ലിമിന്റെ വീടിന് മുന്നിൽ ഒരു പശുവിന്റെ ജഡം കണ്ടെത്തിയാൽ, അതല്ലെങ്കിൽ അവന്റെ വീട്ടിലെ ഫ്രിഡ്ജിനുള്ളിൽ 100 ഗ്രാം ഇറച്ചിയുണ്ടെന്ന് ആരെങ്കിലും പറഞ്ഞാൽ മാത്രം മതി അവൻ കൊല്ലപ്പെടാൻ! ജനാധിപത്യം എന്ന വാക്കിന്റെ അർഥം ആൾക്കൂട്ടത്തിന്റെ പരമാധിപത്യം എന്ന രീതിയിലേക്ക് കാര്യങ്ങൾ അധഃപതിച്ചിരിക്കുന്നു. ഓടുന്ന ട്രെയിനിലും തെരുവിലും, എന്തിന് സ്വന്തം വീട്ടിനകത്ത് പോലും പട്ടിയെയും പാമ്പിനെയുമൊക്കെ കൊല്ലുന്നതിലും നിഷ്ഠൂരമായി അവർ അറുകൊല ചെയ്യപ്പെടുന്നു.

അഖ്‌ലാഖും ജുനൈദും അൻസാരിയും പിന്നെ പേരറിയാത്ത മറ്റൊരു പാട് സഹോദരങ്ങളും മനസ്സിലെ മായാത്ത നൊമ്പരങ്ങളായി നിലനിൽക്കുകയാണ്

മുസ്‌ലിംകളെ തങ്ങളുടെ ഒന്നാം നമ്പർ ശത്രുവായിക്കാണുന്ന സംഘപരിവാർ ഫാസിസ്റ്റുകളാണ് ഈ ക്രൂരതകൾക്കെല്ലാം ചുക്കാൻ പിടിക്കുന്നത്. രാമന്റെ പേരിലായിരുന്നു കഴിഞ്ഞകാലങ്ങളിൽ ഈ ക്രൂരതയെങ്കിൽ ഇപ്പോളത് പശുവിന്റെ പേരിലാണെന്ന വ്യത്യാസം മാത്രമേയുള്ളൂ. അടുത്ത അജണ്ട എന്തായിരിക്കണമെന്ന് നാഗ്പൂരിലെ ആസ്ഥാനത്ത് തീരുമാനമായി വരുന്നുണ്ടാകാം.

മുസ്‌ലിം സമുദായം അനുഭവിക്കുന്ന ഈ അസമാധാനത്തിലും അരക്ഷിതാവസ്ഥയിലും വേദനിക്കാത്ത ഒരാൾ പോലും ഈ സമുദായത്തിലുണ്ടാവില്ല. മുസ്‌ലിം സംഘടനകളുടെ കാര്യവും അങ്ങനെതന്നെയാണ്. വ്യത്യസ്ത വീക്ഷണകോണുകൾ വെച്ച് പുലർത്തുമ്പോഴും പൊതുവിഷയങ്ങളിൽ ഒരുമിച്ച് നിൽക്കുകയെന്ന ഗുണം അവരിൽ നിന്നും നഷ്ടമായിട്ടില്ല. എല്ലാവരും തങ്ങളെക്കൊണ്ടാവുന്ന രീതിയിൽ വ്യത്യസ്ത രീതിയിലുള്ള പ്രചാരണങ്ങൾ നടത്തിവരികയാണ് .

**ഒളിയജണ്ടകൾ ഗുണം ചെയ്യുന്നതാർക്ക്?**

എന്നാൽ ഇതിനൊക്കെയിടയിലും ചില ജമാഅത്ത് സുഹൃത്തുക്കൾ സ്വീകരിച്ച നിലപാട് തീർത്തും അൽപത്തരം നിറഞ്ഞതായിപ്പോയി എന്ന് പറയേണ്ടി വരുന്നതിൽ വിഷമമുണ്ട്. ഈയവസരവും തങ്ങളുടെ സലഫീ വിരോധം പ്രകടിപ്പിക്കാൻ തന്നെയാണ് അവർ ഉപയോഗപ്പെടുത്തുന്നത്! സോഷ്യൽ മീഡിയയിൽ മാത്രം പ്രത്യക്ഷപ്പെട്ട് തങ്ങളുടെ മേൽവിലാസം അറിയിക്കുന്നതിൽ മിടുക്കരായ, സലഫീ വിരുദ്ധത മാത്രം കൈമുതലാക്കിയ ചിലരാണ് ഇതിൽ മുൻപന്തിയിൽ.

സലഫീ പള്ളിയിൽ ഈദ് ഖുത്ബയിൽ അഖ്‌ലാഖും ജുനൈദും ഹാദിയയുമൊക്കെ കടന്നുവന്നത് കേട്ട് ചിലർ അന്തം വിട്ട് പോയത്രെ! സാമൂഹിക വിഷയങ്ങൾ സലഫികൾ കൈകാര്യം ചെയ്യുകയോ? അവർക്ക് രാഷ്ട്രീയമില്ലല്ലോ! കേവലം പള്ളി മൂലയിൽ ദീനിനെ ചുരുട്ടിക്കൂട്ടിയവരെങ്ങനെയാണ് മിമ്പറുകളിലൂടെ ഫാസിസത്തെ കുറിച്ച് സംസാരിക്കുക? അങ്ങനെ പോകുന്നു ചിലരുടെ സംശയങ്ങൾ!

ഇത്തരം സങ്കുചിത പരിഹാസങ്ങൾ നടത്തേണ്ട സമയമാണോ ഇത് എന്നാരെങ്കിലും ചോദിച്ചാൽ ഉത്തരം അത് ചെയ്യുന്നത് ഞങ്ങൾ ജമാഅത്തുകാരാകുമ്പോൾ ഞങ്ങൾക്കത് ഇബാദത്താണ് എന്നാകുന്നു!

മറ്റൊരാൾ പറഞ്ഞത് ജമാഅത്തിന്റെ പള്ളിയിൽ ഈദ് ഖുത്ബ കേട്ട ഒരു സലഫീസുഹൃത്തിന്റെ മൗനനൊമ്പരത്തെ കുറിച്ചാണ്. അക്ബറിനും സാകിർ നായിക്കിനും വേണ്ടി ഖത്വീബ് പ്രാർഥിച്ചപ്പോൾ ആ സലഫീ സുഹൃത്ത് പറഞ്ഞ് പോയത് 'ഇത് നിങ്ങൾക്ക് മാത്രം സാധിക്കുന്ന കാര്യ'മാണെന്നാണ് പോലും! ഒരു സലഫീ പള്ളിയിലും ജമാഅത്തിന് വേണ്ടി പ്രാർഥിക്കുന്നത് അദ്ദേഹം കേട്ടിട്ടില്ലെന്നും എന്നാൽ ജമാഅത്ത് മിമ്പറുകൾ സലഫികൾക്ക് വേണ്ടി പ്രാർഥന യുയർത്തിയത് അവരുടെ ഹൃദയ വിശാലതയുടെ തെളിവായും പ്രസ്തുത വ്യക്തി പറഞ്ഞുവത്രെ!

മറ്റൊരാൾ പറഞ്ഞത് സലഫികൾക്ക് ഇപ്പോഴും ബോധം തെളിഞ്ഞിട്ടില്ല എന്നാണ്. ഉടലിന് മുകളിൽ തല ഉണ്ടാവുമോ എന്ന ഗുരുതരമായ പ്രതിസന്ധി നേരിടുമ്പോഴും സലഫികൾ ചെയ്യുന്നത് നിസ്സാരമായ കാര്യങ്ങളാണ്. ഉദാഹരണം: നിസ്‌കാരത്തിലെ കൈകെട്ട്, താടി നീട്ടൽ, പുരുഷന്മാരുടെ വസ്ത്രത്തിന്റെ ഇറക്കം, സുബ്ഹിലെ ഖുനൂത്ത്, ജിന്ന് ബാധ, സിഹ്ർ... തുടങ്ങിയവ. നവോത്ഥാന പ്രസ്ഥാനം എന്നവകാശപ്പെടുന്നവർ ഇത്തരം തർക്കങ്ങളിൽ അഭിരമിച്ച് സമയം കളയുകയാണെന്നും മുസ്‌ലിം പ്രശ്നങ്ങൾ ഏറ്റെടുത്ത് കൈകാര്യം ചെയ്യാൻ ജമാഅത്ത് മാത്രമെ ഇവിടെയുള്ളൂ എന്നുമാണ് അദ്ദേഹം അവകാശവാദമുന്നയിക്കുന്നത്. ചുരുക്കത്തിൽ ഫാഷിസ്റ്റുകളെ പ്രതിരോധിക്കുന്നതിലും മറ്റും സലഫികൾക്ക് യാതൊരു റോളുമില്ല എന്നാണ് അവരുടെയൊക്കെ വാദം.

**ഒരു ഭാഗത്ത് ഫാസിസ്റ്റ് വിരുദ്ധത ഇടതടവില്ലാതെ എഴുതുകയും പ്രസംഗിക്കുകയും ചെയ്യുക, മറ്റൊരു ഭാഗത്ത് സംഘികളെ വിളിച്ച് സൽക്കരിക്കുകയും ചെയ്യുക എന്ന വൈരുധ്യം നിലവിൽ ജമാഅത്തിന് മാത്രം അവകാശപ്പെട്ടതാണ്. സംഘപരിവാറിന്റെ മാനസപുത്രനായ രാഹുൽ ഈശ്വർ അവർക്ക് സ്വീകാര്യനാകുന്നതിന്റെ രസതന്ത്രം എന്താണെന്ന് എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല. വിശ്വസിച്ച മതമനുസരിച്ച് ജീവിക്കാൻ വിടാതെ സംഘപരിവാർ വേട്ടയാടിക്കൊണ്ടിരിക്കുന്ന ഹാദിയ വിഷയം കത്തി നിന്ന ഈ റമദാനിലും ഇഫ്താർ വിരുന്നൊരുക്കി സംഘി നേതാക്കളെ സൽക്കരിച്ചവർ മറ്റുള്ളവർക്ക് ഫാസിസ്റ്റ് വിരുദ്ധത പഠിപ്പിക്കാൻ ഇനിയും മിനക്കെടരുതെന്നപേക്ഷിക്കുന്നു.**

ബാബരി മസ്ജിദിന്റെ പതന സമയത്ത് 'മതം മനുഷ്യ സൗഹാർദത്തിന്' എന്ന പ്രമേയത്തിൽ പാലക്കാട് കോട്ടമൈതാനിയിൽ നടക്കാനിരുന്ന മുജാഹിദ് സംസ്ഥാന സമ്മേളനം നിർത്തിവെക്കാൻ കേന്ദ്രം ഓർഡറിട്ട ശേഷം അത് തിരുത്തി, നടത്താൻ തന്നെ ഓർഡർ ലഭിക്കത്തക്കവിധം മാതൃകായോഗ്യമായ പ്രവർത്തനം നടത്തുന്ന മുജാഹിദുകളോടാണിത് പറയുന്നത്!

എല്ലാം വാദത്തിന് വേണ്ടി സമ്മതിച്ചു എന്ന് തന്നെ വെക്കുക. അപ്പോഴും ജമാഅത്തിനെ തുറിച്ച് നോക്കുന്ന ചില ഭൂതകാല ചരിത്രങ്ങളുണ്ട്. വൈദേശികാധിപത്യത്തിൽ ഭാരതം ഞെരിഞ്ഞമർന്നിരുന്ന കാലഘട്ടങ്ങളിൽ അവരിൽ നിന്നും ഈ നാടിന് സ്വാതന്ത്ര്യം നേടിക്കൊടുക്കാൻ ഹിന്ദുവും മുസ്‌ലിമും കൈകോർത്ത് പിടിച്ച് മുന്നേറിയപ്പോൾ അതിന് തുരങ്കം വെച്ചവരാണ് ജമാഅത്തെ ഇസ്‌ലാമി എന്നത് വീണ്ടും ഓർമിപ്പിക്കേണ്ടി വന്നതിൽ വിഷമമുണ്ട്. മൗലാനാ അബുൽ കലാം ആസാദ്, വക്കം മൗലവി, സയ്യിദ് സനാഉല്ലാ മക്തി തങ്ങൾ തുടങ്ങിയ സലഫീ ആശയക്കാരായ പണ്ഡിതന്മാർ സ്വാതന്ത്ര്യ സമരം മുസ്‌ലിമിന്റെ മതപരമായ ബാധ്യതയാണെന്ന് പ്രഖ്യാപിച്ച് അതിന്റെ മുന്നണിപ്പോരാളികളായപ്പോൾ അതിൽ നിന്നും സമുദായത്തെ പിന്തിരിപ്പിക്കാനാണ് ജമാഅത്തും മൗദൂദി സാഹിബും ശ്രമിച്ചിട്ടുള്ളത് എന്നാർക്കാണറിഞ്ഞ് കൂടാത്തത്? ലാത്ത പോയി മനാത്ത വരുന്നത് പോലെയുള്ള വ്യത്യാസം മാത്രമെ ബ്രിട്ടീഷ്‌കാർ പോയി

ഇന്ത്യൻ ഗവൺമെന്റ് വരുന്നതിലുള്ളൂ എന്ന് വാദിച്ച വരുടെ ഇപ്പോഴത്തെ മാറ്റം എന്ത് കൊണ്ടും പ്രശംസനീയം തന്നെയാണ്.

തെരഞ്ഞെടുപ്പും വോട്ടിംഗും സർക്കാരുദ്യോഗവുമൊക്കെ ശിർക്കും കുഫ്റുമായി പ്രഖ്യാപിച്ച് മാറി നിന്നവരാണ് ജമാഅത്തുകാർ. അന്നൊക്കെയും മുസ്ലിംകൾക്ക് പക്വമായ രാഷ്ട്രീയം പഠിപ്പിച്ച് കൊടുത്ത് അവരെ വോട്ട് ചെയ്യാൻ പ്രേരിപ്പിക്കുകയും ആയിരക്കണക്കിന് സർക്കാരുദ്യോഗസ്ഥന്മാരെ സമുദായത്തിന് സംഭാവന ചെയ്യുകയും ചെയ്ത സലഫികൾക്കാണ് ഇവർ രാഷ്ട്രീയം പഠിപ്പിക്കുന്നത്!

സലഫീ പള്ളികളിലെ മിമ്പറുകൾ ജുനൈദിനും അഖ്ലാഖിനും ഹാദിയക്കും വേണ്ടി സംസാരിച്ചത് എന്തോ പുതിയ കാര്യമായിട്ടാണ് ജമാഅത്ത് സുഹൃത്തുക്കൾക്ക് അനുഭവപ്പെട്ടതെങ്കിൽ അതിന് മൂന്ന് കാരണങ്ങളാണുണ്ടാവുക. ഒന്നുകിൽ ജീവിതത്തിലാദ്യമായിട്ടായിരിക്കും അവർ സലഫികളുടെ ഖുത്ബ കേട്ടിട്ടുണ്ടാവുക. അല്ലെങ്കിൽ ഖുത്ബക്ക് പോയിട്ട് അവർ ഉറങ്ങിയിട്ടുണ്ടാകും. അതുമല്ലെങ്കിൽ കേവലം മുൻധാരണ. സ്വാതന്ത്ര്യസമര ചരിത്രമൊന്നും 'വിപ്ലവ'പ്പാർട്ടിക്ക് അറിയുകയില്ല എന്നാണോ നമ്മൾ കരുതേണ്ടത്?

മഅ്ദനിയോട് ആദർശപരമായി കടുത്ത ഭിന്നത നിലനിന്നപ്പോഴും അദ്ദേഹം അന്യായമായി തുറുങ്കിലടക്കപ്പെട്ടപ്പോൾ അത് അനീതിയാണെന്ന് ഉറക്കെ വിളിച്ച് പറയാൻ സലഫീ മിമ്പറുകൾ ഇതിന് മുമ്പും ഉപയോഗപ്പെടുത്തപ്പെട്ടിട്ടുണ്ട് എന്നറിയാത്തവരാണോ ജമാഅത്ത് സുഹൃത്തുക്കൾ? പവിത്രമായൊരു ആരാധനാ കർമത്തെ കേവലം രാഷ്ട്രീയപരവും സംഘടനാപരവുമായ പോപ്പുലാരിറ്റിക്ക് വേണ്ടി തെരുവിലേക്ക് വലിച്ചിഴക്കലാണ് സമുദായ സ്നേഹമെന്ന് ആരെങ്കിലും ധരിച്ച് പോയിട്ടുണ്ടെങ്കിൽ അത്തരമൊരു സ്നേഹം സലഫികൾക്കില്ല എന്ന് മനസ്സിലാക്കിക്കൊള്ളുക.

നിസ്സാര കാര്യങ്ങളിൽ തർക്കിച്ച് സമയം കളയുന്നവരാണ് സലഫികളെന്ന ആരോപണത്തിൽ പുതുതായി യാതൊന്നുമില്ലാത്തത് കൊണ്ട് തന്നെ അതിന് പ്രത്യേകിച്ച് മറുപടിയൊന്നും വേണമെന്ന് തോന്നുന്നില്ല. എങ്കിലും അവരറിയാൻ വേണ്ടി പറയുകയാണ്; ഈ വിഷയം സലഫികൾ വേണ്ട സമയത്ത് വേണ്ടത് പോലെ കൈകാര്യം ചെയ്യുക തന്നെ ചെയ്യും. ലക്ഷക്കണക്കിനാളുകൾ പടച്ച റബ്ബിന്റെ സൃഷ്ടികളെ വിളിച്ച് പ്രാർഥിക്കുന്ന ദൗർഭാഗ്യകരമായ അവസ്ഥ നിലനിൽക്കുമ്പോൾ ഏതെങ്കിലും പശു പ്രേമിയുടെ കൈകൊണ്ട് അവർ കൊല്ലപ്പെടുന്നതിന് മുമ്പ് അവർക്ക് ഏകദൈവ വിശ്വാസം പഠിപ്പിച്ച് കൊടുക്കുന്നതിന് തന്നെയാണ് അവർ ഒന്നാം സ്ഥാനം നൽകുന്നത്. ഉടലിൽ നിന്നും തലവേർപെടുത്തപ്പെട്ടാലും മുവഹ്ഹിദായിട്ടാണ് അവൻ മരിക്കുന്നതെങ്കിൽ ദുൻയാവ് മാത്രമെ അവന്ന് നഷ്ടമാവുകയുള്ളൂ, അല്ലാത്ത പക്ഷം അവന്റെ ഇരു ലോകവും നഷ്ടപ്പെടും. ഇതാണ് ഈ വിഷയത്തിൽ സലഫികളുടെ സുചിന്തിതമായ നിലപാട്. ജിന്നിന്റെ പേരിൽ സലഫികളെ കളിയാക്കുന്നതിന് മുമ്പ് ആഗോള നേതാവായ ഹസനുൽ ബന്ന തന്റെ ശിഷ്യന്റെ ഭാര്യയുടെ ശരീരത്തിൽ നിന്നും ജിന്നിനെ അടിച്ചിറക്കിയ കഥയെങ്കിലും ഒന്ന് വായിക്കണം.

ശിർക്ക്, തൗഹീദ് വിഷയങ്ങൾ പോലും നിസ്സാരമായിക്കണ്ട് പന്നിയിറച്ചിയോട് ക്വുർആൻ ചേർത്തു പറഞ്ഞ ശിർക്കൻ ഭക്ഷണം (നേർച്ചച്ചോറ്) ഞാൻ കഴിച്ചു എന്ന് പരസ്യമായി സോഷ്യൽ മീഡിയയിൽ എഴുതി ജാറപൂജകരെ സന്തോഷിപ്പിച്ച സ്വന്തം പ്രവർത്തകനെ ഒന്നു തിരുത്താൻ ഒരു നേതൃത്വമുണ്ടായില്ല എന്നത് ഞങ്ങളെ വേദനിപ്പിക്കുന്നു.

സുന്നത്തുകളോട് പരമപുച്ഛ മനസ്സ് നിലനിൽക്കുന്ന ചില ജമാഅത്ത് സുഹൃത്തുക്കൾ (എല്ലാവരുമല്ല, സുന്നത്ത് സ്നേഹികൾ ക്ഷമിക്കുക) അത് മാറ്റിത്തരാൻ അല്ലാഹുവോട് പ്രാർഥിക്കണം എന്ന് മാത്രമെ താടി, വസ്ത്രം തുടങ്ങിയവയെ കുറിച്ചുള്ള പരാമർശങ്ങളെ സംബന്ധിച്ച് പറയുന്നുള്ളൂ. മ്യൂസിക് വിഷയത്തിൽ ഹദീഥിനെ തള്ളുന്നവർക്കെതിരേ റമദാൻ ക്ലാസിൽ ആഞ്ഞടിച്ച ജമാഅത്ത് പണ്ഡിതന്റെ ശബ്ദം ഒറ്റപ്പെട്ടതാണെങ്കിലും പ്രതീക്ഷാർഹമാണ്.

എന്നാൽ എക്പ്രസ് ഹൈവേ, കൊക്കക്കോള പോലുള്ള ഭൗതിക വിഷയങ്ങളിൽ സംവാദം വരെ വെച്ചവർ തൗഹീദ് എന്ന അടിസ്ഥാന വിഷയത്തെ നിസ്സാരമാക്കിയപ്പോൾ ശിർക്കൻ ചോറ് (കടപ്പാട്: പരലോകം ക്വുർആനിൽ എഥന്ന കെ.സി അബ്ദുല്ല മൗലവിയുടെ പുസ്തകം) തിന്നുന്ന അവസ്ഥയിൽ അണികളെത്തി.

ഒരു ഭാഗത്ത് ഫാസിസ്റ്റ് വിരുദ്ധത ഇടതടവില്ലാതെ എഴുതുകയും പ്രസംഗിക്കുകയും ചെയ്യുക, മറ്റൊരു ഭാഗത്ത് സംഘികളെ വിളിച്ച് സൽക്കരിക്കുകയും ചെയ്യുക എന്ന വൈരുധ്യം നിലവിൽ ജമാഅത്തിന് മാത്രം അവകാശപ്പെട്ടതാണ്. സംഘപരിവാറിന്റെ മാനസപുത്രനായ രാഹുൽ ഈശ്വർ അവർക്ക് സ്വീകാര്യനാകുന്നതിന്റെ രസതന്ത്രം എന്താണെന്ന് എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല. വിശ്വസിച്ച മതമനുസരിച്ച് ജീവിക്കാൻ വിടാതെ സംഘപരിവാർ വേട്ടയാടിക്കൊണ്ടിരിക്കുന്ന ഹാദിയ വിഷയം കത്തി നിന്ന ഈ റമദാനിലും ഇഫ്താർ വിരുന്നൊരുക്കി സംഘി നേതാക്കളെ സൽക്കരിച്ചവർ മറ്റുള്ളവർക്ക് ഫാസിസ്റ്റ് വിരുദ്ധത പഠിപ്പിക്കാൻ ഇനിയും മിനക്കെടരുതെന്നപേക്ഷിക്കുന്നു.

ചുരുക്കത്തിൽ, ഇന്ത്യയിലെ മുസ്ലിംകൾ ഇന്ന് അനുഭവിച്ച് കൊണ്ടിരിക്കുന്ന പ്രതിസന്ധികൾക്കിടയിൽ പരമാവധി ഒന്നിച്ച് നിന്ന് കൊണ്ട് അതിനെ മറികടക്കാനാണ് നാം ശ്രമിക്കേണ്ടത് . ആരുടെയും ആത്മാർഥതയെ ചോദ്യം ചെയ്ത് ആളാവാനല്ല നാം ശ്രമിക്കേണ്ടത്. നമ്മളെല്ലാത്തവരൊക്കെയും വെറും മണ്ടന്മാരാണെന്ന അഹങ്കാരവുമല്ല നമുക്ക് വേണ്ടത്. അടിയുറച്ച വിശ്വാസവും മനമുരുകിയ പ്രാർഥനയും അതോടൊപ്പം സമാധാനവാദികളായ ഭൂരിപക്ഷമതത്തിലെ ഭൂരിപക്ഷമാളുകളെയും ചേർത്തുപിടിച്ച് ഈ വിപൽ ഘട്ടത്തെ ആസൂത്രണ പാടവത്തോടെ ചെറുത്ത് തോൽപിക്കാനുള്ള യജ്ഞത്തിൽ ഒരൊറ്റ മനസ്സോടെ നാം മുന്നേറുക. അല്ലാഹു നമ്മെ വിജയിപ്പിക്കുക തന്നെ ചെയ്യും. ●

അബ്ദുർറഹ്മാൻ ഹസൻ ഹബ്ന്നകതുൽ മീദാനി
വിവ: ശമീർ മദീനി

വിവർത്തനം



# മനുഷ്യൻ അല്ലാഹുവിന്റെ ഖലീഫയോ?

**ആമുഖം**

മനുഷ്യൻ ഭൂമിയിലെ അല്ലാഹുവിന്റെ പ്രതിനിധിയാണെന്ന വാദഗതിയുടെ നിരർഥകത വിശദമാക്കാനാണ് ഈ ലഘു രചന. അതിന്റെ നിരർഥകതയുടെ വശങ്ങൾ വൈജ്ഞാനികമായ അപഗ്രഥനത്തിലൂടെ വിശദമാക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. അത്തരം പദപ്രയോഗങ്ങൾ ശരിയല്ല. കാരണം അല്ലാഹുവിലുള്ള വിശ്വാസവുമായി ബന്ധപ്പെട്ട നമ്മുടെ അക്വീദക്ക് അത് പോറലേൽപിക്കുന്നതാണ്. ഒരിക്കലും ഉദ്ദേശിക്കാൻ പറ്റാത്ത അപകടകരമായ അർഥമാണതിനുള്ളതെന്ന കാര്യം അത് പറഞ്ഞുവിടുന്നവർ ഗ്രഹിക്കുന്നില്ല.

സത്യവും ശരിയായ വശവും മനസ്സിലാക്കിയ ശേഷവും ആ പ്രയോഗത്തിൽ തന്നെ ശഠിച്ചു നിൽക്കുന്നവരോടായി ഞാൻ പറയട്ടെ; ഈ പ്രാർഥന എന്നോടൊപ്പം നിങ്ങളും ആവർത്തിക്കുക:

"അല്ലാഹുവേ, ഞങ്ങൾക്ക് നീ സത്യം സത്യമായി കാണിച്ചുതരികയും അത് പിൻപറ്റാൻ ഞങ്ങളെ നീ അനുഗ്രഹിക്കുകയും ചെയ്യേണമേ, അസത്യത്തെ അസത്യമായി കാണിച്ച് തരികയും അത് കയ്യൊഴിക്കാൻ ഞങ്ങളെ നീ അനുഗ്രഹിക്കുകയും ചെയ്യേണമേ, സർവലോകങ്ങളുടെയും രക്ഷിതാവായ അല്ലാഹുവേ, നീ സ്നേഹിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന നന്മകൾക്കായി ഞങ്ങളെ നീ അനുഗ്രഹിക്കേണമേ..."

മനുഷ്യൻ ഭൂമിയിലെ അല്ലാഹുവിന്റെ ഖലീഫയാണ് എന്ന വാദം നിരർഥകമാണ്.

**ഒന്ന്: പൊതുവായ ആമുഖം**

മനുഷ്യൻ ഭൂമിയിലെ അല്ലാഹുവിന്റെ പ്രതിനിധിയാണെന്ന വാദം അതിന്റെ ആശയത്തെക്കുറിച്ച് അറിവോ ഉൾക്കാഴ്ചയോ അതിന്റെ അർഥതലങ്ങളെക്കുറിച്ച ചിന്തയോ ഇല്ലാതെ രൂപപ്പെട്ട് വന്നതാണ്. പിന്നീടത് പ്രചരിച്ചു. അങ്ങനെ അത് ചിലരുടെയടുക്കൽ സർവാംഗീകൃതമായ തത്ത്വം പോലെയായിത്തീർന്നു. മതചിന്തകളുടെ അടിസ്ഥാനാശയത്തിലേക്ക് വരെ ചിലയാളുകളുടെ നാവിലൂടെ അത് എത്തിച്ചേർന്നു.

സയ്യിദ് റശീദ് രിദാ, മൗദൂദി, സയ്യിദ് ഖുത്ബ് തുടങ്ങിയ പലരുടെയും രചനകളിൽ ഈ വാചകം നമുക്ക് കാണാം. അവരെ പിൻപറ്റിക്കൊണ്ടും അന്ധമായി അനുകരിച്ചുകൊണ്ടും മറ്റുചില പണ്ഡിതന്മാരുടെ നാവുകളിലും അത് സ്ഥാനം പിടിച്ചു. ഈ ചിന്താഗതിയുടെ വേരുകളന്വേഷിക്കാതെയും അതിന്റെ ന്യായാന്യായങ്ങളും മതപരവും ബൗദ്ധികവുമായ യാതൊരു തെളിവുകളും പരിശോധിക്കാതെയാണവർ അങ്ങനെ ചെയ്തത്. അങ്ങനെ ചില സാമ്പത്തിക വിദഗ്ധർ അതിനെ ഒരു അടിസ്ഥാന സിദ്ധാന്തമായി കണ്ടുകൊണ്ട് സാമ്പത്തിക മേഖലയിലെ തങ്ങളുടെ നിരവധി ഗവേഷണങ്ങൾ അവതരിപ്പിക്കുകവരെ ചെയ്തു.

തീർച്ചയായും പ്രത്യക്ഷത്തിൽ ആകർഷണീയമായ, മനുഷ്യരെ ആവേശം കൊള്ളിക്കുന്ന ഒരു വാദഗതിയാണത്. പക്ഷേ, സത്യത്തിൽ അത് നിരർഥകവും ഇസ്‌ലാമിന്റെ അടിസ്ഥാന ആദർശങ്ങൾക്കും വിശ്വാസങ്ങൾക്കും വിരുദ്ധവുമാണ്.

**രണ്ട്: വിശദമായ അപഗ്രഥനം**

പ്രതിനിധിയെ നിശ്ചയിക്കുക എന്നത്, പ്രതിനിധിയെ നിശ്ചയിക്കുന്നയാളുടേത് മാത്രമായ കാര്യങ്ങൾ ആ പ്രതിനിധിക്ക് ഏൽപിച്ചുകൊടുക്കുന്നു എന്ന ആശയമാണ് ഉൾക്കൊള്ളുന്നത്. അങ്ങനെ വരുമ്പോൾ അല്ലാഹു മനുഷ്യനെ ഭൂമിയിലെ തന്റെ പ്രതിനിധിയാക്കി എന്ന വാദം താഴെ പറയുന്ന വാദഗതികളിലേതെങ്കിലും ഉൾകൊള്ളേണ്ടിവരുന്നു.

അതായത് ഒന്നുകിൽ; അതിന്റെ സൃഷ്ടിപ്പിന്റെ ചുമതല എൽപിച്ചുവെന്നോ, അല്ലെങ്കിൽ ഭൂമിയിൽ വിധികൽപിക്കാനും വിരോധിക്കാനുമുള്ള അധികാരം ഏൽപിച്ചുകൊടുത്തുവെന്നോ, അതുമല്ലെങ്കിൽ പ്രപഞ്ചത്തിലെ വസ്തുക്കളിലും സമ്പത്തിലുമൊക്കെ യഥേഷ്ടം പ്രവർത്തിക്കാനുള്ള അധികാരം ഏൽപിച്ചുകൊടുത്തുവെന്നോ പറയേണ്ടിവരും.

അതായത് വിചാരണയോ പ്രതിഫലമോ കൂടാതെ സ്വതന്ത്രമായി കൈകാര്യം ചെയ്യാനുള്ള അവകാശമെന്നർഥം; ഒരു പരിശോധനയോ ഭേദഗതിയോ ഇല്ലാതെ തന്നെ. ഒരു രാജാവോ നായകനോ തനിക്ക് ഒരു പ്രതിനിധിയെ നിശ്ചയിക്കുമ്പോൾ തന്റെ അധികാര പരിധിയിൽ വരുന്ന കാര്യങ്ങൾ പൂർണമായോ ഭാഗികമായോ അയാളെ ഏൽപിച്ചുകൊടുക്കുകയാണ് ചെയ്യുക. പിന്നീട് ഖലീഫയുടെ (പ്രതിനിധിയുടെ) നടപടികൾ നടപ്പിലാവുകയും ചെയ്യുന്നു. അതിനെ വിമർശിക്കുകയോ വിചാരണ നടത്തുകയോ ഭേദഗതി വരുത്തുകയോ ഒന്നും ചെയ്യാതെ തന്നെ. ഒരു സ്ത്രീ തന്റെ വിവാഹത്തിനോ വിവാഹ മോചനത്തിനോ ഉള്ള അധികാരം തന്റെ വലിയ്യിനെ ചുമതലപ്പെടുത്തി ഏൽപിക്കുമ്പോൾ അവൾ അയാൾക്ക് അതിൽ ഇടപെട്ട് പ്രവർത്തിക്കാനുള്ള അവകാശം വകവെച്ച് കൊടുക്കുകയാണ് ചെയ്യുന്നത്.

**പ്രവാചകൻﷺ അല്ലാഹുവിന്റെ നിയമങ്ങൾ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്ന ആൾ മാത്രമാണ്. പ്രവാചകൻ ജീവിച്ചിരിക്കുകയും വഹ്‌യ് നിലയ്ക്കാതിരിക്കുകയും അല്ലാഹുവിന്റെ ഇടപെടലുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുമ്പോൾ നബില തന്റെ ഇജ്തിഹാദിലൂടെ (ഗവേഷണം) പറയുന്ന വിധികൾ, യാതൊരു ഭേദഗതിയും വരുത്താതെ അല്ലാഹു അംഗീകരിക്കുകയും ചെയ്താൽ അത് അല്ലാഹുവിന്റെ തന്നെ വിധിയാണ്. അതിനാൽ റസൂലിന്റെ വിധി അല്ലാഹുവിന്റെ തന്നെ വിധിയായിട്ടാണ് വിശ്വാസികൾ കണക്കാക്കുന്നത്.**

പ്രതിനിധി (ഖലീഫ) ഉടമയെ പോലെത്തന്നെ ഉത്തരവാദിത്തം ഏൽപിക്കപ്പെട്ടവനാണ്. തനിക്ക് നൽകപ്പെട്ടിരിക്കുന്ന കാര്യങ്ങളിൽ സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവകാശം നൽകപ്പെട്ട ഒരു പ്രതിനിധിയോട് അയാളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പിന്നീട് വിചാരണ നടത്തുകയില്ല. അയാളിൽ വിശ്വാസമില്ലെങ്കിൽ ഉടമ അയാളെ പ്രതിനിധിയാക്കി ഉത്തരവാദിത്തമേൽപിക്കുകയില്ല.

അപ്പോൾ സൃഷ്ടിപ്പിന്റെ ചുമതല ഏൽപിച്ചുകൊടുക്കുക എന്നത് ഉണ്ടാകാവതല്ല. ഇസ്‌ലാമിക വിശ്വാസങ്ങളുടെ ബാലപാഠങ്ങളിൽ പെട്ട സംഗതിയാണ് സൃഷ്ടിപ്പ് മുഴുവനും അല്ലാഹുവാണ് നടത്തുന്നത് എന്നത്. അല്ലാഹു ഒരാളെയും ഒരു വസ്തുവിനെയും സൃഷ്ടിക്കാൻ ഏൽപിച്ചിട്ടില്ല. സൃഷ്ടിപ്പിന്റെ കാര്യത്തിൽ അല്ലാഹുവിന് ഒരു പ്രതിനിധിയും ഇല്ല.

എന്നാൽ, മരിച്ചവരെ ജീവിപ്പിക്കുക, കളിമണ്ണ് കൊണ്ട് പക്ഷിരൂപമുണ്ടാക്കിയിട്ട് അതിൽ ഊതുമ്പോൾ അത് പക്ഷിയായി മാറുക തുടങ്ങി ഈസാ നബി(അ)ക്ക് നൽകപ്പെട്ട മുഅ്ജിസത്തുകൾ (ദൈവിക ദൃഷ്ടാന്തങ്ങൾ) ഒന്നും തന്നെ സൃഷ്ടിപ്പിന്റെ ചുമതലയേൽപിക്കപ്പെട്ട സംഗതികളല്ല. മറിച്ച് തന്റെ ദൂതന്മാരിലൂടെ അല്ലാഹു നടത്തുന്ന അമാനുഷിക ദൃഷ്ടാന്തങ്ങളാണ് അവ. ആ ദൂതന്മാർ അല്ലാഹുവിന്റെ നിർദേശപ്രകാരം ഓരോന്ന് ചെയ്യുന്നുവെന്നല്ലാതെ അവരല്ല അത് സൃഷ്ടിക്കുന്നത്. സൂറതുൽ മാഇദയിൽ അല്ലാഹു അത് വ്യക്തമാക്കിയതാണ്:

“(ഈസായോട്) അല്ലാഹു പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു). മർയമിന്റെ മകനായ ഈസാ! തൊട്ടിലിൽ വെച്ചും മധ്യവയസ്കനായിരിക്കെയും നീ ജനങ്ങളോട് സംസാരിക്കവെ, പരിശുദ്ധാത്മാവ് മുഖേ

ന നിനക്ക് ഞാൻ പിൻബലം നൽകിയ സന്ദർഭത്തിലും, ഗ്രന്ഥവും ജ്ഞാനവും തൗറാത്തും ഇൻജീലും നിനക്ക് ഞാൻ പഠിപ്പിച്ചുതന്ന സന്ദർഭത്തിലും, എന്റെ അനുമതി പ്രകാരം കളിമണ്ണ് കൊണ്ട് നീ പക്ഷിയുടെ മാതൃകയിൽ രൂപപ്പെടുത്തുകയും, എന്നിട്ട് നീ അതിൽ ഊതുമ്പോൾ എന്റെ അനുമതി പ്രകാരം അത് പക്ഷിയായിത്തീരുകയും ചെയ്യുന്ന സന്ദർഭത്തിലും, എന്റെ അനുമതി പ്രകാരം ജൻമനാ കാഴ്ചയില്ലാത്തവനെയും പാണ്ഡുരോഗിയെയും നീ സുഖപ്പെടുത്തുന്ന സന്ദർഭത്തിലും, എന്റെ അനുമതി പ്രകാരം നീ മരണപ്പെട്ടവരെ പുറത്ത് കൊണ്ട് വരുന്ന സന്ദർഭത്തിലും, നീ ഇസ്‌റാഈൽ സന്തതികളുടെ അടുത്ത് വ്യക്തമായ തെളിവുകളുമായി ചെന്നിട്ട് അവരിലെ സത്യനിഷേധികൾ ഇത് പ്രത്യക്ഷമായ മാരണം മാത്രമാകുന്നു എന്ന് പറഞ്ഞ അവസരത്തിൽ നിന്നെ അപകടപ്പെടുത്തുന്നതിൽ നിന്ന് അവരെ ഞാൻ തടഞ്ഞ സന്ദർഭത്തിലും ഞാൻ നിനക്കും നിന്റെ മാതാവിനും ചെയ്ത് തന്ന അനുഗ്രഹം ഓർക്കുക"(5: 110).

ഇത്തരം അത്ഭുത ദൃഷ്ടാന്തങ്ങളൊക്കെ അല്ലാഹുവിന്റെ അനുമതിയോടുകൂടി മാത്രമാണ് നടക്കുന്നത്. അപ്പോൾ കാര്യം അങ്ങനെയാണെന്നിരിക്കെ സൃഷ്ടിപ്പ് ഏൽപിച്ചുകൊടുക്കുന്ന പ്രശ്നമേ അവിടെ ഉത്ഭവിക്കുന്നില്ല.

എന്നാൽ കൽപിക്കാനും വിരോധിക്കാനും വിധി പറയാനുമുള്ള (വിധികർതൃത്വത്തിനുള്ള) അല്ലാഹുവിന്റെ അധികാരം ഏൽപിച്ചുകൊടുക്കുക എന്നത് മതമോ ബുദ്ധിയോ അംഗീകരിക്കുന്നതല്ല. കാരണം വിധികർതൃത്വം (ഹാകിമിയ്യത്ത്) അല്ലാഹുവിന് മാത്രമുള്ളതാണ്. ആർക്കാണോ സൃഷ്ടിക്കാനുള്ള അധികാരമുള്ളത് അവൻ തന്നെയാണ് കൽപനാധികാരവുമുള്ളത്. സൂറത്തുൽ അഅ്‌റാഫിൽ അല്ലാഹു പറയുന്നു:

"...അറിയുക: സൃഷ്ടിപ്പും ശാസനാധികാരവും അവന്നുതന്നെയാണ്. ലോകരക്ഷിതാവായ അല്ലാഹു മഹത്വപൂർണനായിരിക്കുന്നു" (7:54).

പ്രവാചകൻﷺ അല്ലാഹുവിന്റെ നിയമങ്ങൾ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്ന ആൾ മാത്രമാണ്. പ്രവാചകൻ ജീവിച്ചിരിക്കുകയും വഹ്‌യ് (ദിവ്യ വെളിപാട്) നിലയ്ക്കാതിരിക്കുകയും അല്ലാഹുവിന്റെ ഇടപെടലുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുമ്പോൾ നബിﷺ തന്റെ ഇജ്തിഹാദിലൂടെ (ഗവേഷണം) പറയുന്ന വിധികൾ, യാതൊരു ഭേദഗതിയും വരുത്താതെ അല്ലാഹു അംഗീകരിക്കുകയും ചെയ്താൽ അത് അല്ലാഹുവിന്റെ തന്നെ വിധിയാണ്. അതിനാൽ റസൂലിന്റെ വിധി അല്ലാഹുവിന്റെ തന്നെ വിധിയായിട്ടാണ് വിശ്വാസികൾ കണക്കാക്കുന്നത്.

അപ്പോൾ വിധിവിലക്കുകളുടെ ചുമതല ഒരാളെ ഏൽപിക്കുക എന്നത്, അല്ലാഹുവിന്റെ ലക്ഷ്യങ്ങൾക്കും നിയമങ്ങൾക്കും എതിര് പ്രവർത്തിക്കാത്ത മഅ്സ്വൂമായ (പാപസുരക്ഷിതൻ) പ്രവാചകനല്ലാതെ മറ്റൊരാൾക്കും ഉണ്ടാകുന്നതല്ല. ഇജ്തിഹാദിൽ അദ്ദേഹത്തിന് പിഴവ് സംഭവിക്കാമെന്നതിനാൽ അല്ലാഹുവിന്റെ ഇടപെടലുകളും ഭേദഗതി വരുത്തലും തെറ്റുതിരുത്തലും ആക്ഷേപവുമൊക്കെ ചിലപ്പോൾ ഉണ്ടാകുന്നതാണ്. നബിﷺക്ക് ബദ്‌റിലെ ബന്ധികളുടെ വിഷയത്തിൽ ഉണ്ടായതുപോലെ. (ബദ്‌റിലെ ബന്ധികളെ സംബന്ധിച്ചും, മുനാഫിഖുകളെ യുദ്ധത്തിൽ നിന്ന് വിട്ടുനിൽക്കാൻ അനുവദിച്ചതിനെക്കുറിച്ചുമുള്ള പരാമർശങ്ങളും സൂറഃഅബസയുടെ അവതരണ പശ്ചാത്തലവുമായി ബന്ധപ്പെട്ട കാര്യങ്ങളും ഉദാഹരണം).

അങ്ങനെ വരുമ്പോൾ മനുഷ്യർക്ക് മൊത്തത്തിൽ ഇത്തരം ഒരു ഏൽപിച്ചുകൊടുക്കൽ ഉണ്ടാവുകയില്ല. കാരണം അവരുടെ കൂട്ടത്തിൽ അവിശ്വാസികളും തെമ്മാടികളും ദുർനടപ്പുകാരുമൊക്കെയുണ്ട്. അവരിലെ സജ്ജനങ്ങൾക്ക് തന്നെ തങ്ങളുടെ ഗവേഷണ നിരീക്ഷണങ്ങളിൽ വല്ല പിഴവും സംഭവിച്ചാൽ അവരെ തിരുത്തുകയും തദ്‌വിഷയകമായുള്ള അല്ലാഹുവിന്റെ ശരിയായ വിധിയെന്ത് എന്ന് വ്യക്തമാക്കുന്ന ഒരു വഹ്‌യും (ദിവ്യബോധം) ഇല്ല. പ്രവാചകത്വവും ദിവ്യബോധനവും മുഹമ്മദ് നബിﷺയുടെ മരണത്തോടെ നിലച്ചു.

മനുഷ്യരുടെ നന്മയും എളുപ്പവും പരിഗണിച്ചുകൊണ്ട് അവർക്ക് തന്നെ വ്യവസ്ഥകളും നടപടിക്രമകങ്ങളും നിശ്ചയിക്കാനായി അല്ലാഹു വിട്ടുകൊടുത്ത പരിമിതമായ മേഖലയിൽ അവർക്ക് ഗുണപരമായ നടപടി ക്രമങ്ങൾ സ്വീകരിക്കുവാൻ അല്ലാഹു അനുവാദം നൽകിയിട്ടുണ്ട്. അത് അനുവദിച്ചുകൊണ്ടുള്ള മതവിധി അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. അല്ലാതെ സ്വതന്ത്രമായി അവർക്ക് ഏൽപിച്ചുകൊടുത്തതല്ല. പൊതുവായ കാര്യങ്ങളാണെങ്കിൽ കൂടിയാലോചന നടത്തുവാൻ അവരോട് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. വിശ്വാസികളുടെ കൈകാര്യ കർത്താക്കളിലെ ഭൂരിഭാഗവും എടുക്കുന്ന തീരുമാനങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുക എന്നതാണ് അതിലെ മതപരമായ വിധി. അല്ലാഹുവിനെയോ റസൂലിനെയോ ധിക്കരിക്കാത്ത നിലയിൽ ഭരണാധികാരികൾ കൽപിക്കുന്നത് അനുസരിക്കണമെന്നത് അല്ലാഹുവിന്റെ വിധിയിലൂടെ നിർബന്ധമായതാണ്.

അല്ലാഹു നമുക്ക് അനുവദിച്ചുതന്ന കാര്യങ്ങളിൽ തന്നെ അല്ലാഹുവിന്റെ വിധി എന്ന നിലയിൽ ഒരു കാര്യത്തിലും തിടുക്കം കാട്ടാതെ ഏറ്റവും ശരിയും ഉചിതവുമായത് ഗവേഷണ നിരീക്ഷണങ്ങളിലൂടെ തെരഞ്ഞെടുക്കണമെന്ന് നബിﷺ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. കാരണം, അക്കാര്യത്തിൽ അല്ലാഹുവിന്റെ വിധി കണ്ടെത്തുന്നതിൽ നാം ശരിയായോ ഇല്ലേ എന്ന കാര്യം നമുക്കറിയില്ലല്ലോ.

ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്യുന്ന ബുറൈദ‍ؓവിന്റെ ഹദീഥിൽ പറയുന്നു: "നബിﷺ വല്ല സൈന്യത്തിനും യാത്രാസംഘത്തിനും നായകനെ നിശ്ചയിച്ചാൽ അല്ലാഹുവിനെ സൂക്ഷിക്കണമെന്നും (തക്വ്വ കൈക്കൊള്ളണമെന്നും) തന്നോടൊപ്പമുള്ള വിശ്വാസികളുടെ കാര്യത്തിലും നന്മകൊണ്ട് ഉപദേശിക്കുമായിരുന്നു."

താഴെ പറയുന്ന കാര്യം ഈ ഉപദേശങ്ങളിൽ വ

ന്നതാണ്:

"നീ ഒരു കോട്ട വളയുകയും അവരെ ബന്ധികളാക്കുകയും ചെയ്താൽ അവരിൽ അല്ലാഹുവിന്റെ വിധി നടപ്പാക്കാൻ അവർ ആവശ്യപ്പെടുകയും ചെയ്താൽ നീ ധൃതികൂട്ടി അവരിൽ വിധി നടപ്പാക്കരുത്. മറിച്ച് ആലോചിച്ച ശേഷം സാവകാശത്തിൽ നീ അവരിൽ നിന്റെ വിധി നടപ്പാക്കുക. കാരണം, അവരിൽ അല്ലാഹുവിന്റെ വിധിയിലേക്ക് ശരിയായ വിധത്തിൽ എത്തിച്ചേരാൻ നിനക്ക് സാധിച്ചോ, ഇല്ലേ എന്ന കാര്യം നിനക്കറിയില്ല."

ഇതിൽ നിന്ന് തന്നെ ബുദ്ധിയും വിവേകവുമുള്ള ഏതൊരാൾക്കും വ്യക്തമാകുന്ന സംഗതിയാണ്, വിധി കൽപിക്കാനുള്ള അധികാരം പാപസുരക്ഷിതനും വഹ്‌യിലൂടെ നിർദേശങ്ങൾ നൽകപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ഒരു പ്രവാചകനല്ലാതെ മറ്റൊരാൾക്കും നൽകപ്പെടുകയില്ല എന്നത്. അത്തരം വാദഗതികൾക്ക് മതപരമായി യാതൊരു ന്യായീകരണവും സ്വീകാര്യതയുമില്ല എന്ന് സാരം.

സൂറതുത്തൗബയിൽ (9:31) അല്ലാഹു പറഞ്ഞ, 'ജൂതന്മാരും ക്രിസ്ത്യാനികളും അവരുടെ പണ്ഡിതന്മാരെയും പുരോഹിതന്മാരെയും അല്ലാഹുവിന് പുറമെ റബ്ബുകളാക്കി' എന്നതിന്റെ അർഥം നബി ﷺ വ്യക്തമാക്കിയിട്ടുണ്ട്. അവർ പണ്ഡിത-പുരോഹതിന്മാരെ ആരാധിക്കുന്നില്ലല്ലോ എന്ന് അദിയ്യൂബ്നു ഹാതിമുത്ത്വാഇ(റ) നബി ﷺ യോട് പറഞ്ഞപ്പോൾ നബി ﷺ പറഞ്ഞു: 'അതെ, എന്നാൽ പണ്ഡിത-പുരോഹിതന്മാർ അവർക്ക് അനുവദനീയമായ കാര്യങ്ങൾ നിഷിദ്ധമാക്കാറുണ്ട്. നിഷിദ്ധമായവ അനുവദിച്ച് കൊടുക്കാറുമുണ്ട്. അങ്ങനെ അവരെ പിൻപറ്റി ഇവരത് ചെയ്യും. അതാണ് ഇവർ അവർക്ക് ചെയ്ത ആരാധന (ഇബാദത്ത്).'

ഇതാണ് വിധിവിലക്കുകളുടെ അധികാരത്തിന്റെ കാര്യം. തെറ്റ് പറ്റിയാൽ വഹ്‌യിലൂടെ തിരുത്തിക്കൊടുത്തുകൊണ്ട് അല്ലാഹു ഇടപെടുന്ന പാപസുരക്ഷിതനായ പ്രവാചകന് മാത്രമുള്ളതാണ് അത്. മനുഷ്യരിൽ മറ്റൊരാൾ അത്തരമൊരു അധികാരമോ പദവിയോ ഇല്ലായെന്ന് സാരം.

എന്നാൽ കർമങ്ങളിലും ക്രയവിക്രയങ്ങളിലുമുള്ള അധികാരം ഏൽപിക്കൽ എന്നത്, 'മനുഷ്യരിൽ നിന്നുണ്ടാകുന്ന ഏത് കർമവും ഇടപാടുകളും അനുവദനീയമാണ്, മതത്തിൽ അതിന് യാതൊരു വിരോധമില്ല എന്ന ആശയമാണുൾക്കൊള്ളുന്നത്' എന്ന വാദം യാഥാർഥ്യത്തിന് നിരക്കുന്നതല്ല. ബുദ്ധിയും ബോധവുമുള്ള ഒരാൾ അത് അംഗീകരിക്കുകയുമില്ല. എന്നിട്ടല്ലേ, അല്ലാഹുവിൽ വിശ്വാസമുള്ള ഒരു മുസ്‌ലിമിന് അത് അംഗീകരിക്കാൻ സാധിക്കുക! **(തുടരും)** ●


peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ചുവരെഴുത്ത്**
**ആരാണ് ഹുസൈൻ(റ)നെ വധിച്ചത്?**
**ഭാഗം: 2**
**അബ്ദുൽ ജബ്ബാർ മദീനി**
17.07.17 തിങ്കൾ, 8:20 PM
18.07.17 ചൊവ്വ 8:20 AM, 12:20 AM

**ആരോഗ്യ വിചാരം**
**ഓട്ടിസം; ആശങ്കകൾക്ക് വിരാമമിടാം**
**ഭാഗം: 3**
**ഡോ. സി.പി അബൂബക്കർ**
**(റിട്ട. സിവിൽ സർജൻ,**
**ഓട്ടിസം ക്ലബ്,**
**സംസ്ഥാന കോഡിനേറ്റർ)**
17.07.17 തിങ്കൾ 9:00 PM, 11:15 PM
18.07.17 ചൊവ്വ 10:30 AM

**ഇമദ്രസ**
**ജമാഅത്ത് നമസ്കാരത്തിൻറെ പ്രാധാന്യം**
**ഹസ്സൻ അൻസാരി**
18.07.17 ചൊവ്വ, 7:20 AM, 06:05 PM

**തിരുനബിയോടൊപ്പം**
**പ്രാർത്ഥിക്കുക, മലക്കിന്റെ പ്രാർത്ഥന നേടുക**
**ഷഫീഖ് സ്വലാഹി**
19.07.17 ബുധൻ, 6:35 PM, 10:40 PM

**സലഫി ദുറൂസ്**
**നുബുവ്വത്തിന്റെ തെളിവുകൾ, ഭാഗം: 63**
**അലി(റ)വിനെക്കുറിച്ച് നബി ﷺ പ്രവചനം**
**അബൂബക്കർ സലഫി**
20.07.17 വ്യാഴം 4:30, 9:30 PM, 21.07.17 വെള്ളി 09:30 AM

**സ്നേഹക്കൂട്**
**ദാമ്പത്യ തകർച്ച; ചില ന്യൂ ജനറേഷൻ കാരണങ്ങൾ**
**ഹാരിസ് ബിൻ സലീം, താജുദ്ധീൻ സ്വലാഹി**
21.07.17 വെള്ളി 08:20 AM
22.07.17 ശനി 12:20 PM, 08:20 PM

**ഇൻസൈറ്റ്**
**ഖുർആനിന്റെ സമ്പത്തിനോടുള്ള നിലപാട്**
**മുജാഹിദ് ബാലുശ്ശേരി**
22.07.17 ശനി 07:00 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

ചലനങ്ങൾ

# ആർട്സ് & സയൻസ് വിദ്യാർഥി സമ്മേളനം കോഴിക്കോട്ട്

## ജുനൈദ് വധം കേവലം മുസ്‌ലിം പ്രശ്നമാക്കരുത്

കോഴിക്കോട്: വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ഭാഗമായി മുജാഹിദ് സ്റ്റുഡൻസ് മൂവ്മെന്റ് സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ ആർട്സ് & സയൻസ് വിദ്യാർഥി സമ്മേളനം 2017 ആഗസ്റ്റ് 25,26 തീയതികളിൽ കോഴിക്കോട്ട് വെച്ച് നടക്കുമെന്ന് വിസ്ഡം സംസ്ഥാന വൈസ് ചെയർമാൻ സി.പി.സലീം പ്രഖ്യാപിച്ചു.

ജുനൈദ് വിഷയം ഇന്ത്യയുടെ മൊത്തം പ്രശ്നമാണെന്ന് പ്രഖ്യാപിച്ച സന്ദർഭത്തിൽ പ്രസ്തുത വിഷയം കേവലം ഒരു മുസ്‌ലിം പ്രശ്നമായി അവതരിപ്പിക്കുന്നതിനുള്ള ചിലരുടെ ശ്രമങ്ങൾ ന്യൂനപക്ഷങ്ങൾക്ക് പ്രതികൂലമായി മാത്രമെ പര്യവസാനിക്കുകയുള്ളൂവെന്ന് പ്രഖ്യാപന സമ്മേളനം അഭിപ്രായപ്പെട്ടു.

നവഹിന്ദുത്വ തീവ്രവാദികൾ ഗോമാംസം തർക്ക വിഷയമാക്കി രണ്ട് മതാനുയായികളെ തമ്മിലടിപ്പിച്ച് വർഗീയ ധ്രുവീകരണം ഉണ്ടാക്കുന്നതിനെതിരെ മതേതര നേതാക്കളും മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളും രംഗത്ത് വരുന്നത് മതനിരപേക്ഷതയെ ശക്തിപ്പെടുത്താൻ കാരണമാകുമെന്നതിനാൽ സ്വാഗതാർഹമാണെന്ന് സമ്മേളനം വിലയിരുത്തി.

കേരളത്തിൽ വർഷം തോറും ഫീസ് വർധിപ്പിക്കുന്നത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് സർക്കാർ വ്യക്തമാക്കണം. സ്വാശ്രയ സ്ഥാപനങ്ങളുടെ വരവ് ചെലവ് കണക്കുകൾ സർക്കാർ തലത്തിൽ ഓഡിറ്റ് ചെയ്യപ്പെടണം. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്ഥിരമായ മോണിറ്ററിംഗ് സംവിധാനം ഏർപെടുത്തണം. എം. എസ്. എം. സംസ്ഥാന പ്രസിഡന്റ് എ.പി.മുനവ്വർ സ്വലാഹി അധ്യക്ഷത വഹിച്ചു. എം. എസ്. എം. സംസ്ഥാന സമിതിയംഗങ്ങളായ നസീഫ്. പി.പി, ഇൻഷാദ് സ്വലാഹി, നിസാർ സ്വലാഹി മമ്പാട്, നൂറുദ്ദീൻ സ്വലാഹി, സി.എം.അബ്ദുൽ ഖാലിക്, സംസ്ഥാന ക്യാമ്പസ് വിങ്ങ് കൺവീനർ ഷമീൽ അരീക്കോട്, ഡോ.നജ്മുദ്ദീൻ, അബ്ഷർ അലി, ഷഹബാസ് തുടങ്ങിയവർ സംസാരിച്ചു.

## സി.ആർ.ഇ. തുടർ മതവിദ്യാഭ്യാസ പദ്ധതിക്ക് തുടക്കം

കോഴിക്കോട്: വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ഭാഗമായി എം.എസ്.എം. സംസ്ഥാന സമിതിയുടെ കീഴിൽ കോഴിക്കോട് സിറ്റി മേഖല സമിതി സംഘടിപ്പിക്കുന്ന സി.ആർ.ഇ. തുടർ മതവിദ്യാഭ്യാസ പദ്ധതിക്ക് തുടക്കം കുറിച്ചു. ഡിഗ്രി, ഹയർ സെക്കന്ററി, ഹൈസ്ക്കൂൾ തലത്തിലുള്ള വിദ്യാർഥി-വിദ്യാർഥിനികൾക്കാണ് പ്രവേശനം.

ഏകീകൃതവും സമയബന്ധിതവുമായ സിലബസ്സ് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള ആധ്യാപന രീതി, ക്യാമ്പസ് പാഠ്യപദ്ധതികളെയും പരീക്ഷാ ഷെഡ്യൂളുകളെയും പരിഗണിച്ച്കൊണ്ടുള്ള പഠനക്രമവും അധ്യാപന സമീപനവും, കർമശാസ്ത്ര വിഷയങ്ങളിലെ പ്രായോഗിക പരിശീലനങ്ങളും സെൽഫ് അസ്സെസ്സ്മെന്റ് ടെസ്റ്റുകളും നവീന മൂല്യനിർണയ രീതികളും, തജ്‌വീദോടുകൂടിയുള്ള ക്വുർആൻ പഠനം, അറബി ഭാഷാ പഠനം, കരിയർ - എകസാം ഗൈഡൻസ് ക്ളാസ്സുകൾ, പാഠ്യേതര പ്രവർത്തനങ്ങളിലൂടെ വൈജ്ഞാനിക വികാസവും സാമൂഹിക സമ്പർക്കവും, നൈസർഗിക കഴിവുകൾ പ്രബോധന രംഗത്ത് ഉപയോഗപ്പെടുത്തുവാൻ സഹായിക്കുന്ന സി.ആർ.ഇ ക്രോണിക്കലുകൾ, അനുഭവങ്ങളിലൂടെ ദിശാബോധം നൽകാനായി ഫീൽഡ് ട്രിപ്പുകൾ, പഠന യാത്രകൾ, വിദ്യാർഥി ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയവ ഈ പദ്ധതിയുടെ പ്രത്യേകതകളാണ്. എല്ലാ ഞാറായ്ചകളിലും രാവിലെ 7:30ന് പരപ്പിൽ എം.എം.ജൂബിലി സ്ക്കൂളിൽ വെച്ചാണ് ക്ളാസ്സ്. മൂന്ന് സെഷനുകളിലായി നടക്കുന്ന ക്ളാസ്സുകൾക്ക് സെഹൽ ആദം, ഹാദി നജീബ്, ഫഹീം അത്തോളി തുടങ്ങിയവർ നേതൃത്വം നൽകും.

**നേർപഥത്തിലേക്കുള്ള വാർത്തകൾ mail@nerpatham.com എന്ന ഇ.മെയിലിലോ 9207525244 എന്ന വാട്ട്സ്ആപ് നമ്പറിലോ നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.**

Nerpatham Weekly, EKP Building, Kallai Road Kozhikode
PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

### സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building,
Kallai Road Kozhikode, PIN 673002,
Phone: 0495 4019437
mail@nerpatham.com, www.nerpatham.com

പി.എൻ. അബ്ദുല്ലത്വീഫ് മദനി
pnmadani@gmail.com

നമുക്ക് ചുറ്റും

# സെൻകുമാറിന്റെ സെൻസില്ലാത്ത വെളിപാടുകൾ

ശക്തമായ മതേതരത്വത്തിനും സമാധാനപൂർണ മായ ബഹുസ്വരതക്കും വേരോട്ടമുള്ള ഒരു സംസ്ഥാ നത്ത് ദീർഘകാലം പോലീസ് അധികാരിയായി രം ഗത്തുണ്ടായിരുന്ന ഒരു വ്യക്തി ഒട്ടും സെൻസില്ലാ തെ സംസാരിച്ചതാണ് നാട്ടിലെ ഇപ്പോഴത്തെ ചർ ച്ചാ വിഷയം.

ഭാരതത്തിന്റെ സ്വാതന്ത്ര്യ സമരത്തോട് പോലും പുറംതിരിഞ്ഞു നിന്ന് സായിപ്പന്മാർക്കു വെഞ്ചാമ രം വീശിക്കൊടുത്ത ഒരു തീവ്ര വർഗീയ നിലപാടു ള്ള സംഘത്തേയാണ് ദേശീയബോധമുള്ളവരെന്ന് അദ്ദേഹം വിശേഷിപ്പിച്ചിരിക്കുന്നത്. ഭാരതത്തിലി ന്നോളം നടന്ന മിക്ക വർഗീയ കലാപങ്ങളിലും പ്ര ത്യക്ഷമായോ പരോക്ഷമായോ പങ്കു വഹിച്ച ആർ എസ്.എസ്സിനെ പുകഴ്ത്തിപ്പറയുന്നതിന്റെ പിന്നിലു ള്ള ചേതോവികാരം തിരിച്ചറിയാനുള്ള കഴിവൊക്കെ മലയാളികൾക്കുണ്ട്.

ലൗ ജിഹാദ് ചീറ്റിപ്പോയ വ്യാജ ആരോപണമാ ണെന്നും ജനസംഖ്യാ വളർച്ചയുടെ കാര്യത്തിലെ നിജസ്ഥിതി എന്താണെന്നും പോലിസിന്റെ തലപ്പ ത്തിരുന്ന് പെൻഷൻ പറ്റിയ വ്യക്തിക്ക് അറിയാതിരി ക്കാൻ വഴിയില്ലല്ലോ.

താങ്കൾ ദേശീയാവബോധത്തിന്റെ പൊന്നാട അ ണിയിച്ചു കൊടുക്കുന്ന ആർ.എസ്.എസ്സുകാരിൽ ഇ ന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ മരിച്ചുവീണ എത്ര പേരുണ്ട്?

എന്നാൽ താങ്കൾ പ്രത്യുൽപാദന ശേഷിക്ക് മാർ ക്കിട്ട സമുദായത്തിൽ നിന്ന് അനേകം സ്വാതന്ത്ര്യ സ മര സേനാനികളും രക്തസാക്ഷികളും ഉണ്ടായിട്ടുണ്ട്.

സമുദായത്തെ ബോധവൽകരിക്കാൻ 152 പേരെ ശട്ടം കെട്ടിയതിന്റെ പോരിശ അദ്ദേഹം വിളമ്പുന്നു ണ്ട്. ഇസ്‌ലാമിന്റെ മാനുഷിക മുഖം മാനവതയെ പരിചയപ്പെടുത്താനും മിതത്വനിലപാട് ഉയർത്തി പ്പിടിക്കാനും സമുദായത്തെ ബോധവൽക്കരിക്കാൻ പ്രാപ്തരായ നേതാക്കളും പണ്ഡിതന്മാരും ഉണ്ടാ യിരിക്കുകയും അവർ തങ്ങളുടെ ദൗത്യം നിർവഹി ച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്.

പിന്നെ എന്തിനാണ് സ്വന്തം വക ഒരു ഏർപ്പാടാ ക്കൽ? ഇതിനു പിന്നിൽ സദുദ്ദേശ്യമാണെങ്കിൽ അ വരുമായി ചർച്ച ചെയ്യുകയായിരുന്നില്ലേ വേണ്ടത്? അതിന്നു മുതിരാതെ ഒരു സമുദായത്തെ പ്രതിക്കൂ ട്ടിൽ നിർത്തി തിരശ്ശീലക്കു പിന്നിൽ കാവലേർപ്പെ ടുത്തുന്നത് സത്യത്തിൽ ഒറ്റുകൊടുക്കലല്ലേ?

ജനങ്ങളെ ജന്മനാ തന്നെ അധമരെന്നും ഉന്നത രെന്നും ജാതി തിരിച്ച് വേലികെട്ടിത്തിരിച്ച സവർ ണ വർഗീയതയെ മോണിട്ടർ ചെയ്യാൻ ആരെയാ ണു നിങ്ങൾ ഏർപ്പാടു ചെയ്തിട്ടുള്ളത്? വാ തുറ ന്നാൽ വർഗീയ വിഷം ചീറ്റുന്ന വെളിച്ചപ്പാടുകളെ നിരീക്ഷിച്ചു നേർവഴിക്ക് നടത്താൻ നിങ്ങൾ നിശ്ച യിച്ചവർ ആരൊക്കെയാണെന്ന് പറയാമോ?

സെൻകുമാർ ജീ! പോത്തിറച്ചിയുടെ പേരിൽ മ നുഷ്യജീവൻ കൊണ്ട് അമ്മാനമാടുന്ന രക്തദാഹി കളായ കലാപപ്പരിഷകളെ, ജനങ്ങൾ ആരാധന ന ടത്തുന്ന പള്ളികളും ചർച്ചുകളും തല്ലിത്തകർത്തു മുക്രയിടുന്ന വർഗീയ കോമരങ്ങളെ തള്ളിപ്പറയാൻ താങ്കൾക്കു ധൈര്യം കിട്ടാതെ പോകുന്നതെന്തു കൊണ്ടാണ്? പശുവിന്റെ പേരിൽ തല്ലിക്കൊന്നത ല്ല, തല്ലിക്കൊന്നു എന്ന് റമദാൻ പ്രഭാഷണത്തിൽ പ റഞ്ഞതാണ് പ്രശ്നം എന്ന് പറഞ്ഞതിന്റെ നിയമവശം ഒന്ന് വ്യക്തമാക്കാമോ?

ജിഹാദാണ് കുറ്റം പറയുവാൻ തുറുപ്പു ശീട്ടാക്കി യ മറ്റൊരായുധം. ഇസ്‌ലാമിൽ ജിഹാദ് ഒരു ധർമ സമരമാണ് സാർ. അത് പ്രവാചകനും അനുചരന്മാ രും നടത്തിയിട്ടുണ്ട്. യുദ്ധവേളയിൽ ആയോധന ത്തിൽ ഏർപ്പെടുന്ന ശത്രു പക്ഷത്തുള്ള പോരാളി കളുടെ വിരൽതുമ്പുകൾ അരിഞ്ഞെടുക്കാൻ നിർ ദേശിക്കുന്ന വചനങ്ങളെ കോട്ടിമാട്ടി ഇസ്‌ലാമിനെ മൊത്തമായി പ്രതിക്കൂട്ടിലാക്കാൻ കാലാകാലങ്ങളിൽ ശത്രുക്കൾ ജിഹാദിനെ ഉപയോഗിക്കാറുണ്ട്. ഇ സ്‌ലാമിലെ ജിഹാദ് കേവലം ആയുധപ്പോരാട്ടം മാ ത്രമല്ല. പേന കൊണ്ടും നാവുകൊണ്ടുമെല്ലാം നട ത്താവുന്ന ഒന്നാണത്. സ്വർഗം കിട്ടാൻ ഹിന്ദു സ ഹോദരങ്ങളെ വെട്ടിനുറുക്കേണ്ടതുണ്ടെന്ന് വിചാ രിക്കുന്ന ഒരു വ്യക്തി പോലും മുസ്‌ലിംകളിലില്ലെ ന്നതു പകൽ പോലെ സത്യമാണ്. പിന്നെ സെൻകു മാർ എവിടെ നിന്നാണ് ഈ കർമശാസ്ത്ര സൂത്രം പഠിച്ചുണ്ടാക്കിയത്?

അദ്ദേഹം തള്ളിവിടുന്ന മറ്റൊരു കൗതുക വാർത്ത പ്രസവക്കണക്കാണ്! ഈ നാട്ടിൽ മുസ്‌ലിംകളുടെ വർധനവ് കൊണ്ട് സർവനാശമുണ്ടാകുന്ന കണ്ടുപി ടുത്തം ആരെ തൃപ്തിപ്പെടുത്താനാണ് സർ? വട ക്കുനിന്നുദിക്കുമെന്ന് സെൻകുമാർ സ്വപ്നം കാണു ന്ന ഒരു ഭാഗ്യനക്ഷത്രത്തെ ക്ഷണിച്ചു വരുത്താൻ ആരോ ഉപദേശിച്ചു കൊടുത്ത മന്ത്രവാക്യമല്ലേ അത്?

നൂറ്റാണ്ടുകൾ ഇന്ത്യ ഭരിച്ച ഭരണ വർഗത്തിന്റെ അനന്തരവന്മാർ കൊത്തിവെച്ച ഭാരത ചരിത്രത്തി ലഖിലവും കാണാനാകുന്നത് പരസ്പര സ്നേഹ വും സൗഹാർദവുമാണ്. അവർ ഈ രാജ്യത്തെ സേവിച്ചതല്ലാതെ വേവിച്ചിട്ടില്ല.

# അവതരിപ്പിക്കുന്നു, കൂടുതൽ പുതുമകളോടെ...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 2ാം വർഷത്തിലേക്ക്



ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio
Tune to reality

Scan QR Code

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 15 July 2017

Reg NO: KL/CT/225/2016-18
Price: ₹10/-

WISDOM
GLOBAL ISLAMIC MISSION

# ALCHEMY

## Arts and Science Students CONFERENCE

## KOZHIKODE

2017 AUGUST **25, 26**

EMPOWER
campus chapter

MSM KERALA, EKP Complex, Kallai Road, Calicut 02
Contact: +91 81568 12292, 99959 81556
www.msmkerala.co.in